

# സത്യദൂതൻ

2013 ജൂലൈ | ലക്കം 7

വില ₹ 20



## റമദാൻ നൽകുന്ന പാഠം

## ഇസ്‌ലാമും സെക്കുലർ ഡെമോക്രസിയും



Masjid Umar, Ernakulam, Kerala


Baitul Hameed, California



The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ

2013 ജൂലൈ
ഹി.ശ.1392 – വഫാ
1434 – ശഅ്ബാൻ – റമസാൻ
പുസ്തകം 85 ലക്കം 7
വില 20 രൂപ

**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്വ്ബ
**റമദാൻ നൽകുന്ന പാഠം**
ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..)


**14**
**മതാന്തരീയ സൗഹാർദവും മുഹമ്മദ് നബി(സ)യെ പറ്റിയുള്ള അവകാശവാദവും**

മിർസാ താഹിർ അഹ്മദ് (റഹ്)
ഖലീഫത്തുൽ മസീഹ് നാലാമൻ

മത സൗഹാർദത്തിന് ഭംഗം വരുത്താതെയും മത വികാരത്തെ വ്രണപ്പെടുത്താതെയും വളരെ യുക്തി ദീക്ഷയോടെ നീതിപൂർവമാണ് മുഹമ്മദ് നബി (സ) പരമ ശ്രേഷ്ഠനാണെന്ന അവകാശ വാദം ഇസ്‌ലാം ഉന്നയിക്കുന്നത്. (അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന 'ഇസ്‌ലാമും സമ കാലീനപ്രശ്നങ്ങളും' എന്ന പുസ്തകത്തിൽ നിന്ന്)

**19**
**ഇസ്‌ലാമും സെക്കുലർ ഡെമോക്രസിയും**
എ. എം. മുഹമ്മദ് സലീം

**26**
**മദ്യപാനം മോക്ഷപ്രാപ്തിക്കു പ്രതിബന്ധം**
അസിം അഹ്മദ്, കളിയക്കാവിള



**29**
**പാശ്ചാത്യ സമൂഹവുമായി മുസ്‌ലിംകൾക്ക് ഉദ്ഗ്രഥനം സാദ്ധ്യമാണോ?**
ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് (അയ്യദഹു..)

ജർമനിയിലെ ഹംബർഗിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർമിച്ച ബൈത്തുർ റശീദ് മോസ്ക്കിൽ വെച്ച് ഹംബർഗ് ഡപ്യൂട്ടി മേയർ ശ്രീമതി ക്രിസ്റ്റ് ഗോയസ്റ്റ്, പോലീസ് മേധാവികൾ, ജർമനിയിലെ വിവിധ രാഷ്ട്രീയ പാർട്ടികളിലെ സമുന്നത നേതാക്കന്മാർ, നാഷണൽ അസംബ്ലി മെംബർമാർ, സർവകലാശാലാ മേധാവികൾ മുതലായ നിരവധി വിശിഷ്ട വ്യക്തികൾക്ക് നൽകിയ സൗഹൃദ വിരുന്നിൽ ഖലീഫത്തുൽ മസീഹ് (അയ്യദഹു) ചെയ്ത പ്രസംഗം.

**35**
കവിത
**ശൈത്വാൻ**
പി.കെ. മുഹമ്മദ് ബശീർ, ഐരാപുരം

**36**
**ഇന്തോനേഷ്യയിലെ പാകിസ്താൻ വത്ക്കരണം**
പല്ലവി അയ്യർ

പൊതുവേ മത സഹിഷ്ണുതയിൽ കഴിഞ്ഞിരുന്ന ഇന്തോനേഷ്യയിൽ പാകിസ്താൻ മാതൃകയിലുള്ള തീവ്രവാദവും അസഹിഷ്ണുതയും വ്യാപകമായി ക്കൊണ്ടിരിക്കുകയാണ്. 2013 ജൂൺ 15 ന് 'ദ ഹിന്ദു' ദിനപത്രത്തിൽ വന്ന ലേഖനത്തിന്റെ വിവർത്തനം

**39**
**ഉത്തരഖണ്ഡിലെ പ്രളയ ദുരന്തം**
മുസാഫിർ

**42**
**വാർത്തകൾ**

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി – 682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചവരെ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നോമ്പ് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. **(വി. ഖുർആൻ 2:184)**



## നബിവചനം

ഹദ്റത്ത് ആയിശ(റ)ൽ നിന്ന് നിവേദനം ചെയ്യുന്നു നബി (സ) റമദാനിലെ അവസാനത്തെ പത്തിൽ ഇഅ്ത്തിക്കാഫ് ഇരിക്കുമായിരുന്നു. നബി (സ) മരണം വരെയും ഈ ശീലം തുടർന്നു. ആ മഹാത്മാവിന്റെ വഫാത്തിനു ശേഷം പരിശുദ്ധ പത്നിമാരും ഈ ദിനത്തിൽ ഇഅ്ത്തിക്കാഫ് ഇരിക്കാറുണ്ടായിരുന്നു **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



ഈ മാസം ഹൃദയപ്രകാശത്തിനുള്ള ഉത്തമമായ മസമാണെന്നും അതിൽ അധികമായി ആത്മീയ ദർശനങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നും സൂഫി വര്യന്മാർ എഴുതുന്നു. നമസ്കാരം ആത്മാവിന് സംസ്കരണവും വ്രതം ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു. ആത്മ സംസ്കരണം എന്നാൽ ദോഷപ്രവണമായ ആത്മാവിന്റെ ദേഹേഛകളിൽ നിന്നും ദുരപ്പെടുക എന്നും, ഹൃദയ പ്രകാശം എന്നാൽ ആത്മദർശനത്തിനുള്ള കവാടം തുറന്നു ദൈവദർശനം ലഭ്യമാകുക എന്നുമാണ് **(മൽഫുസാത്ത്)**

എഡിറ്റോറിയൽ

# വിശുദ്ധ റമദാൻ

**മ**നുഷ്യൻ ആത്മ വിശുദ്ധിയും പുരോഗതിയും പ്രാപിക്കുന്നതിന് വേണ്ടി ദൈവം പുരാതനകാലം മുതൽക്കേ ഏർപ്പെടുത്തിയ ഒരു കർമ പരിപാടിയാണ് വ്രതാനുഷ്ഠാനം . ആഹാരവും അനുഷ്ഠാനങ്ങളും ചിട്ടപ്പെടുത്തികൊണ്ട് വ്രതമനുഷ്ഠിക്കുന്ന സമ്പ്രദായം എല്ലാ മതങ്ങളിലും ഏതെങ്കിലും രീതിയിൽ കാണാം. വ്രതാനുഷ്ഠാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിൽ പാലിക്കേണ്ട നിബന്ധനകളെക്കുറിച്ചും പാപപ്പൊറുതിക്കായി മനുഷ്യൻ പ്രാർഥനകളിൽ മുഴുകേണ്ടതിന്റെ ആവശ്യകതയെ ക്കുറിച്ചും അല്ലാഹു ഖുർആനിൽ പറയുന്നു:

**'വിശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കാൻ വേണ്ടി.(വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ അവൻ എണ്ണം പൂർത്തിയാക്കികൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവൻ ഒരു അഗതിയുടെ ആഹാരം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അത് അയാൾക്ക് ഗുണകരമായി തീരും. നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രേ. സമസ്ത മനുഷ്യർക്കും സന്മാർഗദായകവും സത്യാസത്യ വിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിക്കപ്പെട്ട മാസമാണ് റമദാൻ. അത്കൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തീകരിക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തിയാക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു. എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക് ഞാൻ ഉത്തരം നൽകും, അവൻ എന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ. അതുകൊണ്ട് അവൻ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ; അവർ സന്മാർഗം പ്രാപിക്കുന്നതിന് വേണ്ടി.' (2: 184– 187)**

**'റസൂൽ തിരുമേനി(സ) അരുളി: കുറ്റങ്ങളിൽ നിന്ന് സുരക്ഷിതനാകാനുള്ള ഒരു പരിചയാണ് നോമ്പ്. നോമ്പുകാരൻ തെറ്റായ പ്രവൃത്തികൾ ചെയ്യാതിരിക്കുകയും സംസ്കാരമില്ലാത്ത വാക്കുകൾ പറയാതിരിക്കുകയും ചെയ്യട്ടെ. വല്ലവനും നോമ്പുകാര നോട് ശണ്ഠകൂടുകയോ അവനെ ശകാരിക്കുകയോ ചെയ്തെങ്കിൽ ഞാൻ നോമ്പുകാരനാണെന്ന് അവൻ രണ്ടു തവണ പറയട്ടെ '(ബുഖാരി)**

വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) നോമ്പിനെക്കുറിച്ച് പറയുന്നു: **'നമസ്ക്കാരം മനുഷ്യന്റെ ഹൃദയത്തെ ദോഷ ബാധയിൽ നിന്ന് ശുദ്ധീകരിക്കുമ്പോൾ നോമ്പ് മനുഷ്യാത്മാവിനെ പ്രഭാപൂരിതമാക്കുന്നു. ഹൃദയത്തിന്റെ ശുദ്ധീകരണം എന്നാൽ അനിയന്ത്രിതമായ അധമ പ്രവണതകളുടെ ബന്ധങ്ങളിൽ നിന്നുമുള്ള വിമുക്തിയത്രെ. ആത്മാവിന്റെ പ്രകാശവത്ക്കരണം നിമിത്തം ഒരു സത്യവിശ്വാസി ആത്മീയ ദർശനങ്ങളാൽ അനുഗൃഹീതനായി തീരുന്നു'(മൽഫൂസാത്ത്)** വിശുദ്ധ റമദാനിൽ നോമ്പനുഷ്ഠിക്കാനും ആ സ്വർഗീയാനുഗ്രഹത്തിന് പാത്രമാവാനും അല്ലാഹു നമ്മെ തുണക്കുമാറാകട്ടെ (ആമീൻ )



ഹദ്റത്ത് അഹ്മദ് (അ)

# ദൈവിക ബോധനം

**ഇ**വിടെ 'ഇൽഹാം'(ദൈവ ബോധനം) എന്നത് കൊണ്ട് വിവക്ഷിക്കപ്പെടുന്നതെന്താണെന്ന് വിശദീകരിക്കേണ്ടതായിട്ടുണ്ട്. ഇൽഹാം എന്നാൽ ചിന്തിച്ചു കൊണ്ടിരിക്കുന്ന ഒരുവന്റെ ഹൃദയത്തിൽ നവ്യമായ ഒരു ആശയം ഉദിച്ചു വരിക എന്നതല്ല. ഒരു കവി കവന നിർമാണത്തിനുദ്യുക്തനായി ചിന്തനം ചെയ്തു കൊണ്ടിരിക്കുമ്പോൾ, നവമായ ഒരു ആശയമോ പദ്യമോ വൃത്തമോ ഹൃദയത്തിലുദിച്ചു വരുന്നതിന് ദൈവഭാഷണമെന്നോ ദൈവബോധനമെന്നോ പറയാവുന്നതല്ല. ഈ ആശയോദയം ദൈവിക പ്രകൃതി നിയമമനുസരിച്ച് മനുഷ്യന്റെ ആലോചനാ ഫലമായുണ്ടാകുന്നതത്രെ. ഒരുവൻ സദ്വിഷയത്തിലോ ദുർവിഷയത്തിലോ മനസ്സിരുത്തി ചിന്തിച്ചു കൊണ്ടിരിക്കുന്നതായാൽ അവന്റെ ആലോചനക്കനുസൃതമായ ആശയം മനസ്സിലുണ്ടായി വരുന്നതാണ്. ദൃഷ്ടാന്തമായി സത്യസന്ധനും സദ്വൃത്തനുമായ ഒരാൾ സത്യത്തേയും ധർമത്തേയും സഹായിക്കുന്നതിനും ദുർവൃത്തനായ മറ്റൊരുവൻ അധർമത്തെ അനുകൂലിക്കുന്നതിനും സജ്ജനത്തെ നിന്ദിക്കുന്നതിനുംവേണ്ടി കവിത രചിക്കാനുദ്യമിക്കുന്ന പക്ഷം രണ്ടുപേരും അവനവന്റെ വാഗ്വിലാസം പോലെ ഓരോ കാവ്യം ചമക്കുന്നതായിരിക്കും. അസത്യത്തെ അനുകൂലിക്കുകയും സഹായിക്കുകയും സജ്ജനത്തെ നിന്ദിക്കുകയും ചെയ്യുന്നതിന് തുനിയുന്ന കവി കവനസൃഷ്ടിയിൽ അഭ്യാസപാഠവമുള്ളവനായ കാരണത്താൽ അവന്റെ കവിത മറ്റയാളുടെതിനേക്കാൾ മെച്ചമേറിയതായി തീരുന്നുവെങ്കിൽ അതിൽ ആശ്ചര്യപ്പെടാനില്ല. ഇപ്രകാരം നവ്യമായ ആശയം ഉള്ളിൽ ഉദിച്ചു വരുന്നതിന് ഇൽഹാം എന്ന് പറയാമെങ്കിൽ സത്യത്തിനെതിരായി അനവരതം തൂലിക ചലിപ്പിക്കുകയും കറ്റുകെട്ടും ഭോഷ്ക്കും തൊഴിലാക്കി തീർക്കുകയും ചെയ്യുന്ന സത്യത്തിന്റേയും സജ്ജനത്തിന്റേയും ശത്രുവായ ഒരു ദുഷ്ട കവിയെ മുൽഹം അഥവാ ദൈവപ്രബുദ്ധൻ എന്നു പറയേണ്ടതായി വരും. ആഖ്യായികാദി കാവ്യ ഗ്രന്ഥങ്ങളിൽ ചമത്ക്കാര പൂർണവും ഹൃദയാവർജകവുമായ വർണനകൾ നാം കാണുന്നുണ്ടല്ലോ ഇങ്ങനെ വിഷയങ്ങൾ മിഥ്യകളാണെങ്കിലും തദ്വിഷയകമായി ചിന്തിച്ചു കൊണ്ടിരിക്കുന്ന ഹൃദയങ്ങളിൽ നവ്യമായ ആശയ തരംഗങ്ങൾ അടിച്ചു കയറുന്നതായി കാണാം. ഈ ദൃശമായ ആശയോദയത്തിന് 'ഇൽഹാം' (ദൈവ ബോധനം) എന്ന് പറയാവുന്നതാണോ? ഇൽഹാം എന്നാൽ നവമായ ആശയം ഹൃദയത്തിൽ ഉണ്ടായിവരുന്നതിന്റെ പേരാണെങ്കിൽ ഒരു തസ്ക്കരനേയും 'മുൽഹം' (ദൈവപ്രബുദ്ധൻ) എന്ന് പറഞ്ഞു കൊള്ളണമല്ലോ. എന്തെന്നാൽ ചിന്തിച്ചു കൊണ്ടിരിക്കുന്നതിന്റെ ഫലമായി അവനു ഭവന ഭേദനം ചെയ്യാനുള്ള നല്ല സൂത്രങ്ങളും കൊള്ളയും കൊലയും നടത്താനുള്ള ഒന്നാന്തരം ഉപായങ്ങളും തോന്നിത്തുടങ്ങുന്നു. ഇങ്ങനെയുള്ള അശുദ്ധവും അധാർമികവുമായ വിചാരാവേശത്തിന്ന് 'ഇൽഹാം'

എന്ന് ഒരിക്കലും പേർ പറയാവതല്ല. സ്വവചനം മുഖേന ഹൃദയങ്ങൾക്ക് ശാന്തി പ്രദാനം ചെയ്യുകയും അപരിചിതർക്ക് ആത്മീയ ജ്ഞാനം പകർന്ന് കൊടുക്കുകയും ചെയ്യുന്നവരും അതേ അവസരത്തിൽ സത്യദൈവത്തെ അറിയാത്തവരുമാണ് ദൈവബോധത്തെക്കുറിച്ചുള്ള ഈ തെറ്റുധാരണക്ക് വശഗതരായിരിക്കുന്നത്. എന്നാൽപിന്നെ ഇൽഹാം എന്നു വച്ചാൽ എന്താണ്? അത് സജീവനും സർവോത്തമശക്തിവാനുമായ ദൈവം തന്റെ ഭക്തദാസനോടോ താൻ തിരഞ്ഞെടുക്കുവാൻ ഇച്ഛിക്കുന്ന സത്യഭക്തനോടോ തന്റെ സചേതനവും സപ്രഭാവവുമായ വചനാമൃതം മുഖാന്തരം സംസാരിക്കുകയെന്നതാകുന്നു. ഈ ദിവ്യഭാഷണം തൃപ്തികരമായും ക്രമാനുഗതമായും തുടർന്ന് പോകുകയും ഹീനാശയ മിശ്രമോ അപൂർണമോ അവ്യക്തമോ ആയിരിക്കാതെ പ്രസാദ മധുരവും ചമത്ക്കാര പൂർണവും ജ്ഞാന ഗർഭവും ആശയപുഷ്ടവും സജീവവുമായി രിക്കുകയും ചെയ്യുന്നുവെങ്കിൽ, അതാണ് ദൈവം തന്റെ ഭക്തദാസനെ സമാശ്വസിപ്പിക്കുകയും തന്റെ ദിവ്യസ്വരൂപം അവന് വെളി പ്പെടുത്തിക്കൊടു

ശേഷം പേജ് 25 ൽ

# റമദാൻ നൽകുന്ന പാഠം



**(10 – 08 – 2012 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅഖുത്വ്ബയുടെ സംഗ്രഹം)**

"എന്റെ ദാസർ എന്നെക്കുറിച്ച് നിന്നോട് ചോദിക്കുമ്പോൾ, തീർച്ചയായും ഞാൻ അടുത്തു തന്നെയാണ്. ദുആ ചെയ്യുന്നവർ എന്നെ വിളിക്കുമ്പോൾ അവരുടെ ദുആയ്ക്ക് ഞാൻ മറുപടി നൽകുന്നു. അതിനാൽ അവരും എന്റെ വാക്കുകൾക്ക് ഉത്തരം നൽകേണ്ടതാണ്. എന്നിൽ വിശ്വസിക്കുകയും ചെയ്യേണ്ടതാണ്. അവർക്ക് നേർമാർഗം ലഭിക്കുന്നതിനു വേണ്ടി." (വിശുദ്ധ ഖുർആൻ. 2:187)

അനുഗൃഹീത റമദാൻ മാസം വന്നു...... റമദാനിൽ നിന്നും കൂടുതൽ കൂടുതൽ പ്രയോജനമെടുക്കാൻ എങ്ങനെ കഴിയുമെന്ന ചിന്ത എപ്പോഴും ഒരു വിശ്വാസിക്ക് ഉണ്ടായിരിക്കേണ്ടതാണ്. ഒരു അഹ്മദിക്ക് ഇങ്ങനെയുള്ള ചിന്ത ഇല്ലെങ്കിൽ വാഗ്ദത്ത മഹ്ദീ മസീഹിനെ സ്വീകരിച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം തന്നെ നഷ്ടപ്പെട്ടുപോകുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മിൽ ഒരു വിപ്ലവം ഉണ്ടാക്കുന്നതിനായിട്ടാണ് ആഗതരായിരിക്കുന്നത്. സൃഷ്ടിയെ സ്രഷ്ടാവുമായി ബന്ധപ്പെടുത്തുന്ന വിപ്ലവമാണ് വരുത്താൻ ആഗ്രഹിച്ചത്. അത് നമ്മുടെ ചിന്താധാരയെ ദൈവവുമായി ബന്ധം ഉണ്ടാക്കുന്നതിലേക്ക് തിരിച്ചുവിടുന്നതായിരിക്കണം. നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്തിക്കൊണ്ട് അതിന്റെ നിലവാരം ഉയർത്തുന്നതിലേക്ക് നമ്മുടെ ശ്രദ്ധക്ഷണിക്കുന്നതായിരിക്കണം. നമ്മുടെ ആത്മീയ നിലവാരം ഉയർത്തുന്നതോടൊപ്പം സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിലേക്കും നമ്മുടെ അവസ്ഥയിൽ പവിത്രമായ മാറ്റം വരുത്തുന്നതിന് ഒരാത്മപരിശോധന നടത്തുന്നതിലേക്കും ശ്രദ്ധ തിരിക്കുന്നതായിരിക്കണം. മുകളിൽ പറഞ്ഞ കാര്യങ്ങൾ കരസ്ഥമാക്കുന്നതിനായി നാം ഏതെല്ലാം മാർഗങ്ങളാണ് സ്വീകരിക്കേണ്ടത് എന്നതിലേക്കും നമ്മേ ചിന്തിപ്പിക്കുന്നതാകേണ്ടതാണ്. ഈ കാര്യങ്ങളെല്ലാം നമ്മിൽ സംജാതമാക്കുമ്പോഴാണ് ഈ കാലഘട്ടത്തിലെ ഇമാമിനെ സ്വീകരിച്ചിരിക്കുന്ന കാര്യത്തിലേക്ക് ശ്രദ്ധിക്കുന്നവരായി നാം മാറുകയുള്ളൂ. ഇടക്കിടയ്ക്ക് വിവിധ

മാർഗങ്ങളിലൂടെ അല്ലാഹു വിവരിച്ച നന്മകൾ കരസ്ഥമാക്കുന്നതിലേക്ക് നമ്മെ ഉണർത്തിക്കൊണ്ടിരിക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു എന്നത് അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്. ഈ അവസരങ്ങളിൽ അതീവ പ്രാധാന്യവും ശ്രേഷ്ഠവുമായ ഒരവസരമാണ് അനുഗൃഹീത റമദാൻ.

അനുഗൃഹീത റമദാനിൽ ഒരു മാറ്റം വരുത്തണം എന്ന ചിന്ത നമ്മിൽ ഉണ്ടാകുന്നതും അതിനായി പരിശ്രമിക്കുന്നതും തീർച്ചയായും നമ്മുടെ സൗഭാഗ്യം തന്നെയാണ്. നമ്മുടെ പരിശ്രമങ്ങൾ വിജയിക്കുന്നത് അത് കരസ്ഥമാക്കാനായി അല്ലാഹു പറഞ്ഞുതന്ന മാർഗങ്ങൾ നമ്മൾ സ്വീകരിക്കുമ്പോഴാണ്. നമ്മുടെ ഇഷ്ടപ്രകാരം, സ്വയം നിർമിത മാർഗങ്ങളിലൂടെ റമദാനിൽ നിന്ന് ഫലമെടുക്കാൻ സാധ്യമല്ല. നോമ്പെടുത്തതുകൊണ്ട് മാത്രമോ ബാഹ്യമായ നമസ്കാരം അനുഷ്ഠിച്ചതുകൊണ്ട് മാത്രമോ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാകുന്നതല്ല. ഈ ബാഹ്യമായ കർമങ്ങളും നിർബന്ധം തന്നെയാണ്. ഈ കർമങ്ങൾ തീർച്ചയായും വേണം. അത്താഴം കഴിക്കലും നോമ്പ് തുറക്കലും എല്ലാം നിർബന്ധം തന്നെ. ഇതില്ലാതെ അല്ലാഹുവിലേക്ക് എത്തിച്ചേരാൻ സാധ്യമല്ല. കാരണം ഇങ്ങനെയെല്ലാം ചെയ്യണമെന്ന് അല്ലാഹു തന്നെയാണ് കൽപ്പിച്ചിരിക്കുന്നത്. ഈ ബാഹ്യമായ പ്രവർത്തനങ്ങൾ നിർബന്ധ കടമകളിൽ പെട്ടതുതന്നെയാണ്. ഇത് നിർവഹിക്കാത്തവർ അല്ലാഹുവിന്റെ കൽപ്പനകളെ നിഷേധിക്കുന്നവരാണ്. ദിക്റിന്റെ സദസ്സുകൾ സംഘടിപ്പിച്ചുകൊണ്ട്, ചില ദിക്റുകൾ മാത്രം ചൊല്ലിക്കൊണ്ട് അല്ലാഹുവിനെ പ്രാപിക്കാൻ സാധിക്കുമെന്ന് പറയുന്നവർ തികച്ചും കളവാണ് പറയുന്നത്. സ്രഷ്ടാവിനോടുള്ള ആരാധനകൾ ഇതു മുഖേന പൂർത്തിയാവുന്നു എന്നും ആരാധനയുടെ ലക്ഷ്യം പൂർത്തിയാകുന്നു എന്നും അവർ പറയുന്നു. ഇത് ശരിയല്ല. ഇത് ലഭിക്കണമെങ്കിൽ തിരുനബി(സ) തന്റെ പരിശുദ്ധ ചര്യയിലൂടെ കാണിച്ചുതന്നതും തന്റെ ഉമ്മത്തിനെ ഉപദേശിച്ചിട്ടുള്ളതുമായ എല്ലാ കർമങ്ങളും നിർബന്ധമായും അനുഷ്ഠിക്കേണ്ടതാണ്. എന്നാൽ ഈ ബാഹ്യമായ കർമങ്ങളോടൊപ്പം തങ്ങളുടെ ഹൃദയത്തിൽ പവിത്രമായ മാറ്റം വരുത്തിക്കൊണ്ട് അതിന്റെ ഉന്നതനിലവാരം സ്ഥാപിക്കുക കൂടി വേണം. ഇത് ചെയ്യണമെന്നും വ്യക്തമായ കൽപ്പനയുള്ളതാണ്. അതുകൊണ്ട് ഇത് കരസ്ഥമാക്കാനും നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇതു കരസ്ഥമാക്കാൻ നമ്മിൽ ഒരു ആവേശം ഉണ്ടാക്കേണ്ടതാണ്.

ഞാൻ ഓതിയ ആയത്തിൽ അല്ലാഹു അവന്റെ സ്നേഹം കരസ്ഥമാക്കാനുള്ള മാർഗമാണ് വിവരിച്ചു തന്നിരിക്കുന്നത്. ഒരു മനുഷ്യൻ യഥാർഥ വിശ്വാസിയായിത്തീരുന്ന ആ സ്ഥാനത്തേക്ക് ഇത് വഴികാട്ടുന്നു. അങ്ങനെ അവൻ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവനും റമദാനിന്റെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവനുമായി മാറുന്നു. ഈ ആയത്തിനെക്കുറിച്ച് നാം കൂലങ്കശമായി ചിന്തിക്കുമ്പോൾ അല്ലാഹുവിന് തന്റെ ദാസരോടുള്ള സ്നേഹം നിർഗളിക്കുന്നതായി കാണാവുന്നതാണ്. അതോടൊപ്പം അല്ലാഹു പറഞ്ഞു എന്ന് പറഞ്ഞുകൊണ്ട് തിരുനബി(സ) പറഞ്ഞ ഹദീസിന്റെ പൊരുളും മനസ്സിലാകുന്നു. അല്ലാഹു പറയുകയുണ്ടായി: "ആരാണോ ഒരു ചാൺ എന്നോടടുക്കുന്നത് അവനിലേക്ക് ഒരു മുഴം ഞാൻ അടുക്കുന്നതാണ്. ഒരു കൈദൂരം എന്നോടടുക്കുന്നവനിലേക്ക് രണ്ട് കൈദൂരം ഞാൻ അടുക്കുന്നതാണ്. എന്നിലേക്ക് നടന്നുവരുന്നവനിലേക്ക് ഞാൻ ഓടി അടുക്കുന്നതാണ്." അവനോടുള്ള ദാസത്വത്തിന്റെ കടമ നിറവേറ്റാൻ ശ്രമിക്കുകയും അല്ലാഹുവിന്റെ ദാസരിൽ ഉൾപ്പെടാൻ ശ്രമിക്കുകയും ചെയ്യുന്ന ദാസരോട് അല്ലാഹു ഈ രീതിയിലാണ് തന്റെ സ്നേഹം പ്രകടിപ്പിക്കുന്നത്.

ഈ ആയത്തിൽ പറയപ്പെട്ട ഇബാദീ (എന്റെ ദാസർ) എന്ന് പറഞ്ഞതിൽ നിന്നും അല്ലാഹുവിന്റെ സ്നേഹമാണ് പ്രകടമാകുന്നത്. എല്ലാ മനുഷ്യരുടെയും പ്രാർഥനക്ക് ഞാൻ അടുത്താണെന്ന് ഇവിടെ അല്ലാഹു ഉത്തരം നൽകുന്നില്ല. അല്ലാഹുവിലേക്ക് നടന്നടുക്കുന്നതിരിക്കട്ടെ ഒരു ചാൺ പോലും അടുക്കാൻ ആഗ്രഹിക്കാത്തവർ അവന്റെ ദാസരിൽ, (ഇബാദീ) എന്നു പറഞ്ഞതിൽ ഉൾപ്പെടില്ല. ഇവിടെ അല്ലാഹു എല്ലാ മനുഷ്യരേയും സംബോധന ചെയ്തു കൊണ്ടല്ല, അതല്ലെങ്കിൽ ബശർ എന്ന് പറഞ്ഞുകൊണ്ടല്ല പറയുന്നത്, മറിച്ച് യഥാർഥ ദാസനായിത്തീരാൻ പരിശ്രമിക്കുന്ന ദാസനോടാണ് അല്ലാഹു പറയുന്നത്.

എങ്ങനെയാണ് യഥാർഥ ദാസനായിത്തീരുക? ഇതിനായി നമുക്ക് നമ്മുടെ ജീവിത ലക്ഷ്യം കരസ്ഥമാക്കാനായി അല്ലാഹു ചെയ്യാൻ പറഞ്ഞ കാര്യങ്ങളിലേക്ക് ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അല്ലാഹു പറയുന്നു: തങ്ങളുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം മനസ്സിലാക്കുന്നവരാണ് എന്റെ ദാസർ, അവർ ജീവിത ലക്ഷ്യം എന്താണെന്ന് മനസ്സിലാക്കുക മാത്രമല്ല ചെയ്യുന്നത്, അത് കരസ്ഥമാക്കാനായി രാപ്പകൽ പരിശ്രമിക്കുകയും ചെയ്യുന്നു. അല്ലാഹു പറഞ്ഞ *ഞാൻ ജിന്നിനേയും മനുഷ്യനേയും സൃഷ്ടിച്ചിരിക്കുന്നത് എന്നെ ആരാധിക്കാനായിട്ടാണ്* എന്നതിലേക്ക് ശ്രദ്ധിക്കുന്നവരാണ് എന്റെ ദാസർ. അതുകൊണ്ട് അല്ലാഹുവിന്റെ ദാസരായിത്തീരാനുള്ള യോഗ്യത എന്നത് ആരാധനയുടെ നിലവാരം ഉയർത്തുക എന്നതാണ്. സൃഷ്ടിപ്പിന്റെ ലക്ഷ്യം റമദാനിൽ മാത്രം അവർ ഓർക്കുമെന്നല്ല പറഞ്ഞത്. മറ്റു ദിവസങ്ങളിൽ ഇതിനെക്കുറിച്ച് ശ്രദ്ധിക്കില്ലെന്നും പറഞ്ഞിട്ടില്ല. അല്ലാഹുവിന്റെ യഥാർഥ ദാസരായിത്തീരാൻ ആഗ്രഹിക്കുന്നവർ എപ്പോഴും ഈ ലക്ഷ്യം മുന്നിൽ വെക്കേണ്ടതാണ്. നോമ്പ് കാരണം ആത്മീയതയിൽ കൂടുതൽ അഭി

വൃദ്ധി കൈവരിക്കുമ്പോൾ, അല്ലാഹുവിന്റെ സാമീപ്യം ലഭിക്കാൻ മുമ്പത്തെക്കാളുപരി ശ്രമിക്കുമ്പോൾ എന്നെ കുറിച്ച് ചോദിക്കുന്നവരോട് പറയുക, റമദാനിൽ ഞാൻ ഒന്നു കൂടി അടുത്ത് വന്നിരിക്കുന്നു.

റമദാനിൽ സ്വർഗ കവാടങ്ങൾ തുറക്കപ്പെടുന്നതാണ്. എന്റെ ദാസരായിത്തീരാൻ മുമ്പും പരിശ്രമിച്ചുകൊണ്ടിരിക്കുന്നവരോട് പറയാൻ വേണ്ടി അല്ലാഹു പറയുന്നു, ഈ ദിനങ്ങളിൽ ഞാൻ പ്രത്യേകിച്ച് ദാസരുടെ അടുത്താണ് .തന്റെ ദാസരുടെ അടുത്തുള്ള അല്ലാഹു, ജീവനാഡിയെക്കാളും എപ്പോഴും അടുത്തുള്ള അല്ലാഹു, പൊതുവിൽ അല്ലാഹുവിന്റെ ദാസത്വം പൂർണമായും നിർവഹിക്കാൻ പരിശ്രമിക്കുന്നവർക്ക്, രാത്രിയിൽ തഹജ്ജുദ് നമസ്ക്കാരത്തിനായി എഴുന്നേൽക്കുന്നവർക്ക് അല്ലാഹു ഏറ്റവും താഴെയുള്ള ആകാശത്തേക്ക് വരുന്നു.

റമദാനിൽ അല്ലാഹുവിന്റെ ഈ കാരുണ്യവും സ്നേഹവും വളരെയധികം വർദ്ധിക്കുന്നു. ഇതിൽ നിന്നും ഫലമെടുക്കുന്നവർ ഭാഗ്യവാന്മാർ. റമദാനിൽ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനായി ചെയ്തുകൊണ്ടിരിക്കുന്ന പരിശ്രമം, നോമ്പു കാരണം പല സമയങ്ങളിൽ ശീലമായിക്കഴിഞ്ഞ നഫലുകൾ, തഹജ്ജുദിലേക്ക് ശ്രദ്ധ തിരിയൽ, അല്ലാഹുവിന്റെ സാമീപ്യം ദൃശ്യമാകാനായി ചെയ്ത പരിശ്രമങ്ങൾ, ഈ ദിനങ്ങളിൽ ദർശിച്ച സാമീപ്യം, നമസ്കാരത്തിൽ കരസ്ഥമായ കൃത്യനിഷ്ഠ, വിശുദ്ധ ഖുർആൻ പഠിക്കാനും ഗ്രഹിക്കാനുമുള്ള താൽപര്യം, ദർസ് കേൾക്കുന്നതിലും അതിൽ പങ്കെടുക്കുന്നതിലും ഉണ്ടായിട്ടുള്ള താൽപര്യം ഇതെല്ലാം തുടർന്നുകൊണ്ടു പോകുമെന്ന് പ്രതിജ്ഞ ചെയ്യുക. തന്റെ ദാസരുടെ ഹൃദയാവസ്ഥ അറിയുന്ന അല്ലാഹു തന്റെ പ്രിയ പ്രവാചകൻ (സ) യോട് പറയുന്നു; ഇങ്ങനെയുള്ള എന്റെ ദാസരോട് പറയുക; ദാസത്വം നിലനിർത്താനുള്ള ഈ പരിശ്രമം നിലനിർത്തും എന്ന പ്രതിജ്ഞയോടു കൂടി എന്നോട് ചോദിച്ചാൽ റമദാനിൽ മാത്രമല്ല എപ്പോഴും നിങ്ങളുടെ സമീപസ്ഥനായിരിക്കും ഞാൻ. നിങ്ങൾ താത്കാലികമായാണ് ഇതിലേക്ക് ശ്രദ്ധ തിരിക്കുന്നതെങ്കിൽ നിങ്ങളുടെ ജീവിതം വിഫലമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു. "അല്ലാഹു തആലാ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത് അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനവും അവന്റെ സാമീപ്യവും കരസ്ഥമാക്കുക എന്ന ലക്ഷ്യം കരസ്ഥമാക്കാനാണ്. അല്ലാഹു പറയുന്നു: *ഞാൻ ജിന്നിനേയും മനുഷ്യനേയും സൃഷ്ടിച്ചിരിക്കുന്നത് എന്നെ ആരാധിക്കാനായിട്ടാണ്(51:57).* ഈ യഥാർഥ ലക്ഷ്യം ശ്രദ്ധിക്കാതെ രാപ്പകൽ ദുൻയാവിനെ കരസ്ഥമാക്കുന്നതിൽ മുഴുകിയിരിക്കുകയാണെങ്കിൽ, എനിക്ക് ഇന്ന സ്ഥലം വാങ്ങണം, ഇന്ന കെട്ടിടമുണ്ടാക്കണം, ഇന്ന സ്വത്ത് സ്വന്തമായിരുന്നെങ്കിൽ എന്ന ചിന്തയാണെങ്കിൽ അങ്ങനെയുള്ള വ്യക്തിക്ക് അല്ലാഹു കുറച്ചു കാലം അവധി നൽകിയതിനു ശേഷം തിരിച്ചു വിളിക്കുകയല്ലാതെ മറ്റെന്താണ് ചെയ്യുക.

പറയുന്നു: "മനുഷ്യ ഹൃദയത്തിൽ ദൈവസാമീപ്യം കരസ്ഥമാക്കാനുള്ള ഒരു വേദന ഉണ്ടായിരിക്കേണ്ടതാണ്. ഇതു കാരണം ആ വ്യക്തി അല്ലാഹുവിന്റെ മുമ്പിൽ പരിഗണിക്കപ്പെടുന്നവനായിത്തീരുന്നതാണ്. ഈ ഒരു വേദന അവന്റെ ഹൃദയത്തിലില്ലെങ്കിൽ ഭൗതികമായ കാര്യത്തെക്കുറിച്ചു മാത്രമുള്ള വേദനയാണെങ്കിൽ അവർക്ക് കുറിച്ച് അവധി ലഭിച്ചതിനുശേഷം നശിപ്പിക്കപ്പെടുന്നതാണ്."

ഭൗതികമായ പ്രവൃത്തികൾ ചെയ്യരുത് എന്നതല്ല ഇതിന്റെ അർഥം. മറ്റൊരു സ്ഥലത്ത് ആ മഹാത്മാവ് പറയുന്നു: "കൃഷിയിടമുള്ള ഒരു വ്യക്തി അതിൽ വിളയിറക്കുന്നില്ലെങ്കിൽ, വ്യാപാരി വ്യാപാരം നടത്തുന്നില്ലെങ്കിൽ അവർ യഥാർഥത്തിൽ അല്ലാഹുവിനോടുള്ള കടമ നിറവേറ്റാത്തവനാണ്." അതുകൊണ്ട് ഭൗതീകമായ ജോലികളും കൂടെ വേണം. അതോടൊപ്പം അല്ലാഹുവിലേക്ക് ശ്രദ്ധ ഉണ്ടാകുകയും വേണം. അല്ലാഹു മനുഷ്യനു വേണ്ടി നിർണയിച്ചിട്ടുള്ള സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം മറന്നു പോകരുത്.

അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനായി ഒരു വേദന ഉണ്ടായിരിക്കണമെന്ന് പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ സൃഷ്ടിപ്പിന്റെ ലക്ഷ്യം അറിയുന്നതിനായി അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനവും അവന്റെ സാമീപ്യവും കരസ്ഥമാക്കേണ്ടത് അനിവാര്യമാണ്. ഈ സാമീപ്യം ലഭിക്കുന്നത് അത് കരസ്ഥമാക്കാനുള്ള വേദന മനുഷ്യനിലുണ്ടായിരിക്കുമ്പോഴാണ്. അത് കരസ്ഥമാക്കാനുള്ള ശ്രമമുണ്ടായിരിക്കണം. അല്ലാഹു പറയുന്നു: എന്റെ ദാസരേ! ഈ വേദന കരസ്ഥമാക്കാനായി പരിശ്രമിക്കുന്നവരേ! നിങ്ങളുടെ വിശ്വാസം അഭിവൃദ്ധി പ്രാപിക്കുമ്പോഴാണ് ഈ പരിശ്രമം ജീവിതപഥത്തിൽ വരുന്നത്. നിങ്ങൾ എന്റെ ഓരോ വിളിക്കും ഉത്തരം നൽകുന്നവരായിത്തീരണം. ചുരുങ്ങിയ പക്ഷം സന്മനസ്സോടുകൂടി ഇതിനായി പരിശ്രമിക്കണം.

'അബ്ദ്' (യഥാർഥ ദൈവദാസൻ) ആയിത്തീരാൻ ആരാധനയോടൊപ്പം മറ്റു പ്രവൃത്തികളും ചെയ്യേണ്ടതാണ്. മനുഷ്യൻ ബലഹീനനാണ്. മാനുഷികവൈകല്യങ്ങൾ കാരണം പോരായ്മകൾ സംഭവിക്കുന്നു. ഈ പോരായ്മയെക്കുറിച്ച് ഉടനെ അറിഞ്ഞിരിക്കണം. ഏതെങ്കിലും പ്രവൃത്തിയിൽ കുറവുണ്ടെന്നറിഞ്ഞാൽ അത് പരിഹരിക്കാൻ ഉടനെ പരിശ്രമിക്കേണ്ടതാണ്. തൗബ(പശ്ചാത്താപം), ഇസ്തിഗ്ഫാർ എന്നിവയിലേക്ക് ശ്രദ്ധിച്ചുകൊണ്ട് ആ പോരായ്മകളെ അകറ്റാൻ ശ്രമിക്കുക.

ഈ റമദാനിൽ നന്മ ചെയ്ത് ബാക്കി വർഷം മുഴുവൻ ഭൗതിക

കാര്യങ്ങൾക്ക് മാത്രമായി വിനിയോഗിക്കാം എന്ന് ചിന്തിക്കരുത്. അങ്ങനെ സൃഷ്ടിപ്പിന്റെ ലക്ഷ്യം തന്നെ മറന്നുപോകുന്ന ഒരവസ്ഥ ഉണ്ടാകരുത്. അടുത്ത റമദാൻ വന്നാൽ വീണ്ടും അല്ലാഹുവിന്റെ യഥാർഥ ദാസനായിത്തീരാമെന്നും സൃഷ്ടികളോടുള്ള കടമകളും സ്രഷ്ടാവിനോടുള്ള കടമകളും നിറവേറ്റുന്നതിൽ അപ്പോൾ ശ്രദ്ധിക്കാമെന്നും കരുതരുത്.

അല്ലാഹു നോമ്പിനോടൊപ്പം മറ്റൊരു കൽപ്പന വെച്ചിട്ടുള്ളത് എന്റെ കൽപ്പനകൾ നിങ്ങളും പാലിക്കേണ്ടതാണെന്നാണ്. അതോടൊപ്പം നിങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്. അതല്ലാതെ അടുത്ത റമദാനെ കാത്തിരിക്കലല്ല. അടുത്ത റമദാൻ വരെ ഈ റമദാനിലെ നന്മകൾ നിലനിർത്തുകയാണെങ്കിൽ മാത്രമാണ് പ്രയോജനമുള്ളത്. അതല്ലാതെ ഈ റമദാനിൽ മാത്രം നന്മ ചെയ്ത് ഇനി അടുത്ത റമദാനിൽ ചെയ്യാം എന്നു കരുതി നന്മയെ കൈവിട്ടതുകൊണ്ട് ഒരു കാര്യവുമില്ല. ഇതാണ് നമ്മുടെ ഉദ്ദേശ്യമെങ്കിൽ നമ്മുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം കരസ്ഥമാക്കാൻ നാം ശ്രമിച്ചിട്ടില്ല. അല്ലാഹു *ഇബാദീ (എന്റെ ദാസരേ)* എന്നു പറഞ്ഞുകൊണ്ട് വിളിച്ച സജ്ജനങ്ങളുടെ ഗണത്തിൽ നാം ഉൾപ്പെടുന്നതല്ല. അതുകൊണ്ട് അബ്ദായിത്തീരുക എന്ന പ്രവൃത്തി അല്പം ദിവസങ്ങളുടെയോ മാസങ്ങളുടെയോ പ്രവൃത്തിയല്ല. ഇതിന് നിരന്തരമായ പരിശ്രമത്തിന്റെ ആവശ്യമുണ്ട്. റമദാനിൽ ഒരു വിശ്വാസിക്ക് ഇതിലേക്ക് കൂടുതൽ ശ്രദ്ധയുണ്ടാകുന്നു. അതുകൊണ്ടാണ് നോമ്പിനോടൊപ്പം പ്രത്യേകിച്ച് ഈ കാര്യത്തിലേക്ക് ശ്രദ്ധക്ഷണിച്ചിരിക്കുന്നത്. നിങ്ങൾക്ക് ഇപ്പോൾ ഇസ്‌ലാഹിലേക്ക് (ആത്മ സംസ്കരണത്തിലേക്ക്) ശ്രദ്ധയുണ്ടായിരിക്കുന്നതുകൊണ്ട് ഇതിൽ അഭിവൃദ്ധി ഉണ്ടായിരിക്കേണ്ടതാണ്. ഇതിൽ അഭിവൃദ്ധിയുണ്ടാകുന്നതെങ്ങനെ? അല്ലാഹുവിന്റെ യഥാർഥ ദാസരായിത്തീരുന്നത് ഏങ്ങനെ? സൃഷ്ടിപ്പിന്റെ ലക്ഷ്യം കരസ്ഥമാക്കാൻ എങ്ങനെ പരിശ്രമിക്കണം? ഇതിനെക്കുറിച്ച് അല്ലാഹു പറയുന്നു. അല്ലാഹുവിന്റെ നിറം സ്വീകരിക്കുക. നിറത്തിൽ ഉത്തമനായിട്ടുള്ളത് അല്ലാഹുവിനേക്കാൾ മറ്റാരാണുണ്ടാകുക. നമ്മൾ അവനെത്തന്നെ ആരാധിക്കുന്നവരാണ്.

സൃഷ്ടിപ്പിന്റെ ലക്ഷ്യം കരസ്ഥമാക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ നിറം സ്വീകരിക്കുന്നതിനും അവന്റെ ഗുണങ്ങൾ തങ്ങളിൽ ഉണ്ടാക്കുന്നതിനുമായി പരിശ്രമിക്കേണ്ടതും നിർബന്ധമാണ്. അപ്പോഴാണ് മനുഷ്യൻ യഥാർഥ അബ്ദായിത്തീരുന്നത്, ദൈവദാസനായിത്തീരുന്നത്. ഭൗതീക ബന്ധങ്ങളിൽപോലും ഈ നിറം സ്വീകരിക്കുന്നത് നമുക്ക് കാണാം. സ്നേഹബന്ധങ്ങളും രക്തബന്ധങ്ങളും എല്ലാം ഒരു ഭാഗത്ത് മാറ്റിവെക്കുക. അടിമ തന്റെ ഉടമയുടെ ഇഷ്ടം തന്നിൽ നടപ്പിൽ വരുത്തുന്നതായി നമുക്ക് കാണാം. അതല്ലെങ്കിൽ അതിനായി പരിശ്രമിക്കുന്നത് കാണാം. ഈ ബന്ധങ്ങളിൽ ചിലപ്പോൾ പ്രകടനാത്മകത ഉണ്ടായെന്നു വരും. പൂർണമായും ഫലപ്രദമായെന്നും വരില്ല. ഇതു സംബന്ധമായ പല കഥകളും പ്രസിദ്ധമാണ്. ഒരു രാജാവിന് ഒരു ഭൃത്യനുണ്ടായിരുന്നു. രാജാവിന് എവിടെ നിന്നോ വഴുതനങ്ങയുടെ കറി ഉണ്ടാക്കിക്കൊണ്ട് കൊടുത്തു. അതിനെ കുറിച്ച് വളരെയധികം പ്രശംസിക്കപ്പെടുകയുണ്ടായി. അങ്ങനെ അതു തന്നെ അദ്ദേഹം ഭക്ഷിക്കാൻ തുടങ്ങി. രാജഭൃത്യൻ അതിനെ അമിതമായി പ്രശംസിച്ചുകൊണ്ടിരുന്നു. അങ്ങനെ രാജാവ് നിത്യവും ഇത് എല്ലാ ഭക്ഷണത്തിനുമൊപ്പം കഴിച്ചതു കാരണം അദ്ദേഹം രോഗിയായി. പിന്നീട് രാജാവ് ഇതിനെ ഇകഴ്ത്തിപ്പറയാൻ തുടങ്ങി. അപ്പോൾ ഭൃത്യനും അതിനെ ഇകഴ്ത്താൻ തുടങ്ങി. രാജാവ് ചോദിച്ചു. ആദ്യം നീ ഇതിനെ വളരെയധികം പുകഴ്ത്തി ഇതിന്റെ മേന്മ പറഞ്ഞിരുന്നല്ലോ? ഇപ്പോൾ ഇതിനെ ഇകഴ്ത്തിപ്പറയാൻ കാരണമെന്താണ്? അപ്പോൾ ആ ഭൃത്യൻ പറഞ്ഞു. യജമാനരെ! ഞാൻ തങ്കളുടെ ഭൃത്യനാണ്. ഈ വഴുതനങ്ങയുടെ ഭൃത്യനല്ല.

ഇതിനെയല്ല നിറം സ്വീകരിക്കുക എന്ന് പറഞ്ഞത്. ആ ഭൃത്യൻ ഉടമസ്ഥന്റെ നിറം സ്വീകരിക്കാൻ ശ്രമിച്ചു. അല്ലാഹുവിന്റെ നിറം സ്വായത്തമാക്കുമ്പോൾ മനുഷ്യന്റെ ഇരുലോകവും ശരിയായിത്തീരുന്നതാണ്. ആകാശഭൂമികളുടെ ഉടമസ്ഥനായ അല്ലാഹുവിന്റെ നിറം സ്വീകരിക്കുന്നവൻ ഇരുലോകവും നേടുന്നവനായിത്തീരുന്നതാണ്. അല്ലാഹുവിന്റെ സിഫത്തുകൾ സ്വായത്തമാക്കിക്കൊണ്ട് ഒരു ദാസൻ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നു. ഒരു വിശ്വാസി ഈ നിറമാണ് തന്നിൽ പ്രവേശിപ്പിക്കുന്നത്. അങ്ങനെ തന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യം അവൻ കരസ്ഥമാക്കുന്നു.

അല്ലാഹുവിന്റെ ദാസനായിത്തീരണമെങ്കിൽ അല്ലാഹുവിന്റെ സിഫത്തുകളുടെ (ഗുണങ്ങളുടെ) പ്രതിരൂപമായിത്തീരാൻ ഒരു വിശ്വാസി ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന് ഇഷ്ടമുള്ള പ്രവൃത്തികൾ ചെയ്യാൻ പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിന് ഇഷ്ടമില്ലാത്ത പ്രവൃത്തികളിൽ നിന്നും വിട്ടുനിൽക്കാനും പരിശ്രമിക്കേണ്ടതാണ്. അപ്പോഴാണ് ശരിയായ രീതിയിൽ അല്ലാഹുവിന്റെ ദാസനായിമനുഷ്യൻ മാറുകയുള്ളൂ.

അല്ലാഹുവിന്റെ നിറം സ്വീകരിക്കാൻ പരിശ്രമിക്കുക എന്ന് അല്ലാഹു പറഞ്ഞപ്പോൾ, അവന്റെ ഗുണങ്ങളുടെ പ്രതിരൂപമായിത്തീരാൻ പരിശ്രമിക്കുക എന്ന് പറഞ്ഞപ്പോൾ അതിന്റെ അർഥം അതിനുള്ള കഴിവുകൾ മനുഷ്യന് അല്ലാഹു നൽകിയിട്ടുണ്ടെന്നാണ്. അവരവരുടെ വൃത്തത്തിൽ അവർക്കത് പ്രകടിപ്പിക്കുകയും ചെയ്യാം. മനുഷ്യന് അവന്റെ വൃത്തത്തിനകത്ത് മാലികിയ്യത്തിന്റെ പ്രകടനം കാഴ്ചവെക്കാവുന്നതാണ്. റഹ്മാനിയ്യത്തിന്റെ നിറവും സ്വീകരിക്കാവുന്നതാണ്. റഹീമിയ്യത്തിന്റേയും

റുബൂബിയ്യത്തിന്റേയും നിറം സ്വീകരിക്കാൻ സാധിക്കുന്നതാണ്. സത്താർ എന്ന രൂപവും അവന് പ്രകടമാക്കാവുന്നതാണ്. വഹ്ഹാബിന്റെ നിറവും സ്വീകരിക്കാവുന്നതാണ്. സാധാരണ മനുഷ്യന്റെ ജീവിതത്തിൽ ഈ ഗുണങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുകയും ചെയ്യാറുണ്ട്. പലരും ഈ ഗുണങ്ങൾ പ്രകടമാക്കാറുണ്ട്. എന്നാൽ അല്ലാഹുവിന്റെ ഗുണങ്ങളുടെ പ്രതീകങ്ങളാകണം എന്ന ഉദ്ദേശ്യത്തോടു കൂടിയായിരിക്കില്ല. അല്ലാഹുവിന്റെ പ്രീതിയും സ്നേഹവും ആഗ്രഹിക്കുന്ന ഒരു വിശ്വാസിയുടെ ലക്ഷണം എന്നത് അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കാൻ ഈ ഗുണങ്ങൾ പ്രകടമാക്കേണ്ടത് നിർബന്ധമാണെന്ന് കരുതി അവനിലൂടെ ഈ ഗുണങ്ങൾ പ്രകടമാക്കുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ഈ ഗുണങ്ങൾ സ്വീകരിക്കേണ്ടത് നിർബന്ധമാണെന്ന് അവൻ കരുതുന്നു. മനുഷ്യത്വത്തെ തിന്മയിൽ നിന്നും രക്ഷപ്പെടുത്താൻ ഈ ഗുണങ്ങൾ അനിവാര്യമാണെന്നും തന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യം കരസ്ഥമാക്കാൻ ഇവ പ്രകടമാക്കേണ്ടതും അത്യാവശ്യമാണെന്നും മനസ്സിലാക്കിക്കൊണ്ട് ഈ നിറം സ്വായത്തമാക്കുകയും അത് പ്രകടിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ അത് പ്രതിഫലത്തിന് കാരണമായിത്തീരുന്നു. ഇത് അല്ലാഹുവിന്റെ പ്രീതിയെ ആകർഷിക്കുന്നതായിത്തീരുന്നു.

അല്ലാഹുവിന്റെ നിറം സ്വീകരിക്കാൻ കൽപ്പിച്ചതിനു ശേഷം പറയുന്നത് എന്റെ ദാസരേ നിങ്ങൾ ഇപ്രകാരം പ്രഖ്യാപിക്കുക. **വനഹ്നു ലഹൂ ആബിദൂൻ**. ഞങ്ങൾ അവനെത്തന്നെ ആരാധിക്കുന്നവരാണ്. അല്ലാഹുവിന്റെ ഗുണങ്ങളെ സ്വീകരിക്കുന്നതും അവന്റെ നിറം സ്വീകരിക്കുന്നതും നാം അവന്റെ ദാസരായതുകൊണ്ടാണ്. അവന്റെ പ്രീതി നമുക്ക് വേണം. അവന്റെ ദാസത്വമാണ് നമുക്ക് അമൂല്യമായിട്ടുള്ളത്. അവനെ ആരാധിക്കുന്നവരാണ് നാം. അവന്റെ കല്പനകളനുസരിച്ച് ജീവിതം നയിക്കുന്നവരും നയിക്കാൻ ആഗ്രഹിക്കുന്നവരുമാണ്. അതുകൊണ്ട് ഈ ജീവിതം ഒരു മാസം മാത്രമല്ല ഞങ്ങൾ കഴിച്ചുകൂട്ടാൻ ആഗ്രഹിക്കുന്നത്. മറിച്ച് ഞങ്ങളുടെ ജീവിതത്തിന്റെ ഓരോ നിമിഷവും തന്നെ ഈ രീതിയിൽ കഴിച്ചുകൂട്ടാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

അതുകൊണ്ട് നമ്മുടെ ജീവിതത്തിൽ പവിത്രമായ മാതൃക നിലനാട്ടിക്കൊണ്ട് ഈ റമദാനിലൂടെ കഴിഞ്ഞുകടക്കാൻ നാം ശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ ഗുണനാമങ്ങളെക്കുറിച്ച് ചിന്തിച്ചുകൊണ്ട് ഈ റമദാനിലൂടെ നാം കഴിഞ്ഞുകടക്കുന്നതാണ്. അല്ലാഹുവിന്റെ സിഫത്തുകളെ നമ്മുടെ ജീവിതത്തിൽ നടപ്പിൽ വരുത്തിക്കൊണ്ട് ഈ റമദാനെ നാം കഴിച്ചുകൂട്ടുന്നതാണ്. അല്ലാഹുവിനോടുള്ള ആരാധനയുടെ തേട്ടം പൂർത്തിയാക്കാൻ ശ്രമിച്ചുകൊണ്ട് ഈ റമദാനിലൂടെ നാം കഴിഞ്ഞു പോകുന്നതാണ്. ഈ എല്ലാ പ്രവർത്തനങ്ങളെയും അടുത്ത റമദാനുമായി ബന്ധിപ്പിക്കുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് അതിനായി പരിശ്രമിക്കുന്നതാണ്. *'ഇന്നീ ഖരീബ്'* ഞാൻ സമീപസ്ഥനാണ് എന്ന സുവാർത്ത കേൾക്കുന്നവരായി നാം മാറും. *'ഉജീബു ദഅ്വത്തദ്ദാഇ ഇദാ ദആനി'* ദുആ ചെയ്യുന്നവന്റെ ദുആക്ക് ഉത്തരം നൽകുന്നവനാണെന്ന കാഴ്ചയും നാം കാണുന്നതാണ്.

അതുകൊണ്ട് ഈ സ്ഥാനം കരസ്ഥമാക്കാനായി നാം പരിശ്രമിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്. നമ്മുടെ ദുആയുടെ പരിധി വെറും ഭൗതീക നേട്ടത്തിൽ മാത്രം പരിമിതമാകരുത്. മറിച്ച് അല്ലാഹുവിന്റെ സിഫത്തുകളെ നമ്മിൽ നടപ്പിൽ വരുത്തിക്കൊണ്ട് സൃഷ്ടികളോടുള്ള കടമാപാലനത്തിൽ ശ്രദ്ധ ഉണ്ടായിരിക്കുകയും അല്ലാഹു കല്പിച്ചിട്ടുള്ള നന്മകൾ സ്വായത്തമാക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടായിരിക്കുകയും വേണം. അല്ലാഹു *ഫൽ യസ്തജീബൂ ലീ* എന്റെ വിളിക്കുത്തരം നൽകട്ടെ എന്ന് പറഞ്ഞുകൊണ്ട് ഒരു വിശ്വാസിയുടെ ശ്രദ്ധയെ തന്റെ കല്പനകളിലേക്കും ക്ഷണിച്ചിരിക്കുകയാണ്. ഒരു വിശ്വാസി തന്റെ ഉത്തരവാദിത്വങ്ങൾ മനസ്സിലാക്കേണ്ടതാണെന്ന് ഉണർത്തുകയും ചെയ്തു. അപ്പോഴാണ് അവൻ പൂർണ വിശ്വാസിയായിത്തീരുന്നത്.

അല്ലാഹുവിന്റെ വിളിക്കുത്തരം നൽകുന്നവരിൽ ഏതെല്ലാം ധാർമികമായ ഉത്തരവാദിത്വങ്ങളാണ് അല്ലാഹു ഇട്ടിട്ടുള്ളതെന്നും സൃഷ്ടികളോടുള്ള കടമയുമായി ബന്ധപ്പെട്ട ഏതെല്ലാം ഉത്തരവാദിത്വങ്ങളാണ് ഇട്ടിട്ടുള്ളത് എന്നതിനെക്കുറിച്ചും അൽപം ഞാൻ വിശദീകരിക്കുന്നതാണ്.

അല്ലാഹു പറയുന്നു: വിശ്വാസികൾ *യഅ്മുറൂന ബിൽ മഅ്റൂഫി വ യൻഹൗന അനിൽ മുൻകറി* എന്നതനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. അല്ലാഹുവിന്റെ യഥാർഥ ദാസർ നന്മയെക്കുറിച്ച് ഉപദേശിക്കുന്നവരും തിന്മയിൽ നിന്ന് തടയുന്നവരുമാണ്. ഇതനുസരിച്ച് പ്രവർത്തിക്കുന്നവർ സ്വയം നന്മ പ്രവർത്തിക്കുന്നവരും തിന്മയിൽ നിന്ന് സ്വയം വിട്ടു നിൽക്കുന്നവരുമായിരിക്കുമെന്നത് വാസ്തവമാണ്. ഒരു യഥാർഥ വിശ്വാസിയായിത്തീരാൻ പരിശ്രമിക്കുമ്പോൾ ആത്മപരിശോധനയ്ക്ക് തന്നെ വിധേയമാക്കുന്നതാണ്. ഒരാത്മപരിശോധന നടത്തുക എന്നതു തന്നെയാണ് യഥാർഥത്തിൽ അല്ലാഹുവിന്റെ സിഫത്തുകളിലേക്കും അതിനെ സ്വാംശീകരിക്കുന്നതിലേക്കും നമ്മേ എത്തിക്കുന്നത്. ഈ പ്രവൃത്തിയെല്ലാം നിങ്ങൾ ചെയ്യണമെന്ന ഭാരിച്ച ഉത്തരവാദിത്വമാണ് ഒരു വിശ്വാസിയിൽ അർപ്പിതമാകുന്നത്.

റമദാനിൽ ദൈവഭയം മനുഷ്യനിൽ കൂടുതൽ ഉണ്ടാകുന്നു. അതോടൊപ്പം ഒരാത്മ പരിശോധനയ്ക്ക് മനുഷ്യൻ തന്നെ വിധേയമാക്കുകയും ചെയ്യുന്നു. ഒരു വിശ്വാസിയുടെ, ഒരു മുസ്ലിമിന്റെ, അല്ലാഹുവിന്റെ ദാസരായിത്തീരാനുള്ള അർഥന നടത്തുന്നവന്റെ ഗുണ

നിലവാരം എത്രമാത്രമായിരിക്കണ മെന്നാണ് അല്ലാഹു നിശ്ചയിച്ചിരിക്കുന്നത് എന്നതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ പവിത്രമായ മാറ്റം വരുത്തുന്നതിലേക്ക് ശ്രദ്ധ തിരിയുന്നതാണ്. *പ്രവർത്തിക്കാത്തത് പറയുക എന്നത് അല്ലാഹുവിന്റെ പക്കൽ ഏറ്റവും വെറുക്കപ്പെട്ട സംഗതിയാണ്(61:4)* എന്ന അല്ലാഹുവിന്റെ നിർദേശത്തെയും എപ്പോഴും മുന്നിൽ കാണേണ്ടതാണ്. പ്രവർത്തിക്കാത്തത് പറയുക എന്നത് അല്ലാഹുവിന്റെ പക്കൽ വലിയ പാപമാണ്. ഈ ദിനങ്ങളിൽ നാം ഒരാത്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് എല്ലാ വിഭാഗങ്ങളിലെയും ഭാരവാഹികളോടും കീഴ്ഘടകങ്ങളിലെയും കേന്ദ്ര വിഭാഗങ്ങളിലെയും ഭാരവാഹികളോടും ഞാൻ പറയുന്നത് എല്ലാവരും ഒരാത്മ പരിശോധന നടത്തുക. വഖ്ഫെ സിന്ദഗികളും ആത്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു. പൊതുവിൽ ഓരോ അഹ്മദിയും ഒരാത്മ പരിശോധന നടത്തുക. നാം ഉപദേശിക്കുമ്പോൾ അതിന്റെ പ്രതികരണം നമ്മുടെ ജീവിതത്തിലും പ്രകടമാക്കേണ്ടതാണ്. നന്മ ഉപദേശിക്കുകയും അതു പ്രവർത്തിക്കുകയും ചെയ്യുന്നതിനാണ് ഒരു സാധാരണ വിശ്വാസിയെ, ഒരു മുസ്‌ലിമിനെ സൃഷ്ടിച്ചതെങ്കിൽ അതിനായി നിയോഗിക്കപ്പെട്ടവർക്കാണ് ഏറ്റവും കൂടുതൽ ഉത്തരവാദിത്വമുള്ളത്. നമ്മുടെ നിയ്യത്തുകൾ സംശുദ്ധമായിക്കഴിഞ്ഞാൽ മാത്രമെ ഈ ഉത്തരവാദിത്വങ്ങൾ ശരിക്കും നിർവഹിക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ഓരോ കൽപ്പനയുമനുസരിച്ച് പ്രവർത്തിക്കാൻ പൂർണമായും പരിശ്രമിക്കുമ്പോഴായിരിക്കും ഇത് നിർവഹിക്കാൻ നമുക്ക് സാധിക്കുക.

ഭാരവാഹികളുടെ ആരാധനയുടെ നിലവാരം റമദാനിൽ മാത്രമാണ് ഉയർന്നതെങ്കിൽ, സാധാരണ ദിവസങ്ങളിലില്ലെങ്കിൽ അവരുടെ വാക്കിലും പ്രവൃത്തിയിലും അന്തരം പ്രകടമാക്കുന്നതായിരിക്കും. ഇത് അല്ലാഹുവിന് തീരെ ഇഷ്ടമില്ല. ഞാൻ എല്ലാ മീറ്റിങ്ങുകളിലും പറയാറുള്ള ഒരു കാര്യമുണ്ട്. എല്ലാ ഭാരവാഹികളും, ഏത് ഘടകത്തിൽപ്പെട്ടവരാണെങ്കിലും അവരെല്ലാം തങ്ങളുടെ ആരാധനാ നിലവാരം ഉയർത്തുകയാണെങ്കിൽ, പള്ളിയിൽ വരാൻ തുടങ്ങിയാൽ ഇപ്പോഴുള്ള ഹാജർ നിലയേക്കാൾ പള്ളിയിലെ ഹാജർ നില രണ്ട് മൂന്ന് മടങ്ങ് വർധിക്കുന്നതാണ്. ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇതേപ്പോലെ അല്ലാഹുവിന്റെ മറ്റു കല്പനകളിലേക്കും ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു. ഇതു കാരണം പല പ്രശ്നങ്ങളും സ്വയം പരിഹരിക്കപ്പെടുന്നതായിരിക്കും.

പ്രവർത്തനപഥത്തിൽ കൊണ്ടുവരേണ്ട പല കല്പനകളുമുണ്ടെന്ന് ഞാൻ പറഞ്ഞിരുന്നു. അതിലൊന്ന് വിശുദ്ധ ഖുർആനിൽ വരുന്നതിപ്രകാരമാണ്. നിങ്ങൾക്കെതിരിലോ പ്രിയപ്പെട്ടവർക്കെതിരിലോ മാതാപിതാക്കൾക്കെതിരിലോ അടുത്ത ബന്ധുക്കൾക്കെതിരിലോ സാക്ഷി പറയേണ്ടിവന്നാലും സാക്ഷി പറഞ്ഞുകൊണ്ട് നീതിയെ ശക്തമായ നിലയിൽ സ്ഥാപിക്കുക എന്നതാണ്. നാം പരിശോധിക്കുകയാണെങ്കിൽ പൊതുവിൽ ഈ ഒരു നിലവാരം നമ്മിൽ കാണില്ല. ഒരു ഭാഗത്ത് നാം ദുആ സ്വീകാര്യതയുടെ അടയാളം കാണാൻ ആഗ്രഹിക്കുന്നു. അല്ലാഹുവിന്റെ ദാസരിൽ ഉൾപ്പെടാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം സാക്ഷി പറയേണ്ടി വരുമ്പോൾ തന്റെ ബന്ധുക്കളെ പിടിക്കപ്പെടുന്നതിൽ നിന്നും എങ്ങനെ രക്ഷപ്പെടുത്താൻ കഴിയുമെന്നാണ് ചിന്തിക്കുന്നത്. ചില സന്ദർഭങ്ങളിൽ നാമും നമ്മുടെ ബന്ധുക്കളും രക്ഷപ്പെട്ട് മറ്റുള്ളവരെ കുടുക്കാൻ ശ്രമിക്കുന്നതായി കണ്ടുവരുന്നു. മറ്റുചിലപ്പോൾ ഭാരവാഹികളെക്കുറിച്ച് പരാതിപ്പെടുന്നവർ എനിക്ക് ഇപ്രകാരം എഴുതാറുണ്ട്. ഇന്ന ഭാരവാഹിയെക്കുറിച്ച് ഇന്ന പരാതി ജമാഅത്തുകളിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് താങ്കൾ ഓർമപ്പെടുത്തുകയോ അതില്ലെങ്കിൽ സമ്മേളനങ്ങളിലും മറ്റും ഇന്ന കുറവുകളുണ്ടെന്ന് താങ്കൾ പറയുമ്പോൾ പൊതുവിൽ ആ ഭാരവാഹിയോ, വകുപ്പോ സ്വയം നന്നായിത്തീരാൻ ശ്രമിക്കുന്നതിന് പകരം ഈ പരാതി ആരാണ് നൽകിയത് എന്നാണ് അന്വേഷിക്കുന്നത്. യഥാർഥത്തിൽ ഇതായിരുന്നില്ല അവർ ചെയ്യേണ്ടത്. പരാതി നൽകിയത് ആരാണെന്ന് അന്വേഷിക്കുകയല്ല വേണ്ടത്. അത് നോക്കേണ്ടത് നിങ്ങളുടെ ജോലിയല്ല. വല്ല കുറവും ന്യൂനതയും പറഞ്ഞത്പോലെ ഉണ്ടെങ്കിൽ അത് ദൂരീകരിക്കാൻ ശ്രമിക്കുക. ഇല്ലെങ്കിൽതന്നെയും ഇസ്തിഗ്ഫാർ ചെയ്യുക. ചെയ്യാത്ത തെറ്റുകൾ മൂലമുള്ള ശിക്ഷയിൽ നിന്ന് അല്ലാഹു രക്ഷിക്കട്ടെ എന്നു പ്രാർഥിക്കുക. അതിനു ശേഷം ശരിയായ റിപ്പോർട്ട് എന്താണെന്ന് നൽകുക. പരാതിപ്പെട്ട വ്യക്തിക്ക് എങ്ങനെ എന്ത് മറുപടി നൽകണം എന്നതും നൽകണമോ എന്നതും എല്ലാം തീരുമാനിക്കേണ്ടത് എന്റെ ജോലിയാണ്. ഊമക്കത്തുകളാണെങ്കിൽ അതിനെ ജമാഅത്തിൽ പൊതുവിൽ പരിഗണിക്കാറില്ല.

ചുരുക്കത്തിൽ ഭാരവാഹികൾ തങ്ങളുടെ പ്രതിജ്ഞകളെയും അമാനത്തുകളെയും ശരിയാംവണ്ണം പൂർത്തിയാക്കുക. എന്നാൽ മാത്രമെ അവരെ ഏൽപ്പിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങൾ അവർക്ക് നിർവഹിക്കാൻ സാധിക്കുകയുള്ളൂ. സത്യസാക്ഷ്യം നൽകുക എന്നത് ആവശ്യപ്പെടുന്നത് ശരിയായ കാര്യം എന്താണെന്ന് അന്വേഷിച്ച് പരിഹരിക്കാൻ ശ്രമിക്കുക എന്നതാണ്. അതല്ലാതെ പരാതിപ്പെട്ടവനെ തിരഞ്ഞു പിടിക്കലല്ല. പരാതിപ്പെട്ട വ്യക്തിയുടെ പേര് വെളിപ്പെടുത്തണമെന്നുണ്ടെങ്കിൽ ഞാൻ അത് വെളിപ്പെടുത്തുന്നതാണ്. പൊതുവിൽ ഞാൻ പറയാറുമുണ്ട്. എന്നാൽ മറ്റൊരു കാര്യം പുറത്ത് വന്നിരിക്കുന്നത് പരാതിപ്പെട്ടവനെ ഒതുക്കിക്കളയാനായി പിന്നീട് ശ്രമിക്കുന്നു എന്നാണ്. ഇതും തഖ്‌വയിൽ നിന്നും അകന്ന പ്രവൃത്തിയാണ്. അമാനത്തുകളുടെയും പ്രതി

ജ്ഞകളുടെയും ശരിയായ നിറവേറ്റലല്ല ഇത്. അല്ലാഹുവിന്റെ നിർദേശമനുസരിച്ചുള്ള ശരിയായ പ്രവൃത്തിയല്ലിത്.

അല്ലാഹുവുമായ ബന്ധം സ്ഥാപിക്കണമെന്നുണ്ടെങ്കിൽ എല്ലാ മേഖലയിലും അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ഭാരവാഹികളിൽ മാത്രം പരിമിതമല്ല ഞാൻ പറഞ്ഞ കാര്യങ്ങൾ. അല്ലാഹുവിന്റെ അബ്ദായിത്തീരാൻ വേണ്ടി അവന്റെ എല്ലാ കല്പനകളും നടപ്പിൽ വരുത്താൻ ഓരോ അഹ്മദിയും ശ്രമിക്കേണ്ടതാണ്. തങ്ങളുടെ വിശ്വാസത്തെ പൂർണമാക്കാനായി പരിശ്രമിക്കുക. തങ്ങളിൽ വിനയം ഉണ്ടാക്കുക. തങ്ങളുടെ ഉള്ളിലുള്ള അഹംഭാവത്തിന്റെയും പൊങ്ങച്ചത്തിന്റെയും ബിംബങ്ങളെ തച്ചുടക്കുക. സത്യത്തിന്റെ ഉന്നത നിലവാരം സ്ഥാപിക്കുക. വിട്ടുവീഴ്ചയുടെയും ക്ഷമിച്ചു കൊടുക്കുന്നതിന്റെയും ശീലം ഉണ്ടാക്കുക. പരദൂഷണത്തിൽ നിന്നും ഏഷണിയിൽ നിന്നും രക്ഷപ്പെടുക. അമാനത്തുകളുടെ കർത്തവ്യം നിറവേറ്റാൻ ശ്രമിക്കുക. നീതി ചെയ്താൽ മാത്രം പോരാ, അതിനെക്കാളും കൂടുതലായി ഇഹ്സാൻ(നന്മകൾ) ചെയ്യുക. തുടർന്ന് ഈത്തായിതിൽ ഖുർബായുടെ(അടുത്ത ബന്ധുക്കൾക്ക് നന്മചെയ്യുന്നതുപോലെയുള്ള) അവസ്ഥ കൈവരിക്കുക. നിങ്ങളുടെ ചുറ്റുപാടിൽ നിങ്ങൾ കാണുന്നവരോടും അയൽവാസികളോടും നല്ല രീതിയിൽ പെരുമാറുക. ഇതും ഇസ്‌ലാമിന്റെ അതിപ്രധാനമായ അദ്ധ്യാപനങ്ങളിൽ പെട്ടതാണ്. വിശുദ്ധ ഖുർആന്റെ ഒരു പ്രധാന കല്പനയാണ്. അയൽവാസികളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ) നൽകിയ വിശദീകരണവും ആ മഹാത്മാവ് അതിന് നൽകിയിരിക്കുന്ന വൈപുല്യവും നാം മനസ്സിലാക്കുകയാണെങ്കിൽ നമുക്കിടയിലുള്ള പല പിണക്കങ്ങളും ഇല്ലാതാകുന്നതാണ്. ഒരു വീടല്ല, നൂറ് വീടല്ല, അടുത്ത പട്ടണവും കടന്ന് അടുത്ത നാട് വരെ ഇത് വ്യാപിക്കുന്നതാണ്. മറ്റുള്ളവരോടുള്ള കടമ നിറവേറ്റുന്നതിലേക്ക് ശ്രദ്ധയുണ്ടായിരിക്കുന്നതാണ്. ഏഷണിയിൽ നിന്നും വിട്ടു നിൽക്കാൻ സാധിക്കുന്നതാണ്. പരദൂഷണത്തിന്റെ ശീലം ഇല്ലാതായിത്തീരുന്നതാണ്. മരിച്ചു കിടക്കുന്ന സഹോദരന്റെ മാംസം തിന്നുന്നതിനോടാണ് ഇതിനെ അല്ലാഹു ഉപമിച്ചിരിക്കുന്നത്.

പരദൂഷണം എന്നത് എത്ര മാത്രം വലിയ പാപമാണ്. അതിനാൽ പരദൂഷണം പറയൽ എത്ര മാത്രം വെറുക്കപ്പെട്ടതാണെന്ന് നോക്കുക. എന്നാൽ നമ്മളിൽ പലരുംതന്നെ ഒന്നും ചിന്തിക്കാതെ പരദൂഷണം പറഞ്ഞുകൊണ്ടിരിക്കുന്നു. അവരെ ഇതിൽ നിന്നും വിലക്കുമ്പോൾ അവർ പറയുന്നത് ഈ ന്യൂനതകൾ അവരിൽ ഉള്ളതുകൊണ്ടല്ലെ ഞങ്ങൾ പറയുന്നതെന്നാണ്. ചില സദസ്സുകളിൽ ഇരുന്നും വീടുകളിൽ ഇരുന്നും ഭാരവാഹികളെക്കുറിച്ച് മോശമായി സംസാരിക്കുന്നു. അവരുടെ ന്യൂനതകൾ വെളിപ്പെടുത്തുന്നു. ഇത് തെറ്റാണ്. ഇതും പരദൂഷണത്തിന്റെ വകുപ്പിൽ പെടുന്നതാണ്. ഞങ്ങൾ പറയുന്നത് കളവല്ലെന്നും അവരിൽ ഉള്ളതുകൊണ്ടല്ലേ പറയുന്നതെന്നുമാണ് ഇവർ പറയാറുള്ളത്. തിരുനബി (സ) പറയുന്നു, നിങ്ങളുടെ സഹോദരനിൽ ഈയൊരു ന്യൂനതയുണ്ടെങ്കിൽ അവന്റെ അസാന്നിധ്യത്തിലാണ് നിങ്ങൾ ഇതു പറയുന്നതെങ്കിൽ ഇതു തന്നെയാണ് പരദൂഷണം എന്ന് പറയുന്നത്. അവനിൽ ന്യൂനത ഇല്ലാതിരിക്കുകയും എന്നിട്ടും നിങ്ങൾ അവരെക്കുറിച്ച് ആരോപണം ഉന്നയിക്കുകയും ചെയ്താൽ ഇത് കുറ്റുകെട്ടാണ്. അതിനാൽ ഈ തിന്മകളിൽ നിന്നും രക്ഷപ്പെടേണ്ടതും നമ്മുടെ ഉത്തരവാദിത്വമാണ്. അപ്പോൾ മാത്രമേ നന്മയെ ഉപദേശിക്കുന്നവരിലും തിന്മയിൽ നിന്ന് തടയുന്നവരിലും നാം ഉൾപ്പെടുകയുള്ളൂ.

ചുരുക്കത്തിൽ അല്ലാഹുവിന്റെ എല്ലാ കല്പനകളും നാം നടപ്പിൽ വരുത്തുമ്പോഴാണ് അല്ലാഹുവിന്റെ വിളിക്ക് ഉത്തരം നൽകുന്നവരായി നാം മാറുന്നത്. ആദ്യം നാം ആത്മസംസ്കരണം വരുത്തുക. അതിനു ശേഷം ലോകത്തെ ശരിയാക്കുക. ഇതാണ് നമ്മുടെ ജോലി. അപ്പോഴാണ് നാം *വൽ യുഅ്മിനൂ ബീ* അവർ എന്നിൽ വിശ്വസിക്കുന്നവരാണ് എന്നതിന് പാത്രമായിത്തീരുക. അല്ലെങ്കിൽ നമ്മുടെ വിശ്വാസം പൂർണമായിരിക്കില്ല. അല്ലാഹു *ഫൽ യസ്തജീബൂ ലീ* (അവർ എന്റെ വിളിക്ക് ഉത്തരം നൽകട്ടെ)എന്ന് പറഞ്ഞതിനു ശേഷം **വൽയുഅ്മിനൂബീ** എന്ന് പറഞ്ഞുകൊണ്ട് അല്ലാഹുവിന്റെ എല്ലാ കല്പനകളുമനുസരിച്ച് പ്രവർത്തിക്കുന്നതിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഓരോ പ്രവർത്തനവും തന്നെ വിശ്വാസത്തെ പൂർണതയിലെത്തിക്കണമെന്നും വിവരിക്കുന്നു. എല്ലാ പ്രവർത്തനവും അവന്റെ യഥാർഥ ദാസരായിക്കൊണ്ട് നിർവഹിക്കേണ്ടതാണ്.

അതുകൊണ്ട് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കാൻ നാം പൂർണമായും പരിശ്രമിക്കേണ്ടതാണ്. ഈ റമദാനിൽ ഇപ്രകാരം പ്രതിജ്ഞ എടുക്കുക. ഞങ്ങൾ ഞങ്ങളുടെ ആത്മീയവും ധാർമികവുമായ അവസ്ഥയെ ഉന്നത നിലവാരത്തിലെത്തിക്കാൻ പരിശ്രമിക്കുന്നതായിരിക്കും. ഇതിൽ നിലനിൽക്കുകയും ചെയ്യുന്നതായിരിക്കും .ഈ റമദാനിൽ നാം ദർശിച്ച അനുഗ്രഹങ്ങളെ എപ്പോഴും നിലനിർത്താൻ പരിശ്രമിക്കുന്നതാണ്. അല്ലാഹുവിന്റെ ഫള്‌ലിനെ ആകർഷിക്കാനായി പരിശ്രമിക്കുന്നതാണ്, പരിശ്രമിച്ചുകൊണ്ടു പോകുന്നതാണ്. ഈ ബാക്കിയുള്ള ദിവസങ്ങളിൽ അല്ലാഹുവിന്റെ യഥാർഥ ദാസരായിത്തീരാൻ പൂർണമായും പരിശ്രമിക്കുന്നതായിരിക്കും. ദൈവസാമീപ്യം കരസ്ഥമാക്കാനുള്ള ഈ പരിശ്രമം റമദാനു ശേഷവും തുടർന്ന് കൊണ്ട് പോകുന്നതാണ്. അല്ലാഹു നമുക്ക് അതിനുള്ള തൗഫീഖ് നൽകട്ടെ.

വിവ: എം. നാസിർ അഹ്മദ്

# മതാന്തരീയ സൗഹാർദവും മുഹമ്മദ് നബി(സ)യെ പറ്റിയുള്ള അവകാശവാദവും

മത സൗഹാർദത്തിന് ഭംഗം വരുത്താതെയും മത വികാരത്തെ വ്രണപ്പെടുത്താതെയും വളരെ യുക്തി ദീക്ഷയോടെ നീതിപൂർവമാണ് മുഹമ്മദ് നബി (സ) പരമ ശ്രേഷ്ഠനാണെന്ന അവകാശ വാദം ഇസ്‌ലാം ഉന്നയിക്കുന്നത്. (അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന 'ഇസ്‌ലാമും സമ കാലീന പ്രശ്നങ്ങളും' എന്ന പുസ്തകത്തിൽ നിന്ന് എടുത്ത ഒരു ഭാഗം)

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)**

ഇന്നത്തെ മതരംഗം അവലോകനം ചെയ്യുകയാണെങ്കിൽ അവയിൽ അടങ്ങിയിരിക്കുന്ന വൈരുദ്ധ്യം കാണാതിരിക്കുക സാധ്യമല്ല. അതായത് പൊതുവെ മതത്തിന് സമൂഹത്തിന് മേലുള്ള പിടി അയഞ്ഞുവരികയാണ്. അതേ സമയം സമൂഹത്തിന്റെ വിവിധ മേഖലകളിൽ അതിന്റെ ഹസ്തം പിടിമുറുക്കുകയുമാണ്. മദ്ധ്യകാല സങ്കുചിതത്വത്തിലധിഷ്ഠിതമായ സിദ്ധാന്ത ശാഠ്യങ്ങളിലേക്കുള്ള (Dogma) തിരിച്ചു പോക്കും വിയോജിക്കുന്നവരോടുള്ള കടുത്ത അസഹിഷ്ണുതയും എല്ലാ മതസമൂഹങ്ങളിലെയും ചില വിഭാഗങ്ങളിൽ കാണാവുന്നതാണ്.

സാർവത്രികമായ കുറ്റകൃത്യങ്ങൾ, അതിശീഘ്രം അപ്രത്യക്ഷമാവുന്ന സത്യസന്ധത, അനുക്ഷണം തിരോഭവിക്കുന്ന നീതിന്യായം, സാമൂഹിക ഉത്തരവാദിത്വങ്ങളോടുള്ള അവഗണന, മതാധിഷ്ഠിതമെന്ന് അവകാശപ്പെടുന്ന രാജ്യങ്ങളിൽ മതത്തിന് പകരം പ്രബലമായി വരുന്ന സ്വാർഥപരമായ വ്യക്തിവാദം ഇതെല്ലാം നൽകുന്ന സൂചന മതം ധാർമിക രംഗത്ത് നിന്നും പിന്മാറിക്കൊണ്ടിരിക്കുന്നു എന്നാണ്. ഇത്തരത്തിലുള്ള സാമൂഹിക തിന്മകൾ ധാർമികമായി അപചയപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ ചിഹ്നങ്ങളാണ്. ഇപ്രകാരം വർത്തമാന ലോകക്രമം രൂപം കൊള്ളുകയാണ്. ഏതൊരു മതത്തിന്റേയും ധാർമിക മൂല്യങ്ങളാണ് സ്വയം തന്നെ ആ മതത്തിന്റെ ജീവനും ആത്മാവും രൂപപ്പെടുത്തുന്നത്. ആ മൂല്യങ്ങളെ നിരന്തരം ഞെക്കിഞെരിച്ച് ഇല്ലാതാക്കുകയാണെങ്കിൽ ആത്മീയ ചേതന മതഗാത്രത്തിൽ നിന്നും അതിവേഗം ചോർന്നു പോകുന്നു. ഇതിന്റെ ഫലമായി ആത്മീയ ചൈതന്യമില്ലാത്ത മതഗാത്രം മാത്രം ഉയിർത്തെഴുന്നേൽക്കുന്നു എന്ന നിഗമനത്തിലേക്ക് നാം അനിവാര്യമായും എത്തിച്ചേരും. ഇന്ന് മത പുനരുത്ഥാന വാദം എന്ന പേരിൽ മതങ്ങളിൽ കാണുന്നത് അതാണ്. ഇത്



മൂലം ആഫ്രിക്കൻ ആഭിചാരകൻ ശവത്തെ എഴുന്നേൽപ്പിക്കുന്നത് പോലെ മൃതശരീരങ്ങൾ എഴുന്നേറ്റ് നടക്കുന്നു.

ചിലയിടങ്ങളിൽ മതാഭിമുഖ്യമുള്ള ജനതകളിൽ നെടുനാളത്തെ സ്തംഭനാവസ്ഥയും ഉദ്വേഗജനകമായ സംഭവങ്ങളുടെ അഭാവവും മടുപ്പുള്ളവാക്കുന്നു. അദ്ഭുതകരമായ എന്തെങ്കിലും സംഭവിച്ചു കാണാനുള്ള അവരുടെ അദമ്യമായ ആഗ്രഹം സഫലമാകുന്നില്ല. ലോക സംഭവഗതിയെ മാറ്റിത്തിരുത്താൻ പ്രകൃതി നിയമങ്ങൾക്കതീതമായ ഒരു അമാനുഷിക ശക്തിയുടെ

അതിശയകരമായ ഇടപെടൽ അവരുടെ പ്രതീക്ഷകൾക്കൊത്ത് നിറവേറ്റപ്പെടുന്നില്ല. വിശ്വാസികളെ ബലപ്പെടുത്തും വിധം വിചിത്രമായ പ്രവചനങ്ങളുടെ പൂർത്തീകരണമുണ്ടാകാൻ അവരുടെ മനസ്സ് നിരന്തരം ആവശ്യപ്പെടുകയാണ്. പക്ഷേ യാതൊന്നും സംഭവിച്ചു കാണുന്നില്ല. തകർന്നടിഞ്ഞ ഈ മോഹഭംഗങ്ങളെ വളമാക്കികൊണ്ട് ഇവിടെ പുതിയ ആരാധനാ മൂർത്തികൾ തഴച്ചു വളരുകയും ചെയ്യുന്നു. ഭൂതകാലത്തിൽ നിന്നും ഓടിരക്ഷപ്പെടാനുള്ള വ്യഗ്രത മൂലം ഈ ശൂന്യതയെ പുതിയ എന്തെങ്കിലും കൊണ്ട് നികത്തണമെന്ന ആഗ്രഹവും ഉളവാക്കുന്നു.

വിനാശകരമായ ഈ പ്രവണതക്ക് പുറമെ ഒരു പക്ഷേ കടുത്ത മത സിദ്ധന്ത ശാഠ്യങ്ങളുടെ (Dogma) പുനരുത്ഥാനവുമായി ബന്ധപ്പെട്ട മറ്റൊരു പ്രതിഭാസം ലോക സമാധാനത്തിന് ഗുരുതരമായ ഭീഷണി ഉയർത്തുകയാണ്. മതസിദ്ധാന്ത ശാഠ്യത്തിലധിഷ്ഠിതമായ ഈ പുനരുത്ഥാനവാദം വിഷലിപ്തമായ അന്തരീക്ഷം സൃഷ്ടിക്കുന്നു. അത് ആരോഗ്യകരമായ ആശയ സംവാദങ്ങൾക്കും, ചിന്താവിനിമയങ്ങൾക്കും മാരകമായ പ്രഹരമേൽപ്പിക്കുകയും ചെയ്യുന്നു. മറ്റൊരു കാര്യം തത്ത്വദീക്ഷയില്ലാതെ ഈ അരക്ഷിതാവസ്ഥ തങ്ങളുടെ നേട്ടത്തിനായി ചൂഷണം ചെയ്യാൻ അവസരവാദ രാഷ്ട്രീയക്കാർ ഒരുങ്ങിനിൽക്കുന്നു എന്നതാണ്. അവർ മതത്തിന്റെ പ്രതിഛായക്ക് തന്നെ മങ്ങലേൽപ്പിച്ചു കൊണ്ടിരിക്കുന്നു. ചരിത്രപരമായി പരസ്പരം പോരടിച്ചു നിൽക്കുന്ന മതങ്ങൾക്കും, അവരുടെ വൈതാളികന്മാർക്കും ഈ സ്ഥിതി വരുത്തിവെച്ചതിൽ അവരുടേതായ പങ്കുണ്ട്. ലോക കാര്യങ്ങളിൽ പൂർണമായും നിഷ്പക്ഷത പാലിക്കേണ്ട സ്വതന്ത്രങ്ങളാണെന്ന് പറയപ്പെടുന്ന മാധ്യമങ്ങൾ അദൃശ്യ ഹസ്തങ്ങളാൽ നിയന്ത്രിക്കപ്പെടുന്നു. അതു കാരണം ഒരു രാജ്യത്തെ ഭൂരിപക്ഷം മതാനുയായികൾക്ക് അനുകൂലമായി ആ രാജ്യത്തെ മാധ്യമങ്ങൾ നിലകൊള്ളുമ്പോൾ പ്രതിയോഗിയായ മതത്തെ ഇകഴ്ത്തുന്ന പ്രചാരണ യുദ്ധത്തിൽ പ്രസ്തുത മാധ്യമങ്ങൾ പക്ഷം ചേരുകയാണ് ചെയ്യുന്നത്. അങ്ങനെ രംഗം കൂടുതൽ സങ്കീർണമാവുന്ന, കലങ്ങിമറിയുന്ന ഈ കാലുഷ്യാവസ്ഥയുടെ ആദ്യത്തെ ബലിയാട് തീർച്ചയായും മതം തന്നെയാണ്.

ഇക്കാലത്ത് മതലോകത്ത് അരങ്ങേറുന്ന സംഭവങ്ങളെ കുറിച്ച് ഞാൻ അങ്ങേയറ്റം ഉത്കണ്ഠാകുലനും അസ്വസ്ഥനുമാണ്. മതങ്ങൾ തമ്മിലുള്ള തെറ്റിദ്ധാരണകൾ നീക്കം ചെയ്യാൻ അകൃത്രിമവും ഗൗരവ പൂർണവുമായ ശ്രമങ്ങൾ മതങ്ങളുടെ ഭാഗത്ത് നിന്നുതന്നെ ഉണ്ടാവേണ്ടതുണ്ട്.

നമ്മുടെ ചോദനകളേയും, ആവശ്യങ്ങളേയും തൃപ്തിപ്പെടുത്തുന്ന രീതിയിൽ ഉത്കൃഷ്ടമായ നന്മകൾ പ്രദാനം ചെയ്യാൻ ഇസ്‌ലാമിന് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

കാര്യങ്ങൾ എളുപ്പത്തിൽ മനസ്സിലാവാൻ വേണ്ടി ഞാൻ ഈ വിഷയം വ്യത്യസ്ത വിഭാഗങ്ങളായി തരംതിരിക്കുകയാണ്.

ഉദാഹരണമായി ഒരു മതത്തിന് ലോകത്ത് സമാധാനം സ്ഥാപിക്കാൻ സഹായിക്കണമെങ്കിൽ ആ മതത്തിന് ആത്യന്തികമായി മനുഷ്യനെ സാർവജനീനമായി ഏകോപിപ്പിക്കാൻ കഴിയണമെന്ന് ഞാൻ വിശ്വസിക്കുന്നു. അതായത് വർണം, വർഗം, ദേശീയത എന്നിവക്കതീതമായി മനുഷ്യനെ ഒരേ സ്രഷ്ടാവിന്റെ സൃഷ്ടികളാണെന്ന ബോധത്തോടെ സ്വീകരിക്കാൻ ഒരു മതത്തിന് സാധ്യമാവണം. അപ്രകാരം മാനവകുലത്തിൽപെട്ട ഏതെങ്കിലും ഒരു വിഭാഗത്തിന് ദൈവത്തിൽ നിന്നുള്ള ദിവ്യവെളിപാടുകൾ അരുളപ്പെട്ടിട്ടുണ്ട് എന്ന വാദമുണ്ടെങ്കിൽ മനുഷ്യവംശത്തിനാകെ അതിന് ഒരുപോലെ അവകാശമുണ്ടെന്ന് അംഗീകരിക്കണം. ഈ വീക്ഷണം തങ്ങളുടേത് മാത്രമാണ് സത്യമതമെന്ന ഏതൊരു മതത്തിന്റെയും അവകാശ കുത്തകയുടെ സങ്കൽപം ഇല്ലാതാക്കുന്നു.

ഏതൊരു മതത്തിനും അവയുടെ സിദ്ധാന്തവും പേരും എന്തുമായികൊള്ളട്ടെ, ഏത് വിധത്തിൽ ആ മതം കാണപ്പെടുകയോ ഏത് കാലഘട്ടത്തിൽ അത് ഉത്ഭവിക്കുകയോ ചെയ്തു കൊള്ളട്ടെ, ആ മതങ്ങൾക്ക് തങ്ങളിൽ ചില ദിവ്യസത്യങ്ങളുണ്ടെന്ന് വാദിക്കാനുള്ള അവകാശമുണ്ട്. മതങ്ങൾ തമ്മിൽ സിദ്ധാന്തങ്ങളിലും അദ്ധ്യാപനങ്ങളിലും വൈവിധ്യമുണ്ടെങ്കിലും ഏറെക്കുറെ അവക്കെല്ലാം പൊതുവായ ഒരു പ്രഭവ കേന്ദ്രമുണ്ടെന്ന് ആർക്കും സമ്മതിക്കേണ്ടിവരും. ഒരു ദേശത്ത് ഒരു മതം ഉത്ഭവം കൊള്ളാൻ കാരണമായ അതേ പരാശക്തി മറ്റു ദേശങ്ങളിലുള്ള ജനങ്ങളുടെ മതപരവും ആത്മീയവുമായ ആവശ്യങ്ങളും കാലാകാലങ്ങളായി നിവർത്തിച്ചു കൊടുത്തിട്ടുണ്ട്. ഇതാകുന്നു ഇസ്‌ലാമിന്റെ വേദഗ്രന്ഥമായ വിശുദ്ധഖുർആന്റെ സന്ദേശസാരം.

## പ്രവാചകത്വത്തിന്റെ സാർവജനീനത

വിശുദ്ധ ഖുർആൻ പറയുന്നു: '***ഓരോ സമുദായത്തിലും നാം ഓരോ ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക, ദുശ്ശക്തികളെ വർജിക്കുക എന്നതായിരുന്നു അവരുടെ പ്രബോധനം'(അദ്ധ്യാ. 16 അൽ-നഹ്ൽ:37)*** രണ്ടാമതായി ഓ, ദൈവദൂതരേ, താങ്കൾ മാത്രമല്ല ലോകത്ത് ഏക പ്രവാചകൻ എന്ന് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു. '***തീർച്ചയായും നിനക്ക് മുമ്പേ ദൂതന്മാരെ നാം അയച്ചിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിട്ടുണ്ട്. അവരിൽ ചിലരുടെ വിവരം നാം നിനക്ക് നൽകിയിട്ടില്ല (അദ്ധ്യാ. 40, അൽ മുഅ്മിൻ: 79)***

ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകരെ വിശുദ്ധഖുർആൻ ഓർമപ്പെടുത്തുന്നു. '***നീ മുന്നറിയിപ്പുകാരൻ മാത്രമാകുന്നു. തീർച്ചയായും സന്തോഷവാർത്ത അറിയിക്കുന്നവനും, മുന്നറിയിപ്പ് നൽകുന്നവനുമായി സത്യസമേതം നാം നിന്നെ***

***അയച്ചിരിക്കുന്നു. ഒരു ദൈവിക മുന്നറിയിപ്പുകാരൻ വന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല' (അദ്ധ്യാ.35, അൽഫാത്തിർ: 24 –25)***

വിശുദ്ധ ഖുർആന്റെ മേൽപറഞ്ഞ വചനങ്ങളുടെ അടിസ്ഥാനത്തിൽ മറ്റു മതങ്ങളെ ഉന്മൂലനം ചെയ്തുകൊണ്ട് സത്യത്തിന്റെ അവകാശകുത്തക ഇസ്‌ലാം സ്ഥാപിക്കുന്നില്ല എന്ന കാര്യം വളരെ സ്പഷ്ടമാണ്. മറിച്ച് മനുഷ്യന്റെ മതപരവും ആത്മീയവുമായ ആവശ്യങ്ങൾക്ക് വേണ്ടി എല്ലാ ദേശങ്ങളിലും പ്രവാചകൻമാരെ ദൈവം നിയോഗിച്ചിട്ടുണ്ടെന്നാണ് ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത്.

**എല്ലാ പ്രവാചകൻമാരും തുല്യർ**

ലോകത്തിലെ വിവിധ ജനതകളിൽ വിവിധ കാലങ്ങളിലായി നിരവധി പ്രവാചക നിയോഗങ്ങളുണ്ടായി എന്നു വരുമ്പോൾ അവർക്കെല്ലാം ഒരേ ദിവ്യപ്രമാണികതയാണോ ഉണ്ടായിരുന്നത് എന്ന ചോദ്യമുയരുന്നു. ഖുർആന്റെ വീക്ഷണ പ്രകാരം എല്ലാ പ്രവാചകന്മാരും ദൈവ പ്രേഷിതരാണ്. അവരുടെ ദിവ്യപ്രമാണികതയെ പറ്റി പറയുമ്പോൾ അത് സമാന ശക്തിയോടെയും ശേഷിയോടെയുമാണ് അവർ അത് പ്രാവർത്തികമാക്കിയത്. ഒരാൾക്കും തന്നെ പ്രവാചകന്മാർക്കിടയിൽ പക്ഷഭേദം കൽപ്പിക്കാനുള്ള അവകാശമില്ല. പ്രവാചകന്മാരുടെ ആധികാരികതയെ പറ്റി പറയുകയാണെങ്കിൽ അവരെല്ലാവരും തുല്യരുമായിരിക്കണം. മറ്റു മതങ്ങളെയും മതസ്ഥാപകരെയും സംബന്ധിച്ചും, ചെറിയ മതപ്രവാചകന്മാരെ പറ്റി പോലും ഇസ്‌ലാമിന്റെ സമീപനമിതാണ്. വിവിധ മതങ്ങളെ ഉദ്ഗ്രഥിക്കാനും സമന്വയിപ്പിക്കാനുമുള്ള സുപ്രധാനമായ ഒരു കണ്ണിയാണിത്. എല്ലാ പ്രവാചകന്മാരുടെയും വെളിപാടുകളുടെ ആധികാരികതയ്ക്ക് തുല്യപദവിയാണുള്ളതെന്ന ഈ സിദ്ധാന്തം വിവിധ മതങ്ങളെ ഏകോപിപ്പിക്കാനുള്ള ഏറ്റവും ശക്തമായ ഒരു ഘടകമായി ഉപയോഗിക്കാവുന്നതാണ്. ഇത് മൂലം ഇതര മതങ്ങളിലെ പ്രവാചകന്മാർക്ക് ലഭിച്ച വെളിപാടുകളോടുള്ള ശത്രുതാ മനോഭാവവും , ആദരവും ബഹുമാനവുമായി പരിണമിക്കുന്നു.

വിശുദ്ധ ഖുർആന്റെ യുക്തിഭദ്രവും വ്യക്തവുമായ നിലപാട് ഇതാകുന്നു.('***ഇസ്‌ലാമിന്റെ വിശുദ്ധ സ്ഥാപകരായ) ഈ ദൂതൻ തന്റെ നാഥനിൽ നിന്ന് അദ്ദേഹത്തിന് വെളിപ്പെട്ടതിൽ വിശ്വസിക്കുന്നു. സത്യവിശ്വാസികളും വിശ്വസിക്കുന്നു. (അവർ) എല്ലാവരും അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ വേദങ്ങളിലും വിശ്വസിക്കുന്നു. അല്ലാഹുവിന്റെ ദൂതന്മാരിൽ ആർക്കിടയിലും ഞങ്ങൾ വ്യത്യാസം കൽപ്പിക്കുന്നില്ല (എന്നവർ പറയുന്നു). ഞങ്ങൾ അല്ലാഹുവിന്റെ കൽപനകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു എന്നും അവർ പറയുന്നു.' (അദ്ധ്യാ.2, അൽബഖറ: 286)***

മറ്റുഖുർആൻ സൂക്തങ്ങളിലും ഈ വിഷയം ആവർത്തിക്കുന്നു. ഉദാഹരണമായി '***അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും, അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കൽപ്പിക്കുന്നതിന് ഉദ്ദേശിക്കുകയും, ' ഞങ്ങൾ ചിലരിൽ വിശ്വസിക്കുന്നു, ചിലരിൽ അവിശ്വസിക്കുകയും ചെയ്യുന്നു എന്നു പറയുകയും, അതിനു മദ്ധ്യേ മറ്റൊരു മാർഗം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് യഥാർഥ അവിശ്വാസികൾ. അവിശ്വാസികൾക്ക് നാം അപമാനകരമായ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട് '(അദ്ധ്യാ. അന്നിസാഅ്: 151,152)***

**ആധികാരികത തുല്യമായാൽ പദവിയിൽ വ്യത്യാസമുണ്ടാകുമോ?**

പ്രവാചകന്മാർ എല്ലാവരുടേയും ആധികാരികത തുല്യമാണെങ്കിൽ അവർ തങ്ങളുടെ പദവിയിലും തുല്യരാകണമെന്നുണ്ടോ? ഈ ചോദ്യത്തിനുള്ള ഉത്തരത്തിന് പല മാനങ്ങളുമുണ്ട്. പ്രവാചകന്മാരുടെ വ്യക്തിത്വങ്ങൾ വിഭിന്നങ്ങളാണ്. അതിനനുസൃതമായി അവരുടെ ദൗത്യങ്ങളിലും വൈജാത്യമുണ്ട്. ദൈവത്തിന്റെ സാമീപ്യത്തിനനുസരിച്ചും ദൈവദൃഷ്ടിയിൽ അവർക്കുള്ള യോഗ്യതകൾക്കനുസരിച്ചും ദൂതന്മാർ ഒന്നിനൊന്ന് വ്യത്യസ്തരാണ്. വിശുദ്ധ ബൈബിൾ, വിശുദ്ധ ഖുർആൻ, മറ്റു വിശുദ്ധ ഗ്രന്ഥങ്ങൾ മുതലായവയെ അടിസ്ഥാനമാക്കി പ്രവാചകന്മാരുടെ ചരിത്രം പഠിക്കുകയാണെങ്കിൽ ഈ വസ്തുത ശരിയാണെന്നു കാണാം.

മനുഷ്യ സമാധാനത്തെ അലോസരപ്പെടുത്താത്ത രീതിയിലാണ് ഖുർആൻ പ്രവാചകന്മാരുടെ പദവിഭേദം അംഗീകരിക്കുന്നത്. ഒരു പ്രവാചകനെ അപേക്ഷിച്ച് മറ്റൊരു പ്രവാചകന് വ്യത്യസ്തത നിരൂപിക്കുകയോ പ്രവാചകൻമാർക്കിടയിൽ അവരുടെ സന്ദേശത്തിന്റെ ആധികാരികതയിൽ വിഭിന്നത കൽപ്പിക്കുകയോ ചെയ്യരുതെന്ന് അതേ വിശുദ്ധ ഖുർആൻ തന്നെ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു.

'***ആ ദൈവ ദൂതന്മാരിൽ ചിലരെ മറ്റു ചിലരെക്കാൾ നാം ശ്രേഷ്ഠരാക്കിയിരിക്കുന്നു. അല്ലാഹു (പ്രത്യേകമായി) സംസാരിച്ച ചിലർ അവരിൽപ്പെടുന്നു. ചിലരെ അവൻ പല പദവികളിലും ഉയർത്തിയിട്ടുണ്ട്' (അദ്ധ്യാ. അൽബക്കറ:254)***

ഖുർആന്റെ ഈ പ്രമേയം അംഗീകരിക്കുകയാണെങ്കിൽ പ്രവാചകന്മാരിൽ ആരെയാണ് ഉന്നത യോഗ്യതയുള്ളവരായി പരിഗണിക്കുക എന്ന് ഒരാൾ അദ്ഭുതം കൂറിയേക്കാം. ഇത് വൈകാരികമായി അതിസംവേദനത്വമുണ്ടാക്കുന്ന ഒരു വിഷയമാണ്. പക്ഷേ ഈ സുപ്രധാന പ്രശ്നത്തിന് നേരെ ഒരാൾക്ക് കണ്ണടക്കുവാൻ സാധ്യമല്ല.

ഏറെക്കുറെ എല്ലാ മതങ്ങളുടെയും അനുയായികളും അവരുടെ മതസ്ഥപകരാണ് സർവയോഗ്യർ എന്നും വൈശിഷ്ട്യത്തിലും, അന്തസ്സിലും ഭക്തിയിലും ബഹുമതിയിലും ചുരുക്കത്തിൽ ഒരു പ്രവാചകന് യോജിച്ച സർവ ഗുണങ്ങളിലും അദ്ദേഹത്തെ വെല്ലുവാൻ മറ്റാരുമില്ലെന്നും അവകാശവാദം ഉന്നയിക്കു

ന്നു. അപ്പോൾ ഇസ്‌ലാം മതവും മുഹമ്മദ് നബി(സ)യാണ് എല്ലാ പ്രവാചകന്മാരിലും വെച്ച് പരമ ശ്രേഷ്ഠൻ എന്ന് അവകാശപ്പെടുന്നില്ലേ? അതെ, തീർച്ചയായും ശ്രേഷ്ഠതയിലും ഗുണത്തിലും മറ്റെല്ലാ പ്രവാചകന്മാരെക്കാളും അത്യുന്നതിയിൽ മുഹമ്മദ് നബി (സ) വിരാജിക്കുന്നുവെന്ന് ഇസ്‌ലാം വ്യക്തമായും അവകാശപ്പെടുന്നു. എന്നാൽ ഈ അവകാശവാദത്തിന്റെ രീതിയിലും സമീപനത്തിലും ഇസ്‌ലാമും മറ്റു മതങ്ങളും തമ്മിൽ വളരെ വ്യക്തമായ അന്തരമുണ്ട്.

ഒന്നാമതായി ഇസ്‌ലാമല്ലാതെ മറ്റൊരു മതവും എല്ലാ സമൂഹങ്ങളിലും ദിവ്യ പ്രവാചകന്മാർ ആഗതരായിട്ടുണ്ട് എന്ന് വിശ്വസിക്കുകയോ പ്രവാചകത്വത്തിന്റെ സാർവജനീനത അംഗീകരിക്കുകയോ ചെയ്യുന്നില്ല. യഹൂദർ മോസസ്സ് (അ) ആണ് മഹാനായ പ്രവാചകൻ എന്ന് വാദിക്കുമ്പോൾ മോസസിനെ(അ) ബുദ്ധനു(അ)മായോ, കൃഷ്ണനു (അ)മായോ, യേശുവു(അ)മായോ മുഹമ്മദു (സ) മായോ താരതമ്യപ്പെടുത്താറില്ല. കാരണം മേൽ പ്രസ്താവിച്ച മഹാന്മാരായ മതസ്ഥാപകരുടെ അവകാശവാദങ്ങളെ യഹൂദർ നിരാകരിക്കുന്നു. മാത്രമല്ല ഈ മഹാത്മാക്കളായ സത്യാത്മാക്കളാരും തന്നെ സ്വീകാര്യയോഗ്യരാണെന്നും അവർ കരുതുന്നില്ല. ബൈബിൾ പഴയ നിയമത്തിലെ പ്രവാചക പട്ടികയിൽ പ്രത്യേകം പരാമർശിക്കാത്ത പ്രവാചകന്മാരെ യഹൂദർ പ്രവാചകന്മാരായി അംഗീകരിക്കില്ല. ബൈബിളിന് പുറത്ത് പ്രവാചകന്മാരുണ്ടാകാം എന്ന നേരിയ സാധ്യത പോലും അവർ നിഷേധിക്കുന്നു. യഹൂദ പ്രവാചകന്മാർ മാത്രമാണ് ലോക വന്ദ്യന്മാർ എന്നുള്ള അവരുടെ കടുത്ത അവകാശവാദം കാരണം ബൈബിളിന് പുറത്തുള്ള മതം എന്ന നിലക്ക് ഇസ്‌ലാമിന്റെ അസ്തിത്വം പോലും അവർ അംഗീകരിക്കുന്നില്ല. തീർച്ചയായും ബുദ്ധമതം, സൊറോസ്ട്രിയൻ മതം, ഹിന്ദുമതം എന്നീ മതങ്ങളുടെ നിലപാടും ഇതുതന്നെയാണ്.

നാം ശ്രദ്ധിക്കേണ്ട മറ്റൊരു വ്യത്യാസം യഹൂദ 'ക്രൈസ്തവ' ഇസ്‌ലാം മതങ്ങളിലെ പ്രവാചക സങ്കൽപം പോലെ ഒന്ന് മറ്റു ജനങ്ങളിലില്ല. ആ മതങ്ങൾ തങ്ങളുടെ വിശുദ്ധ മതപുരുഷന്മാരെ പ്രവാചകന്മാർ എന്ന് എപ്പോഴും പരിചയപ്പെടുത്താറില്ല. അവരൊക്കെ മതസ്ഥാപകന്മാരോ ദൈവാവതാരങ്ങളോ ദൈവം തന്നെയോ അതല്ലെങ്കിൽ അതിനടുത്തെത്തുന്ന മറ്റെന്തിലുമൊക്കെയോ ആണ്. ഈ അർഥത്തിൽ ക്രൈസ്തവ വീക്ഷണമനുസരിച്ച് യഹൂദ പാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമായിക്കൊണ്ടാണ് ഒരു പക്ഷേ യേശു ക്രിസ്തു സങ്കല്പിക്കപ്പെടുന്നത്.

ഇത്തരം എല്ലാ ദൈവങ്ങളും ദൈവാവതാരങ്ങളും ദൈവത്തിന്റെ പുത്രന്മാരും ദൈവമക്കളുമെല്ലാം അവരുടെ അനുയായികളാൽ പിൽക്കാലത്ത് ദൈവപദം ആരോപിക്കപ്പെട്ട കേവലം പ്രവാചകന്മാരായിരുന്നു എന്നതാണ് ഇസ്‌ലാമിക വീക്ഷണം. വാസ്തവത്തിൽ പ്രവാചകന്മാരെ ആരാധനാ മൂർത്തികളാക്കുന്ന പ്രക്രിയ വിവിധ മതങ്ങളിൽ സാവകാശം രൂപം കൊണ്ടതാണ്. അത് അത്തരം പ്രവാചകന്മാരുടെ സമകാലീന സമൂഹത്തിൽ നിന്നും സ്വയം ഉണ്ടായതല്ല. അതിനെ സംബന്ധിച്ച് പിന്നീട് പ്രതിപാദിക്കാം.

ഇസ്‌ലാം അതിന്റെ വിശുദ്ധ സ്ഥാപകരെ എല്ലാ പ്രവാചകന്മാരിലും വെച്ച് ശ്രേഷ്ഠൻ എന്നു പറയുന്നത്, യഹൂദ ഇസ്‌ലാമിക സങ്കല്പ പ്രകാരം ലോക മതങ്ങളിലെ എല്ലാ ദിവ്യാത്മാക്കളെയും പ്രവാചകന്മാരായി വിശ്വസിച്ചു കൊണ്ടാണ്. ആവർത്തിച്ച് മനസ്സിരുത്തേണ്ടകാര്യം എല്ലാ വെളിപാട് മതങ്ങളുടേയും മതസ്ഥാപകന്മാർ ദൈവം തിരഞ്ഞെടുത്ത പ്രവാചകന്മാരായ വെറും മനുഷ്യരായിരുന്നു എന്നതാണ്. ഈ പ്രതിഭാസം സാർവജനീനമാണെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു.

*'എന്നാൽ നാം ഓരോ സമുദയത്തിൽ നിന്നും ഓരോ സാക്ഷിയെ കൊണ്ടു വരികയും ഇവർക്ക് സാക്ഷിയായി നാം നിന്നെ കൊണ്ടുവരികയും ചെയ്യുമ്പോൾ (ഇവരുടെ) സ്ഥിതി എന്തായിരിക്കും?'(അദ്ധ്യാ.4 അന്നിസാഅ്:42)*

സുപ്രധാനമായ ഈ വസ്തുതയുടെ വിശദീകരണശേഷം ഖുർആന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകന്റെ പദവിയെപ്പറ്റി വിശകലനം ചെയ്യാം. അത് സംബന്ധിച്ച് സ്പഷ്ടവും അവിതർക്കിതവുമായ രീതിയിൽ ഖുർആനിൽ വ്യാപകമായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

*'മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റേയും പിതാവല്ല, പക്ഷേ അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടേയും മുദ്രയുമാണ്. അല്ലാഹു എല്ലാ കാര്യത്തെകുറിച്ചും നല്ല വണ്ണം അറിയുന്നവനാണ് (അദ്ധ്യാ. അൽ അഹ്സാബ് സൂക്തം 41)*

ഇവിടെ ഉപയോഗിച്ച 'ഖാത്തം' എന്ന അറബി പദത്തിന് വിവിധങ്ങളായ ലക്ഷ്യാർഥങ്ങളുണ്ട്. ശ്രേഷ്ഠം, പരമമായ അവസാന വാക്ക്, പരമാധികാരി സർവതിനേയും ചൂഴ്ന്നു നില്ക്കുന്നതും മറ്റൊന്നിന്റെ സത്യത്തെ മാറ്റുരച്ചു നോക്കുന്നതും (Lexicom of the Arabic Language F.W. Lane, Aqrab al - Muwarid, The Mufradat of Imam Raghib Fath and Zurquai).

ഇസ്‌ലാം മതസ്ഥാപകരായ പ്രവാചക ശ്രേഷ്ഠന്റെ വൈശിഷ്ട്യം വെളിവാക്കുന്ന മറ്റൊരു ഖുർആൻ സൂക്തത്തിൽ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങൾ അവികലവും സമ്പൂർണമാണെന്ന് പ്രഖ്യാപിക്കുന്നു.

*'ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ നിങ്ങൾക്ക് ഞാൻ പൂർണമാക്കിത്തരികയും എന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തീകരിക്കുകയും ഇസ്‌ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു' (അദ്ധ്യാ. സൂറ അൽമാഇദ: 4)*

ലോകത്തിലെ ന്യായ പ്രമാണ

വാഹികളായ പ്രവചാകന്മാരുടെ സമൂഹത്തിൽ ഏറ്റവും പൂർണമായ അദ്ധ്യാപനങ്ങൾ നൽകിയ വിശുദ്ധ പ്രവാചകൻ ഉന്നതമായ സ്ഥാനം അലങ്കരിക്കുന്നു എന്ന് ഈ അവകാശവാദത്തിൽ നിന്നും വ്യക്തമായും അനുമാനിക്കാൻ കഴിയും.

ഈ പ്രമേയം വീണ്ടും വിശദമാക്കാവുന്നതാണ്. അതായത് വിശുദ്ധ പ്രവാചകനു വെളിപ്പെട്ട ഗ്രന്ഥം എല്ലാവിധ പ്രക്ഷിപ്തങ്ങളിൽ നിന്നും സുരക്ഷിതവും അദ്ധ്യാപനങ്ങൾ സമ്പൂർണവും സാർവകാലികവുമാണെന്ന് മാത്രമല്ല, അത് വെളിപ്പെട്ടത് പ്രകാരം ഓരോവാക്കിലും അവികലമാണെന്നും അവകാശപ്പെട്ടിരിക്കുന്നു. കഴിഞ്ഞ 14 നൂറ്റാണ്ടുകൾ ഈ അവകാശവാദത്തിന്റെ സത്യതക്ക് സാക്ഷ്യം വഹിക്കുന്നു. ചില വചനങ്ങൾ ഇപ്രകാരമാണ്.

'*സത്യമായും ഈ പ്രബോധ ഗ്രന്ഥം ഇറക്കിയത് നാമാണ്. തീർച്ചയായും നാം തന്നെ അതിനെ സംരക്ഷിക്കുന്നതാണ്* '*(അദ്ധ്യാ.15, അൽഹിജ്ർ:10)*

'*എന്നാൽ മഹത്ത്വപൂർണമായ ഖുർആനാണിത്. സുരക്ഷിതമായ ഒരു ഫലകത്തിൽ (ഉല്ലേഖനം ചെയ്യപ്പെട്ടത്)*'*(അദ്ധ്യാ.85, അൽബൂറൂജ്: 22, 23)*

മേൽപറഞ്ഞ വീക്ഷണ പ്രകാരം വിശുദ്ധ പ്രവാചകൻ പരമ ശ്രേഷ്ഠനാണെന്ന് പ്രഖ്യാപക്കപ്പെടുക മാത്രമല്ല അദ്ദേഹത്തിന്റേത് അവസാനത്തെ ന്യായ പ്രമാണവും പ്രളയകാലം വരെ പ്രാബല്യത്തിലുള്ളതുമായിരിക്കും.

ഇസ്ലാമിന്റെ വിശുദ്ധ സ്ഥാപകരെ കുറിച്ചുള്ള ഈ അവകാശവാദം മറ്റുള്ള മതാനുയായികൾ ഇസ്ലാമിന്റെ ഉദ്ദേശ്യത്തെ നിഷ്ഫലമാക്കുന്നവിധം തെറ്റിദ്ധാരണയും നീരസവുമുണ്ടാക്കില്ലേ എന്ന് ചിലർ ആശങ്കിച്ചേക്കാം. മനുഷ്യന്റെ സമസ്ത മണ്ഡലങ്ങളിലും സമാധാനം വാഗ്ദാനം ചെയ്യുന്നു എന്ന പ്രമേയവും ഈ അവകാശവാദവും തമ്മിൽ എങ്ങനെ പൊരുത്തപ്പെടും? അതും മതപരമായ സ്വാധീനം കുറവല്ലാത്ത സമൂഹങ്ങളിൽ ഇതെങ്ങനെ സ്വീകരിക്കപ്പെടും?

ഈ ചോദ്യം മനസ്സിൽ വെച്ചുകൊണ്ടായിരുന്നു ഈ അവകാശവാദം എനിക്ക് വിശദീകരിക്കേണ്ടിയിരുന്നത്. നിഷ്പക്ഷവും പഠനസജ്ജവുമായ ഒരു മനസ്സിനെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ ഈ ചോദ്യത്തിന് പല വിധത്തിലും ഉത്തരം നൽകാൻ കഴിയും.

ഇതിന് മുമ്പ് പറഞ്ഞത് പോലെ ഇത്തരം അവകാശവാദങ്ങൾ പല മതാനുയായികളും ഉന്നയിക്കുന്നു. അവകാശ വാദങ്ങളിൽ ഉന്മത്തനാവാത്ത സൂക്ഷ്മ ദൃക്കായ ഒരു മതവിശ്വാസിക്ക് ആപേക്ഷിക മാനദണ്ഡങ്ങൾ വെച്ചു കൊണ്ട് ഈ വിഷയത്തിൽ ഗവേഷണം നടത്താവുന്നതാണ്. അവകാശ വാദം എന്ന നിലക്ക് ഇത് മറ്റു മതാനുയായികളുടെ ഭാവുകത്വത്തെ പ്രകോപിപ്പിക്കുന്നില്ല. കാരണം മറ്റു മതാനുയായികളും ഇത് പോലെയുള്ള മറുവാദം ഉന്നയിക്കുന്നവരാണ്.

ഇസ്ലാം അതിന്റെ വിശുദ്ധ സ്ഥാപകരുടെ പരമ സ്ഥാനത്തെ സംബന്ധിച്ചുള്ള അവകാശ വാദം, എളിമയിലും മാന്യമായ രീതിയിലും മാത്രമേ പ്രകടിപ്പിക്കാൻ പാടുള്ളൂ എന്ന് അതിന്റെ അനുയായികളെ കർശനമായി ഉദ്ബോധിപ്പിക്കുകയും അന്യരെ അതിക്രമിക്കുമാറ് ഈ വാദം ഉന്നയിക്കരുതെന്ന് നിഷ്ക്കർഷിക്കുകയും ചെയ്യുന്നു.

ഒരു പ്രകാശ ഗോപുരം പോലെ മാർഗദർശനം നൽകുന്ന തിരുമേനി (സ)യുടെ ജീവിതത്തിൽ നിന്ന് ഈ അദ്ധ്യാപനം വിശദീകരിക്കാൻ രണ്ട് ഉദാഹരണങ്ങൾ എടുത്തുകാണിക്കാം.

1. തിരുമേനി(സ)യുടെ ഒരു അനുചരൻ മത്സ്യക്കാരനായ പ്രവാചകൻ എന്നറിയപ്പെടുന്ന യോനാ പ്രവാചകന്റെ (യൂനസ് നബി(അ)) ഒരു കടുത്ത അനുയായിയുമായി – ചൂടുപിടിച്ച വാഗ്വാദത്തിലേർപ്പെട്ടു. രണ്ടുപേരും അവർ സ്വീകരിച്ച പ്രവാചകന്മാരെപ്പറ്റി, ഒരാൾ മറ്റൊരാളേക്കാൾ ഉന്നത സ്ഥാനീയനാണെന്നായിരുന്നു തർക്ക വിഷയം. തിരുനബി(സ)യുടെ അനുയായികളായ മുസ്ലീം കക്ഷി വിട്ടുകൊടുക്കാതെ കടുംപിടുത്തത്തിൽ ഉറച്ചുനിന്നു. മനസ്സു വേദനിച്ച യോനാ പ്രവാചകന്റെ ആ അനുയായി തിരുമേനി (സ)യുടെ അടുക്കൽ എതിർകക്ഷിക്കെതിരെ ആവലാതിയുമായി സമീപിച്ചു. ഈ സന്ദർഭത്തിൽ മുഴുവൻ സമൂഹത്തേയും അഭിസംബോധന ചെയ്തുകൊണ്ട് തിരുമേനി (സ) അരുളി '*മത്തായുടെ മകൻ യോനാ (യൂനസ്) പ്രവാചകനേക്കാൾ ഉത്തമനാണ് ഞാനെന്ന് പ്രഖ്യാപിക്കരുത്' (ബുഖാരി)*

യോനാ (അ) പ്രവാചകനേക്കാൾ മാത്രമല്ല മറ്റെല്ലാ പ്രവാചകന്മാരെക്കാളും പദവി കൊണ്ട് ഉന്നത സ്ഥാനീയനാണ് തിരുനബി(അ) എന്നുള്ള ഖുർആന്റെ അവകാശവാദത്തിന് കടക വിരുദ്ധമായി തോന്നാവുന്ന ഈ ഹദീസ് ഹദീസ് ഭാഷ്യകാരന്മാരെ അമ്പരപ്പിക്കുകയുണ്ടായി. എന്നാൽ താൻ പദവി കൊണ്ട് യോനായേക്കാൾ താഴെയാണെന്നും യോനാ(അ) തന്നെക്കാൾ മുകളിലാണെന്നും തിരുനബി(സ) പറഞ്ഞിട്ടില്ല എന്നകാര്യം അവർ ശ്രദ്ധിച്ചില്ല. മറ്റുള്ളവരുടെ വികാരത്തെ കടന്നാക്രമിക്കുന്ന വിധത്തിൽ താൻ ഉന്നതനാണെന്ന് പ്രഖ്യാപിക്കരുതെന്നാണ് തിരുനബി(സ)പറഞ്ഞത്. ഈ സംഭവത്തിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിയുക പ്രവാചകൻ മുസ്ലിംകൾക്ക് മാന്യതയുടെ ഏറ്റവും നല്ല അദ്ധ്യാപനം നൽകുകയായിരുന്നു വെന്നാണ്. വീരസ്യം പറയുന്നതിനെ അല്ലാഹു വിലക്കിയിരുന്നു. മറ്റുള്ളവരെ വേദനിപ്പിക്കുകയും പ്രശ്നങ്ങളുണ്ടാക്കുകയും ചെയ്യുമെന്നതിനാൽ അകൃത്യങ്ങൾക്ക് ഹേതുവാകാത്ത വിധത്തിലാണ് തിരുനബി(സ)യുടെ പദവിയെ സംബന്ധിച്ചുള്ള ചർച്ചകളിൽ ഏർപ്പെടേണ്ടത്. അന്യരുടെ ഹൃദയത്തെ ജയിച്ചടക്കുന്നതിന് പകരം അവരുടെ വിദ്വേഷം സമ്പാദിക്കാനാണ് ഇത്തരം വിവാദങ്ങൾ ഉതകുക.

2. ഇത്പോലെ ഒരു യഹൂദനും

# ഇസ്‌ലാമും സെക്കുലർ ഡെമോക്രസിയും

സെക്കുലരിസവും ഇസ്‌ലാമുമായുള്ള ബന്ധത്തെ സമഗ്രമായി വിശകലനം ചെയ്തുകൊണ്ടുള്ള ലേഖന പരമ്പര ആരംഭിക്കുന്നു

എ. എം. മുഹമ്മദ് സലീം

ആധുനിക ലോകത്ത് മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധം നിർണയിക്കുന്ന ഏറ്റവും പ്രധാനപെട്ട ഒരു ഭരണതത്ത്വവും രാഷ്ട്രീയ ദർശനവുമാണ് സെക്കുലരിസം. സമാധാനവും മനുഷ്യ ക്ഷേമവും കൈവരിക്കാനുള്ള ഒരു ഭരണ തത്ത്വം എന്ന നിലക്ക് ഇസ്‌ലാമിന്റെ പിന്തുണ അതിനുണ്ട്. ജനാധിപത്യത്തിൽ വൈവിധ്യങ്ങളെ സമഞ്ജസമായി സമന്വയിപ്പിക്കാനും വൈരുദ്ധ്യങ്ങളെ സംഘർഷ രഹിതമായി ഏകോപിപ്പിക്കാനും സെക്കുലരിസത്തിന് കഴിയും. മത വൈവിധ്യങ്ങളുടെ പ്രദർശനശാല എന്ന് വിശേഷിപ്പിക്കപെട്ട നമ്മുടെ രാജ്യം അതിന്റെ ചിരപുരാതനമായ നാനാത്വത്തിൽ ഏകത്വം എന്ന സാമൂഹിക ദർശനത്തിന്റെ നൈരന്തര്യം ആധുനിക കാലത്ത് ഫലപ്രദമായി നിലനിർത്തിയത് നമ്മുടെ ആദരണീയമായ ഭരണഘടനയിലൂടെയാണ്. നമ്മുടെ രാഷ്ട്രത്തിന്റെ വിശേഷണമായി ഭരണഘടനയുടെ ആമുഖത്തിൽ എഴുതി ചേർത്ത സെക്കുലരിസം എന്ന പദവും മത സ്വാതന്ത്ര്യത്തെ സംബന്ധിച്ച വകുപ്പുകളും സെക്കുലരിസത്തെ സജീവമായൊരു പ്രായോഗിക തത്ത്വമാക്കി മാറ്റുന്നു.

1949 നവംബർ 25ന് ഇന്ത്യൻ ഭരണഘടന നിലവിൽ വരുമ്പോൾ **'സെക്കുലരിസം'** എന്ന പദം ഭരണഘടനയിലില്ലായിരുന്നു. എങ്കിലും സെക്കുലരിസം വിഭാവന ചെയ്യുന്ന എല്ലാ ആശയങ്ങളും ഇതിനകം നമ്മുടെ ഭരണഘടന ഉൾക്കൊണ്ടിരുന്നു. അതായത് ഭരണ ഘടന അംഗീകരിച്ച 7 മൗലികാവകാശങ്ങളിൽപെട്ട മത സ്വാതന്ത്ര്യത്തിനുള്ള അവകാശവും അതിനെ വിശദീകരിച്ചു കൊണ്ടുള്ള 25 മുതൽ 28 വരെയുള്ള വകുപ്പുകളും നൽകുന്ന ഉറപ്പ് സെക്കുലരിസം വാഗ്ദാനം ചെയ്യുന്ന ഉറപ്പ് തന്നെയായിരുന്നു. സെക്കുലരിസത്തോട് ഭാരതീയ സമൂഹത്തിന്റെ ഉൽക്കടമായ അഭിവാഞ്ഛ

---

മുസ്‌ലിമുമായി നടന്ന തർക്കത്തിൽ തിരുമേനി (സ) സ്വീകരിച്ച നിലപാട് ഈ സമീപനത്തെ ഒന്നുകൂടി ബലപ്പെടുത്തുന്നു. രണ്ടുപേരും താന്താങ്ങളുടെ മതഗുരുക്കന്മാരാണ് ഉന്നതരെന്ന അവകാശവാദവുമായി വിവാദത്തിലേർപ്പെട്ടു. തർക്കത്തിലേർപ്പെട്ട യഹൂദൻ അവസരം പാഴാക്കാതെ മുസ്‌ലിമിനെതിരിൽ നബി തിരുമേനി(സ)യോട് പരാതി ബോധിപ്പിച്ചു. തന്റെ സഹജമായ വിനയത്തോടെ തിരുമേനി (സ) മുസ്‌ലിംകളെ നോക്കി ഉപദേശിച്ചു.

***'മൂസാക്ക്മേൽ എന്റെ ഔന്നത്യം പ്രഖ്യാപിക്കരുത്'(ബുഖാരി)***


പ്രവാചകന്മാരുടെ മൂപ്പിളമയും അവരുടെ താരതമ്യാത്മക ദൈവ സാമീപ്യത്തിന്റെ യോഗ്യതാ സ്ഥാനങ്ങളും നിർണയിക്കാനുള്ള അധികാരം ദൈവത്തിൽ മാത്രം നിക്ഷിപ്തമാണ്. കാല നിബദ്ധമായ ഒരു നിശ്ചിത മതസമുദായത്തിൽ അവതരിച്ച പ്രവാചകന്മാരെ ദൈവം ശക്തമായ ഭാഷ ഉപയോഗിച്ച് തന്റെ പ്രീതി പ്രകടിപ്പിക്കാൻ അദ്ദേഹം പരമ യോഗ്യൻ എന്ന് പ്രഖ്യാപിച്ചിട്ടുണ്ടാവാം. ഈ അത്യുക്തി കലർന്ന വിശേഷണം സ്ഥലകാല ബന്ധിതമായ ഒരു സാപേക്ഷിക പ്രയോഗമായിരിക്കാം.

പരമയോഗ്യൻ എന്ന് വിശേഷിക്കപ്പെട്ട ഈ ദിവ്യാത്മാക്കളുടെ അനുയായികൾ തങ്ങളുടെ മത പുരുഷന്മാരെ സർവകാലത്തേക്കും സമുന്നതസ്ഥാനീയർ എന്ന് വിശ്വസിക്കാൻ മേൽ പ്രയോഗങ്ങൾ കാരണമായിട്ടുണ്ടാകാം. യഥാർഥത്തിൽ ഇത്തരം വിശ്വാസം ഇതര വിശ്വാസങ്ങളോടുള്ള കടന്നാക്രമണമായി കരുതേണ്ടതില്ല. ഇത്തരം വിശ്വാസങ്ങൾ മൂലം മതങ്ങൾ തമ്മിലുള്ള സഹവർത്തിത്വത്തിൽ സംഘർഷങ്ങൾ സൃഷ്ടിക്കാൻ പാടില്ലെന്ന് നമ്മുടെ ഉയർന്ന സാമൂഹിക ബോധം ആവശ്യപ്പെടുന്നു. വാസ്തവത്തിൽ നേരത്തെ പറഞ്ഞ തിരുമേനി(സ)യുടെ താക്കീതിന്റെ അന്ത:സ്സാരം ഇതായിരുന്നു. വിനയത്തിന്റെയും മാന്യതയുടെയും ആദർശബദ്ധമായ ഒരു സമീപനം മതങ്ങൾ കൈകൊള്ളുകയാണെങ്കിൽ മതസംവാദങ്ങൾ ഗുണപര്യവസായിയായി കലാശിക്കുന്നതാണ്.

അവിടം കൊണ്ടും അവസാനിച്ചില്ല. 1976 ൽ 42-ാമത് ഭരണ ഘടനാ ഭേദഗതിയിലൂടെ സെക്കുലരിസം എന്ന പദം ഇന്ത്യാ റിപ്പബ്ലിക്കിന്റെ വിശേഷണമായി കൊണ്ട് ഇപ്രകാരം ഭരണഘടനയുടെ ആമുഖത്തിൽ എഴുതിച്ചേർക്കുകയുണ്ടായി. **'ഇന്ത്യയിലെ ജനങ്ങളായ ഞങ്ങൾ, ഇന്ത്യയിലെ ഒരു പരമാധികാര സോഷ്യലിസ്റ്റ് സെക്കുലർ ഡമോക്രാറ്റിക്ക് റിപ്പബ്ലിക്കായി സംഘടിക്കുന്നതിനും...'**

മുസ്‌ലിം രാജ്യങ്ങളുടെയും മതന്യൂന പക്ഷമായി മറ്റു രാജ്യങ്ങളിൽ കഴിയുന്ന മുസ്‌ലിം കളുടെയും ക്ഷേമത്തിനും സുരക്ഷക്കും സെക്കുലരിസം അനിവാര്യമാണെങ്കിലും ഒരു ഭരണ രീതി എന്ന നിലക്ക് സെക്കുലരിസം ഹൃദയാത്മനാ അംഗീകരിക്കാൻ മുസ്‌ലിം സമൂഹം മടിച്ചു നിൽക്കുന്നു. സാമൂഹിക രാഷ്ട്രീയ വിജ്ഞാനീയങ്ങളിലെ പദാവലികൾ ഉൾക്കൊള്ളുന്ന രാഷ്ട്രീയ സങ്കൽപ്പങ്ങൾ ചരിത്രം മാറിമറിയുന്നത് പോലെ പരിണാമ വിധേയമാണ്. സെക്കുലരിസത്തെ പുനർ വ്യാഖ്യാനിക്കാനും അതിന്റെ സമകാലീന പ്രസക്തി മനസ്സിലാക്കാനും മുസ്‌ലിം സമൂഹം തയ്യാറായിട്ടില്ല. മതയാഥാസ്ഥിതികത്വവും സാമൂഹ്യ ശാസ്ത്രങ്ങളെ സംബന്ധിച്ച തെറ്റിദ്ധാരണകളും പൗരോഹിത്യത്തിന്റെ ദുസ്സ്വാധീനങ്ങളും മുസ്‌ലിം സമൂഹത്തെ അത് ഉൾക്കൊള്ളുവാൻ അനുവദിക്കുന്നില്ല എന്നതാണ് യാഥാർഥ്യം. ആ വിഷയം പിന്നീട് വിശദീകരിക്കാം. സെക്കുലരിസത്തെ സംബന്ധിച്ച് പറയുമ്പോൾ ആ പദത്തിന്റെ മലയാള വിവർത്തനത്തിലും ചില പ്രശ്നങ്ങളുണ്ട്. Secularism എന്ന ഇംഗ്ലീഷ് പദം ആദ്യമായി ഉപയോഗിച്ചത് 1851 ൽ ബ്രിട്ടീഷ് സ്വതന്ത്ര ചിന്തകനായ ജോർജ് ജേക്കബ് ഹോളിയോക്ക് (George Jacob Holyoake) ആണ്. secular എന്ന പദത്തിന്റെ വിശേഷണമാണ് സെക്കുലരിസം. ലാറ്റിനിലെ Saecularis എന്ന പദത്തിൽ നിന്ന് നിഷ്പന്നമായ താണ് ഈ പദം. അതിനർഥം Worldly(ലൗകികം), Temporal (ഭൗതികം) എന്നൊക്കെയാണ്. സെക്കുലരിസത്തിന് മതേതരത്വം, മതനിരപേക്ഷത എന്നിങ്ങനെയാണ് മലയാളത്തിൽ അർഥം നൽകിയി രിക്കുന്നത്. പക്ഷേ ഈ അർഥ കൽപ്പന ഒരു സാമൂഹിക ദർശനം എന്ന നിലയിൽ സെക്കുലരിസം വിഭാവന ചെയ്യുന്ന ആദർശം സാക്ഷാത്ക്കരിക്കാൻ തടസ്സം നിൽക്കുന്ന ഒന്നാണ് എന്ന് പറയേണ്ടിയിരിക്കുന്നു. ചുരുങ്ങിയത് ഇന്ത്യൻ ഭരണ ഘടനയിൽ അത് എഴുതിചേർത്തവരുടെ വിഭാവനക്ക് പോലും ഈ അർഥ കൽപ്പന ചേരുന്നതല്ല. സെക്കുലരിസം കൊണ്ട് ഏതൊന്നാണ് ഉദ്ദേശിച്ചത് ആ ലക്ഷ്യം പ്രാപിക്കുവാൻ ഈ അർഥ സങ്കൽപ്പത്തിന് സാധിക്കുന്നുണ്ടോ എന്നതാണ് ശ്രദ്ധേയമായ പ്രശ്നം.


വ്യക്തി ജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും മതത്തിന് നിർണായക സ്വാധീനമുള്ള മത വിശ്വാസികളാണ് നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളും. അങ്ങനെ വരുമ്പോൾ സെക്കുലരിസത്തിന് മതേതരത്വം, മതനിരപേക്ഷത, മതവിരുദ്ധം, മതമില്ലാത്തത് എന്നിങ്ങനെ മതത്തിനെതിരായ ധ്വനികളുള്ള അർഥം കൽപ്പിച്ചു കൊടുക്കുകയും മതസമൂഹങ്ങളോട് സമൂഹ-രാഷ്ട്ര നിർമാണ പ്രക്രിയയിൽ പങ്കെടുക്കണമെന്ന് പറയുകയും ചെയ്യുന്നത് എത്രത്തോളം ഫലപ്രദമാവും? അധികാര ശക്തിയുള്ള ഭരണകൂടം അഥവാ ഗവൺമെന്റ് മത പക്ഷപാതിത്വങ്ങളില്ലാത്ത വിധം മതനിർമുക്തമാവണമെന്നത് മാനവ നീതിയുടെ താൽപര്യമാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ കുറെ കൂടി വിശാലാർഥത്തിൽ ഒരു രാഷ്ടീയ സാമൂഹിക ദർശനം എന്ന നിലക്ക് സെക്കുലരിസം അവതരിപ്പിക്കുമ്പോൾ ഈ അർഥ സങ്കൽപ്പത്തിൽ ചില പരിമിതികളും സംശയങ്ങളും വന്നു ചേരുന്നു. ഈ പ്രശ്നം മറ്റൊരുദാഹരണത്തിലൂടെ വ്യക്തമാക്കാം. സെക്കുലരിസത്തിന് മലയാളത്തിൽ മതേ



ജവഹർലാൽ നെഹ്റു

തരം, മതനിരപേക്ഷത എന്നിങ്ങനെയാണല്ലോ വിവർത്തനം. എങ്കിൽ ഹിന്ദിയിൽ മതത്തിന് ധർമം എന്ന വിശാലമായ അർഥമാണ് നൽകിയിരിക്കുന്നത്. അപ്പോൾ സെക്കുലരിസത്തിന്റെ ഹിന്ദി വിവർത്തനം ധർമേതരം, ധർമനിരപേക്ഷം എന്നൊക്കെയായി മാറും. കറകളഞ്ഞ സെക്കുലരിസ്റ്റും മഹാനായ ജനാധിപത്യവാദിയുമായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യൻ ഭാഷകളിലുള്ള ഈ പദത്തിന്റെ വിവർത്തനത്തിനുള്ള പരിമിതിയെ പറ്റി പറഞ്ഞത് നോക്കൂ. ***'ഇന്ത്യയിൽ നമ്മൾ സെക്കുലർ ഭരണകൂടത്തെ പറ്റി സംസാരിക്കാറുണ്ട്. ഹിന്ദിയിൽ (മറ്റു ഇന്ത്യൻ ഭാഷകളിലും) സെക്കുലർ എന്ന വാക്കിന് പറ്റിയ ഒരു വാക്കു തന്നെ കണ്ടു പിടിക്കാൻ പ്രയാസം. മതത്തിന് എതിരായ എന്തോ ഒന്നാണ് അത് എന്ന് വിചാരിക്കുന്നു. അത് ഒട്ടും ശരിയല്ല. എല്ലാ വിശ്വാസങ്ങളെയും ഒരുപോലെ അംഗീകരിക്കുന്ന ഭരണകൂടം എന്നാണ് അതിനർഥം. ഒരു ഭരണകൂടം എന്ന നിലക്ക് ഏതെങ്കിലും ഒരു മതത്തെഅത് സ്വന്തമായി അംഗീകരിക്കുന്നില്ല. അങ്ങനെ ചെയ്താൽ അത് ഭരണകൂടത്തിന്റെ മതമായി തീരും*** ('ധർമ്മ നിരപേക്ഷ് രാജ്' എന്ന രഘു നാഥ് സിങ്ങിന്റെ പുസ്തകത്തിനെഴുതിയ അവതാരികയിൽ നിന്ന്.)

അറബിയിൽ സെക്കുലരിസത്തിന് 'മതവി ഭിന്നമായ ഒന്ന്'



ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

'മതവിരുദ്ധ മായത്' എന്ന ഒരു അർഥ കൽപനയില്ല. 'ആലം' (ലോകം) എന്ന പദത്തിൽ നിന്ന് നിഷ്പന്നമായ 'അൽമാനിയ്യ:' എന്നും 'ഇൽമ്' (വിജ്ഞാനം, ശാസ്ത്രം) എന്ന പദത്തിൽനിന്നും നിഷ്പന്നമായ 'ഇൽമാനിയ്യ:' എന്നും സെക്കുലരിസത്തിന് പകരമായ അറബി പദമായി ഉപയോഗിക്കുന്നു. ചിലർ ദീനി(മതം)ന്റെ മറുവാക്കായ 'ദുൻയ്യവിയ്യ' (ഇഹലോകസംബന്ധിയായത്) എന്ന പദം ഉപയോഗിക്കുന്നു. അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ത്വാഹിർ അഹ് മദ്(റഹ്) സെക്കുലരിസത്തിന് 'കേവല നീതി' (Absolute Justice) എന്ന അർഥമാണ് ഉപയോഗിച്ചത്. സെക്കുലരിസത്തിന് മാനവീയ നൈതികതയിലൂന്നിയ ഒരാശയ വിവർത്തനമാണിത്. അതായത് ഏത് മതത്തിൽ വിശ്വസിച്ചാലും മതത്തിൽ വിശ്വസിച്ചില്ലെങ്കിലും മനുഷ്യനായി പിറന്നവനെല്ലാം നീതി ബോധമുണ്ട്. അത് മനുഷ്യന്റെ ആത്മാവിൽ ദൈവം നിക്ഷേപിച്ച ഒരു ആത്മീയഗുണമാണ്. മതപരമായും സാംസ്കാരികവുമായ എല്ലാ വൈവിധ്യങ്ങളെയും വൈരുദ്ധ്യങ്ങളെയും ഉൾക്കൊള്ളാൻ ഈ അർഥ വിവക്ഷക്ക് സാദ്ധ്യമാവുന്നു. സാമൂഹ്യ രാഷ്ട്രീയ തത്ത്വ ചിന്തകന്മാരും രാഷ്ട്രീയ പ്രവർത്തകരും സെക്കുലരിസത്തിന് **'കേവല നീതി'** എന്ന അർഥം നൽകിയാൽ സെക്കുലരിസത്തെ ബഹുസ്വരതയുടെ പശ്ചാത്തലത്തിൽ ഫലപ്രദമായും ക്രിയാത്മകമായും വിശദീകരിക്കാൻ കഴിയും. വിശുദ്ധ ഖുർആൻ പറഞ്ഞ ഒരു തത്ത്വം ഇത് മുഖേന വ്യാപകമായി സാക്ഷാത്ക്കരിക്കാനും സാധ്യമാകും. ***'നീതി പുലർത്താൻ നിങ്ങളോട് കൽപ്പിക്കപെട്ടിരിക്കുന്നു' (വി. ഖുർആൻ. 16:91)***

**പേപ്പസിയും സെക്കുലരിസവും**

സെക്കുലരിസത്തിന് മതലോകം കൽപ്പിക്കുന്ന അയിത്തത്തിന് ചരിത്രപരമായ ഒരു കാരണമുണ്ട്. സെക്കുലരിസം പ്രതിനിധാനം ചെയ്യുന്ന ആശയം പുരാതന കാലം മുതൽ തന്നെ നിലവിലുണ്ടായിരുന്നെങ്കിലും ആധുനിക കാലത്ത് ആ പദം യൂറോപ്പിൽ നിന്നാണ് വന്നത്. മദ്ധ്യകാല യൂറോപ്പിൽ സെക്കുലരിസം നേടിയതെല്ലാം മതവുമായി നിരന്തരം മല്ലടിച്ചു കൊണ്ടാണ്. യൂറോപ്പിൽ സംഘടിത മതം മനുഷ്യ സ്വാതന്ത്ര്യത്തിനെതിരായി നിന്നപ്പോൾ അതിൽ നിന്നുള്ള വിമോചകനായാണ് സെക്കുലരിസം കടന്നുവന്നത്. അത് കൊണ്ട് സെക്കുലരിസം മത ത്തിനെതിരാണ് എന്ന വ്യാപകമായ പ്രചാരണമുണ്ടായി.

**'സീസറിന്നുള്ളത് സീസറിന്നും ദൈവത്തിന്നുള്ളത് ദൈവത്തിനും' (മാർക്കോസ്12:17)** എന്ന് സെക്കുലരിസത്തിന് അനുയോജ്യമായ ഉജ്ജ്വലമായ വചനം ഉരുവിട്ടത് മഹാനായ യേശുവായിരുന്നു. അദ്ദേഹത്തിന്റെ അനുയായികൾ മദ്ധ്യനൂറ്റാണ്ടുകളിൽ ദൈവത്തിന്റെ പേരിൽ സീസറിന്റെ സ്ഥാനം കൂടി കൈയടക്കിക്കൊണ്ടാണ് മനുഷ്യ സ്വാതന്ത്യത്തെ ആവോളം ഹനിച്ചത്. ക്രിസ്തു മതം റോമിൽ പ്രചരിപ്പിച്ചത് ക്രിസ്തു ശിഷ്യനായ പത്രോസും ക്രിസ്തുവിനെ പിന്നീട് വിശ്വസിച്ച പൗലൂസും ആയിരുന്നു. **'പൊന്നും വെള്ളിയുമെനിക്കില്ല' (അപ്പോസ്തല പ്രവ: 3:6)** എന്ന് പറഞ്ഞ പത്രോസ് സ്ഥാപിച്ച സഭ പിന്നീട് റോമിൽ പേപ്പൽ സ്റ്റേറ്റുകൾ സ്ഥാപിച്ച് വലിയ രാഷ്ട്രീയ അധികാരത്തിന്റെയും സ്വത്തുക്കളുടെയും അധിപരാകുകയും അക്കാലത്തെ മുഴുവൻ രാഷ്ട്രീയ സംവിധാനങ്ങൾക്കും മേലും ചോദ്യം ചെയ്യാൻ കഴിയാത്ത ദൃശ്യ സ്ഥാപനമായി മാറുകയുമായിരുന്നു.

സെക്കുലരിസത്തിന്റെ ജനന പശ്ചാത്തലം വിവരിക്കുമ്പോൾ യൂറോപ്പിലെ ക്രൈസ്തവ മത ഭരണ ചരിത്രം അല്പം വിവരിക്കേണ്ടിയിരിക്കുന്നു. പുരാതന റോമാ സാമ്രാജ്യം; റോം ആസ്ഥാനമായി യൂറോപ്പും വടക്കനാഫ്രിക്കയും മദ്ധ്യ പൗരസ്ത്യ ദേശവും ഉൾപ്പെട്ട ചരിത്രത്തിലെ ഏറ്റവും വിശാലമായ സാമ്രാജ്യങ്ങളിലൊന്നായിരുന്നു. ആ റോമൻ ചക്രവർത്തിമാരുടെ കീഴിൽ അതീവ പീഡിതാവസ്ഥയിൽ ആരംഭിച്ച ആദിമ ക്രിസ്തു സഭ കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ മിലാൻ വിളംബരത്തോടെ സ്വതന്ത്രമായി. പിന്നീട് ക്രിസ്തു മതം റോമിന്റെ ഔദ്യോഗിക മതമായി മാറുകയും ചെയ്തു. കോൺസ്റ്റന്റയിന്റെ കാലത്തുണ്ടായമറ്റൊരു സംഭവ വികാസം കിഴക്കൻ റോമാ സാമ്രാജ്യത്തിന് (ബൈസാന്റിയം) തുടക്കം കുറിച്ചു എന്നതാണ്. വിശാലമായ റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനം റോമിൽ നിന്ന് കോൺസ്റ്റന്റയിൻ ഇന്ന ത്തെ തുർക്കിയിലെ കോൺസ്റ്റാന്റിനോപ്പിളിലേക്ക് (ഇസ്താംബൂൾ) മാറ്റി. അന്ന് റോമാ സാമ്രാജ്യത്തിൽ പ്രധാനപ്പെട്ട അഞ്ച് പാത്രിയാർക്കേറ്റുകൾ (Partriarchate) ഉണ്ടായിരുന്നു. റോമാ, അലക്സാൺഡ്രിയ, അന്തിയോഖ്യാ, കോൺസ്റ്റാന്റി നോപ്പിൾ, ജെറുസെലേം എന്നിവയായിരുന്നു അവ. ഈ അഞ്ചു പാത്രിയാർക്കേറ്റുകളുടെ (Pentarchy) സ്ഥാനവും തുല്യമായിരുന്നു. അതിന്റെ അധിപന്മാരെയെല്ലാവരും പാത്രിയാർക്കീസ് എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. പിന്നീടാണ് റോമൻ സഭ ശക്തമാവുകയും മറ്റു പാത്രിയാർക്കേറ്റുകൾ ചരിത്രത്തിൽ അപ്രസക്തമാവുകയും ചെയ്തത്. 'പോപ്പ്'

എന്ന അഭിധാനത്തോടെ റോമൻ സഭയുടെ അധിപനും റോമൻ സഭയും മാത്രം പിന്നീട് റോമാ സാമ്രാജ്യത്തിന്റെ സഭയായി അംഗീകരിക്കപ്പെട്ടു. അതിന് രാഷ്ട്രീയ കാരണങ്ങളുണ്ടായിരുന്നു. പുരാതന റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനം കോൺസ്റ്റാന്റിനോപ്പിളിലേക്ക് മാറ്റിയപ്പോൾ പശ്ചിമ റോമാ സാമ്രാജ്യം രാഷ്ട്രീയമായി അനാഥമാവുകയായിരുന്നു. പിന്നീട് പേപ്പൽ സ്റ്റേറ്റിന്റെ രൂപികരണത്തോടെ രാഷ്ട്രീയ അധികാരവും റോമൻ സഭ കൈയ്യേറ്റു. അതിലേക്ക് നയിച്ച വസ്തുതകൾ റവ: ഡോ. സേവ്യർ കൂടപ്പുഴ **'**തിരുസഭാ ചരിത്രം**'** എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നത് കാണുക.

*'പേപ്പൽ സ്റ്റേറ്റിന്റെ രൂപീകരണത്തിന് വഴിതെളിയിച്ച സംഭവങ്ങൾ പലതാണ്. അതിൽ മുഖ്യമായത് ബാഹ്യ സമ്മർദവും അതേ തുടർന്നുണ്ടായ സുരക്ഷിത ത്വത്തിന്റെ ആവശ്യ കതയുമാണ്.*

*ലൊംബാർഡുകൾ (Lombards) എന്നറിയപ്പെടുന്ന ജർമൻ വംശജരായ ഒരു വർഗം എ.ഡി 568 ൽ ഇറ്റലിയുടെ വടക്ക് ഭാഗത്ത് നിന്ന് ആക്രമണം ആരംഭിച്ചു. ഇറ്റലിക്കാകമാനം ഇതൊരു ഭീഷണിയായിതീർന്നു. ഇറ്റലിയുടെ ഐക്യത്തെയും സുരക്ഷിതത്വത്തേയും ഇത് സാരമായി ബാധിച്ചു. അന്ന് ഇറ്റലി ബൈസന്റയിൻ (കിഴക്കൻ റോമാ) സാമ്രാജ്യത്തിലായിരുന്നു. പക്ഷേലൊംബാർഡുകളെ തടയാൻ ചക്രവർത്തിക്ക് കഴി ഞ്ഞില്ല. ഇക്കാര്യത്തിൽ ചക്രവർത്തി തീരെ ശ്രദ്ധ ചെലുത്തിയില്ല. കാരണം മുഹമ്മദീയരുടെ കൂടെ കൂടെയുള്ള ആക്രമണത്തിനെതിരെ യുള്ള പ്രതിരോധ നീക്കങ്ങളിലായിരുന്നു അദ്ദേഹം ശ്രദ്ധയൂന്നിയിരുന്നത്. ബൈസന്റിയൻ ചക്ര വർത്തിയിൽ നിന്നും സുരക്ഷിതത്വം ലഭിക്കയില്ലെന്ന് മനസ്സിലാക്കിയ ജനങ്ങൾ ഇറ്റലിയിലെ അന്നത്തെ പ്രബല ശക്തിയായ മാർപ്പാപ്പയുടെ നേതൃത്വം ഇറ്റലിയിൽ അംഗീകരിച്ചു. മഹാനായ ഗ്രിഗറി ഒന്നാമൻ മാർപ്പാപ്പ (590-604) ലൊംബാർഡുകളുമായി ഒരു സഖ്യത്തിലേർപ്പെടുകയും ആക്രമണം ഭാഗികമായി തടയുകയും ചെയ്തു, ഈ സംഭവത്തിലൂടെ മാർപ്പാപ്പയുടെ ശക്തി ഇറ്റലിയിൽ പ്രബലപ്പെടുകയും രാഷ്ട്രീയ രംഗത്തുള്ള അദ്ദേഹത്തിന്റെ നേതൃത്വം അംഗീകരിക്കുകയും ചെയ്തു. തുടർന്ന് മാർപ്പാപ്പ ചക്രവർത്തിയുടെ ഇറ്റലിയിലേക്കുള്ള അനൗദ്യോഗിക പ്രതിനിധിയെന്നവണ്ണം പ്രവർത്തിച്ചു വന്നു'*

കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ ഒരു ശാസനം വഴി ക്രൈസ്തവ പള്ളികൾക്ക് ഭുസ്വത്തുടമാവകാശവും മജിസ്ട്രേറ്റ് അധികാരവും നൽകിയിരുന്നു. റോമാ നഗരത്തിന് തെക്കും വടക്കുമുള്ള സമുദ്ര തീരപ്രദേശങ്ങൾ റോമൻ സഭയുടെ കീഴിലായി. പത്രോസ് അപ്പോസ്തലന്റെ പൈതൃക സ്വത്ത് (Patrimony of (Saint) Peter) എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. കുമിഞ്ഞുകൂടിയ ഭൂസ്വത്തിന്റെ ഭരണമടക്കമുള്ള പരമാധികാരവും റോമൻ സഭക്ക് സിദ്ധിച്ചു. ഇങ്ങനെയാണ് പോപ്പിന് പരമാധികാരമുള്ള സഭയുടെ പേപ്പൽ സ് റ്റേറ്റുകൾ രൂപംകൊണ്ടത്. പുരാതന റോമാ സാമ്രാജ്യം നാശഗർത്തത്തിൽ പതിച്ചിരുന്നപ്പോൾ ആ സാമ്രാജ്യത്തെ പുനരുജ്ജീവിപ്പിച്ചു കൊണ്ട് ഫ്രാൻസ് കേന്ദ്രീകരിച്ച് 5-ാം നൂറ്റാണ്ടിൽ ഒരു സാമ്രാജ്യം ഉയർന്നു വന്നിരുന്നു. അത് പല രൂപ പരിണാമങ്ങൾക്കും വിധേയമായി. ഷാർലമെയിൻ (എ.ഡി. 742-814) എന്ന ഇതിഹാസ പരിവേഷമുള്ള ഒരു രാജാവിന്റെ കാലത്താണ് ഈ സാമ്രാജ്യത്തിന് മത പരമായ മാനങ്ങളുള്ള വിശുദ്ധ റോമാ സാമ്രാജ്യം എന്ന പേര് ലഭിച്ചത്. പോപ്പ് ലിയോവിനെ ശത്രുക്കൾ റോമാ നഗരത്തിൽ നിന്ന് തുരത്തിയപ്പോൾ ഷാർലമെയിൻ ചക്രവർത്തിയാണ് ശത്രുക്കളെ തോൽപ്പിച്ച് പോപ്പിനെ വീണ്ടും ആ സ്ഥാനത്ത് അവരോധിച്ചത്. ഇതിന് പ്രത്യുപകാരമായിക്കൊണ്ട് എ. ഡി 800 ൽ ക്രിസ്മസ്സ് ദിനത്തിൽ ഷാർലമെയിൻ സെന്റ് പീറ്റേഴ്സ് പള്ളിയിൽ മുട്ട് കുത്തി പ്രാർഥിച്ചു കൊണ്ടിരിക്കുമ്പോൾ കൃതജ്ഞനായ പോപ്പ് ലിയോ, ഷാർലമെയിന്റെ ശിരസ്സിൽ കിരീടം ചാർത്തി അദ്ദേഹത്തെ വിശുദ്ധ റോമാ ചക്രവർത്തിയായി പ്രഖ്യാപിക്കുകയായിരുന്നു. ചർച്ചും ചക്രവർത്തിയും തമ്മിലുള്ള ബാന്ധവത്തിന് തുടക്കം കുറിച്ച നിർണായകമായ സംഭവമായിരുന്നു ഇത്. ഏകദേശം ആയിരം കൊല്ലം യൂറോപ്യൻ ചരിത്രത്തെ ഇത് വമ്പിച്ച തോതിൽ സ്വാധീനിച്ചു. രാജാവിന് കിരീടം വച്ചത് പോപ്പാണെന്നുള്ളത് കൊണ്ട് രാജാവ് ദൈവത്താൽ നിയോഗി തനാണ് എന്ന വാദം പ്രബലപ്പെടു കയും അതേ സമയം രാജാവിനെ വാഴിച്ചത് പോപ്പാണ് എന്നത് കൊണ്ട് സഭയുടെ ശക്തിയും സ്വാധീനവും വർദ്ധിക്കാനും ഇത് കാരണമായി.


അങ്ങനെ ഈ ബാന്ധവം തുടരവേ എ.ഡി. 8-ാം നുറ്റാണ്ടിൽ വിഗ്രഹാരാധനയെ അനുകൂലിച്ച് പാശ്ചാത്യ റോമൻ സഭയും എതിർത്ത് ബൈസന്റയിൻ ചക്രവർത്തിയും തമ്മിൽ ഒരു വിവാദം പൊട്ടിപുറപ്പെട്ടു. മോസസിന്റെ പത്ത് കൽപ്പനകളിൽ വിഗ്രഹങ്ങളെ വണങ്ങരുതെന്ന ആജ്ഞയുണ്ടായിരുന്നു. ഇസ്ലാമിക ദേശത്തോടടുത്ത് നിൽക്കു ന്നതായിരുന്നല്ലോ ബൈസാന്റിയം സാമ്രാജ്യം. അതിനാൽ ഇസ്ലാമിക സ്വാധീനമായിരിക്കാം ബൈസാന്റിയിൻ വിഗ്രഹ ഭഞ്ജന (Byzantine Iconoclasm) പ്രസ്ഥാനത്തിന് കാരണമെന്ന് പ്രശസ്ത ചരിത്രകാരനായ ആൾനോട് ജെ. ടോയൻബി അഭിപ്രായപ്പെട്ടിട്ടുണ്ട്. എതായാലും ഈ വിവാദത്തോടനുബന്ധിച്ച് അന്നത്തെ പോപ്പ് ഗ്രിഗറി ബൈസന്റയിൻ ചക്രവർത്തിയായ ലെയോ മൂന്നാമനെ സഭയിൽ നിന്ന് പുറത്താക്കി. അത്രക്ക് പേപ്പൽ

സ്റ്റേറ്റുകൾക്ക് അധിപനായ പോപ്പ് ശക്തനായി തീർന്നിരുന്നു. പാശ്ചാത്യ രാഷ്ട്രീയ ശക്തികളുടെ പിന്തുണയോടെ പിന്നീട് റോമൻ സഭ കൂടുതൽ ശക്തമായി. 11-ാം നൂറ്റാണ്ടോടുകൂടി സഭ കൂടുതൽ അസഹിഷ്ണുതയോടെ സ്വതന്ത്ര ചിന്തയെ അടിച്ചമർത്താൻ തുടങ്ങി. സഭാ കോടതി (Eclesia stical Court)സ്ഥാപിച്ചു കൊണ്ട് ഇൻക്വിസിഷൻ ആരംഭിച്ചു. മുഖ്യമായും മതനിന്ദക (Heretic) രെയും മത പരിത്യാഗികളെയും (Apostate) ദൈവദൂഷകരേയും (Blasphemies) കണ്ടെത്തി അവരെ ഉന്മൂലനം ചെയ്യുക എന്ന ലക്ഷ്യത്തോടെയായിരുന്നു ഇൻക്വിസിഷൻ ആരംഭിച്ചത്.


പിന്നീട് വിശുദ്ധ റോമാ സാമ്രാജ്യവും പേപ്പസിയും തമ്മിൽ പരസ്പരം സഹകരിച്ചുള്ള മതകീയ ഭരണമായിരുന്നു(തിയോക്രസി) നടന്നത്. അതിന്റെ ഫലമായി സ്വതന്ത്ര പുരോഗമന ചിന്തയെ മത വിരുദ്ധമെന്ന് മുദ്രകുത്തി മനുഷ്യ സ്വാതന്ത്ര്യത്തെ അടിച്ചമർത്തുകയാണുണ്ടായത്. രണ്ട് നൂറ്റാണ്ടു മുമ്പ് 1806 ൽ നെപ്പോളിയോണിക് യുദ്ധത്തോടുകൂടിയാണ് വിശുദ്ധ റോമാ സാമ്രാജ്യം അവസാനിച്ചത്. മദ്ധ്യകാലഘട്ടത്തിൽ പോപ്പും ചക്രവർത്തിയും തമ്മിലുള്ള ഈ ബന്ധം അധികാര പരിധിയുടെ അവകാശവാദങ്ങൾ കൊണ്ട് സംഘർഷാത്മകമായിരുന്നു. അദ്ധ്യാത്മിക മേധാവി പോപ്പും രാഷ്ട്രീയ മേധാവി ചക്രവർത്തിയായുമാണ് ഗണിക്കപ്പെട്ടിരുന്നത്. ഈ രണ്ടു കൂട്ടരുടേയും അധികാര പരിധി കൃത്യമായി നിർണയിക്കപ്പെട്ടിട്ടില്ലാ ത്തതിനാൽ എ.ഡി 1075 മുതൽ വ്യക്തമായ അധികാര തർക്കങ്ങൾ ആരംഭിച്ചു. പുതുതായി നിയമിക്കപ്പെടുന്ന പുരോഹിതന്മാർക്ക് ആദ്ധ്യാത്മിക ചിഹ്നങ്ങളായ അംഗുലിയും ദണ്ഡും നൽകുന്നത് രാജാക്കന്മാരായിരുന്നു. അവരോധിക്കൽ അഥവാ ഇൻവെസ്റ്റിറ്റൂർ (Investiture) ചടങ്ങ് എന്നാണ് അറിയ പ്പെടുന്നത്. ഇത് ശക്ത പ്രഭാവവാ നായ പോപ്പ് ഗ്രിഗറി നിരോധിച്ചു. മത പുരോഹിതന്മാർ രാജാക്കന്മാർക്ക് വിധേയരാവാൻ ഇടവരുമെന്നായിരുന്നു പോപ്പിന്റെ വാദം. അന്നത്തെ രാജാവായിരുന്ന ഹെൻട്രി അതിനെ എതിർത്തു. താൽക്കാലിക തോൽവി ഹെൻട്രിക്കായിരുന്നു. ഏകദേശം നാനൂറ് കൊല്ലക്കാലം ഈ വിവാദം സജീവമായും നിർജീവമായും തുടർന്നു. അവസാനം അദ്ധ്യാത്മിക ശക്തിയായ സഭക്കായിരുന്നു യൂറോപ്പിൽ തളർച്ച നേരിട്ടത്. വിദേശിയായ പോപ്പിന് തങ്ങളുടെ രാജ്യത്ത് അമിതമായ അധികാരം വേണ്ട എന്ന ബോധം പല യൂറോപ്യൻ രാജ്യങ്ങളിലും വളർന്നു വന്നു. തുടർന്ന് യൂറോപ്പിൽ ദേശീയ വാദം ശക്തിപ്പെടുകയുമാണ് ചെയ്തത്.

മതകീയ യൂറോപ്പിൽ സ്വതന്ത്ര പുരോഗമന ചിന്തയെ മത വിരുദ്ധമെന്ന് മുദ്രകുത്തി ചരിത്രത്തെ കിടിലം കൊള്ളിച്ചു കൊണ്ടുള്ള പീഡനങ്ങളുടെ പരമ്പരയും അരങ്ങേറുകയുണ്ടായി. അതിന് കണ്ടെത്തിയ ഒരു സ്ഥാപനമായിരുന്നു ഇൻക്വിസിഷൻ കോടതികൾ. ഇറ്റലി, സ്പെയിൻ, ഫ്രാൻസ് എന്നിവിടങ്ങളിൽ 12 ഉം 14ഉം നൂറ്റാണ്ടുകൾക്കിടയിൽ പ്രചരിച്ച ക്രൈസ്തവ വിമത പ്രസ്ഥാനങ്ങളായിരുന്ന കെതാറിസം (Catharism), വാൾഡെൻസിയാനിസം (Waldensianism) എന്നിവയെ അടിച്ചമർത്തനായിരുന്നു ഇൻക്വിസിഷൻ ആരംഭിച്ചത്. പിന്നീട് ക്രിസ്തീയ വേദ ശാസ്ത്രത്തിന് വിപരീതമാണെന്ന് സഭക്ക് തോന്നിയതിനെയെല്ലാം ഇൻക്വിസിഷൻ കോടതിയിൽ വിചാരണ ചെയ്ത് നിഷ്ഠൂരമായി അടിച്ചമർത്തി. പ്രപഞ്ച വിജ്ഞാനീയത്തെ പറ്റി ബൈബിളിൽ പരാമർശിക്കപ്പെട്ട സങ്കൽപ്പങ്ങൾക്കപ്പുറത്തേക്ക് പോകാൻ ശാസ്ത്ര ചിന്തയെ അനുവദിച്ചില്ല. ആദിമ മനുഷ്യനെ പൊടുന്നനെ ദൈവം പൊടിമണ്ണ് കുഴച്ച് സൃഷ്ടിച്ച് സ്വർഗത്തിൽ പാർപ്പിക്കുകയും അവിടെ നിന്നും ബഹിഷ്കൃതനായി ഭൂമിയിൽ പതിച്ച ആദി പിതാവ് ആദമിൽ നിന്നുമാണ് മനുഷ്യ വംശം പിറവി കൊണ്ടത് എന്ന സൃഷ്ടിവാദമായിരുന്നു മനുഷ്യന്റെ ആവിർഭാവത്തെ പറ്റിയുള്ള സഭാ വീക്ഷണം. മനുഷ്യ പുത്രൻ അവതരിച്ച ഭൂമി കേന്ദ്രമാക്കിയാണ് സൂര്യൻ തിരിയുന്നത് എന്ന ഭൂകേന്ദ്രിത പ്രപഞ്ച സങ്കൽപ്പമായിരുന്നു സഭയുടേത്. ഇതിൽ നിന്ന് വിഭിന്നമായ എല്ലാ വിജ്ഞാന സങ്കൽപ്പങ്ങളും വേദ വിപരീതമായിരുന്നു. അത്തരം സങ്കൽപ്പങ്ങളെല്ലാം ഇൻക്വിസിഷന് വിധേയമാകുന്ന അപരാധങ്ങളായിരുന്നു. മറ്റു യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് വിഭിന്നമായി സ്പെയിനിലും പോർച്ചുഗലിലും നടന്ന ഇൻക്വിസിഷനിൽ ധാരാളം മുസ്‌ലിംകളും യഹൂദികളും ഭയാനകമായ രീതിയിൽ ഇരയാക്കപ്പെട്ടു.


കത്തോലിക്കാ സഭയുടെ ഈ മതപരമായ അസഹിഷ്ണുതക്കെതിരെ 16-ാം നൂറ്റാണ്ടിലെ മാർട്ടിൻ ലൂഥർ കിങ്ങിന്റെ പ്രൊട്ടസ്റ്റന്റ് നവീകരണ പ്രസ്ഥാനം ജർമനി, ഇംഗ്ലണ്ട്, സ്കോട്ട്ലണ്ട്, സ്കാന്റിനേവിയ, ബെൽജിയം, ഗ്രീസ് മുതലായ രാജ്യങ്ങളിൽ വ്യാപിച്ചു. യൂറോപ്പിലെ അപ്രമാദിത്വമുള്ള അധീശ മതശക്തിയായ കത്തോലിക്കാ സഭയെ അത് പിളർത്തി. പ്രൊട്ടസ്റ്റന്റ് കത്തോലിക്കാ രാജ്യങ്ങൾ തമ്മിൽ ആരംഭിച്ച മുപ്പത് വർഷത്തെ യുദ്ധം 1648 ലെ വെസ്റ്റ്ഫാലിയൻ കരാറിലൂടെയാണ് അവസാനിച്ചത്. ആധുനിക സെക്കുലർ സ്റ്റേറ്റിന്റെ തുടക്കം കുറിച്ചത് ഈ കരാറായിരുന്നു. അതായത് സഭയടക്കം ബാഹ്യ ശക്തിയിൽ നിന്ന് മുക്തമായ ദേശീയ പരമാധികാരമുള്ള ദേശീയ രാഷ്ട്രങ്ങൾ നിലവിൽ വന്നു. അതോടെ യൂറോപ്പിൽ മതത്തിന്റെ പിടുത്തത്തിൽ നിന്ന് രാഷ്ട്രങ്ങൾ പതുക്കെ വിമുക്തമാവാൻ തുടങ്ങി. ' രാജാവിന്റെ മതം പ്രജയുടെ മതം'



ഗലീലിയോ



ജോൺപോൾ രണ്ടാമൻ



ഹിറ്റ്ലർ

**'Cuius regio, eius religio '** (The religion of the ruler dictated the religion of the ruled ) എന്നായിരുന്നു മതാധിഷ്ഠിത യൂറോപ്പിലെ നിയമം. അത് മാറി രാജാവിന്റെ മതം പൗരന്റെ മതമായിരിക്കണമെന്നില്ല എന്ന സെക്കുലർ തത്ത്വം അംഗീകരിക്കപ്പെട്ടു.

ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ പിതാവ് എന്ന് വിളിക്കപ്പെടുന്ന മഹാനായ ഗലീലിയോയെ ശിക്ഷിച്ചത് ഇറ്റലിയിലെ ഇൻക്വിസിഷൻ കോടതിയാണ്. 1610ൽ അദ്ദേഹം നിർമിച്ച ടെലസ്കോപ്പിലൂടെയുള്ള വാനനിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ തന്റെ കണ്ടെത്തലുകൾ പ്രസിദ്ധീകരിക്കുകയും വ്യാഴത്തിന്റെ ഉപഗ്രഹങ്ങളെക്കുറിച്ച് അതിൽ പരാമർശിക്കുകയും ചെയ്തു. ഭൂമി ചലിക്കുന്നുവെന്നും വേലിയേറ്റങ്ങളും വേലിയിറക്കവും അതിന്റെ തെളിവാണെന്നും അദ്ദേഹം വാദിച്ചു. കോപ്പർനിക്കസിന്റെ സൂര്യകേന്ദ്ര സിദ്ധാന്തത്തെ അദ്ദേഹം അംഗീകരിക്കുകയും ചെയ്തു. ഇതെല്ലാം അക്കാലത്ത് വെച്ചു പുലർത്താൻ പാടില്ലാത്ത വേദ വിപരീതങ്ങളായിരുന്നു. 1633ൽ റോമൻ ഇൻക്വിസിഷൻ കോടതി ഗലീലിയോയെ വിചാരണ ചെയ്ത് അദ്ദേഹത്തിൽ ദൈവനിന്ദ കണ്ടെത്തി കാരാഗൃഹത്തിലടച്ചു. 1734 ൽ ഇറ്റലിയിൽ ഫ്രഞ്ച് അധിനിവേശമുണ്ടായപ്പോൾ ഇറ്റലിയിൽ നിന്ന് 3000 പെട്ടികളിലായി സൂക്ഷിച്ച 1,00000 ഇൻക്വിസിഷൻ രേഖകളുണ്ടായിരുന്നു. അത് ഫ്രാൻസിലേക്ക് കൊണ്ട് വരുകയാണുണ്ടായത്.

മഹനായ ഗലീലിയോവിനെ ഇൻക്വിസിഷന് വിധേയമാക്കിയത് ക്രിസ്തു സഭ ശാസ്ത്രത്തോട് ചെയ്ത ഏറ്റവും വലിയ പാതകമായി കണക്കാക്കപ്പെടുന്നു. ഇന്ന് സഭ ആഗോള തലത്തിൽ മനുഷ്യ സേവനത്തിലും വിജ്ഞാന പ്രചാരണത്തിലും കർമനിരതമായ പക്വതയാർന്ന ഒരു ആത്മീയ സ്ഥാപനമാണ്. ചരിത്രത്തിൽ കത്തോലിക്ക സഭ ചെയ്തു പോയ ഒരോ തെറ്റിനും ലോകത്തോട് മാപ്പപേക്ഷിച്ചു കൊണ്ടുള്ള മഹനീയ മാതൃക അഭിവന്ദ്യനായ പോപ്പ് ജോൺ പോൾ രണ്ടാമൻ കാഴ്ച്ച വെക്കുകയുണ്ടായി. ഗലീലിയോവിനെ കാരാഗൃഹത്തിലടച്ചതിന്, ബ്രൂണോയെ ചുട്ടുകൊന്നതിന്, പ്രൊട്ടസ്റ്റന്റ് പരിഷ്ക്കരണ വാദികൾക്കെതിരെ യുദ്ധം നയിച്ചതിന്, ആഫ്രിക്കൻ അടിമ വ്യാപാരത്തിൽ ഏർപ്പെട്ടതിന്, സ്ത്രീ വിരുദ്ധ നിലപാടുകൾ സ്വീകരിച്ചതിന്, ഹിറ്റ്ലർ യഹൂദർക്കെതിരെ ഹോളോക്കാസ്റ്റ് നടത്തുന്ന സന്ദർഭത്തിൽ സഭ മൗനം ദീക്ഷിച്ചതിന് അങ്ങനെ ചെയ്ത് പോയ എല്ലാ അപരാധങ്ങൾക്കും പോപ്പ് എണ്ണിയെണ്ണി ലോകത്തോട് മാപ്പ് പറഞ്ഞു. ലോക പ്രതാപത്തിന്റെ ഉന്നതിയിൽ വർത്തിക്കുന്ന കത്തോലിക്കാസഭ പോലെയുള്ള ഒരു സമുന്നത മതസ്ഥാപനം തെറ്റുകൾ ഏറ്റു പറഞ്ഞ് മാപ്പ് പറയുക എന്നത് ഏറ്റവും ആദരണീയവും മനുഷ്യ സമൂഹത്തെ വിമലീകരിക്കുന്നതു മായ ഒരു പ്രവൃത്തിയായി ലോകം കാണും (തുടരും)

## നോമ്പ് തുറക്കുമ്പോഴുള്ള പ്രാർഥന

ഹദ്റത്ത് മുആദ് ബിൻ സുഹ്റ (റ) നിവേദനം ചെയ്യുന്നു നബി (സ) നോമ്പ് തുറക്കുമ്പോൾ ഇങ്ങനെ ദുആ ചെയ്യുമായിരുന്നു. **അല്ലാഹുമ്മ ലക്ക സുംതു വഅലാ രിസ്ഖിക്ക അഫ്ത്വർത്തു** അല്ലാഹുവേ ഞാൻ നിന്റെ പ്രീതി പ്രതീക്ഷിച്ച് നോമ്പെടുക്കുകയും നീ തന്നനുഗ്രഹിച്ച ഭക്ഷണ സാധനങ്ങൾ ക്കൊണ്ട് നോമ്പ് തുറക്കുകയും ചെയ്യുന്നു. (അബൂദാവൂദ്)

പേജ് 6 ൽ നിന്നും തുടർച്ച

ക്കുകയും ചെയ്യുന്ന വിശുദ്ധ വചനം. എന്നാൽ ചിലപ്പോൾ യഥാർഥ ദൈവവചന ത്തിനുള്ള പൂർണമായ അനുഗ്രഹ ചിഹ്നങ്ങളോടുകൂടാത്ത ഏതാനും വചനങ്ങൾ ഒരുവന് ലഭിച്ചെന്നു വരാം. ഈ ആരംഭഘട്ടത്തിൽ അവൻ ദൈവത്താൽ പരീക്ഷിക്കപ്പെടുകയാകുന്നു. തൽഫലമായി ദൈവവചനമാകുന്ന അമൃതിനെ രുചിച്ചു നോക്കിയ ശേഷം അവൻ തന്റെ വാക്കും പ്രവൃത്തിയും യഥാർഥ ദൈവ വചന ലബ്ധരായ പരമപുരുഷന്മാരുടേത്പോലെ പാവനമാക്കി തീർക്കുകയോ അതോ സൽപന്ഥാവിൽ നിന്ന് വ്യതിചലിച്ച് പോവുകയോ ചെയ്യുന്നു. അവൻ സത്യഭക്തന്മാരെ പോലെ ധർമപാതയിൽ ചരിക്കുന്നില്ലെങ്കിൽ പ്രസ്തുത ദിവ്യാനുഭൂതി അവന് നഷ്ടമായി ഭവിക്കുകയും അവന്റെ ഹൃദയത്തിൽ ഒരു വ്യാമോഹം മാത്രം അവശേഷിക്കുകയും ചെയ്യുന്നതാണ്.

കോടാനുകോടി ഭക്ത ജനങ്ങൾക്ക് ദൈവഭാഷണം ലഭിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ അവരെല്ലാവരും ദൈവദൃഷ്ടിയിൽ ഒരേസ്ഥാനക്കാരല്ലെന്നുള്ളത് അനുസ്മരണീയമാണ്. മറ്റുള്ളവരെ അപേക്ഷിച്ച് എത്രയും സ്പഷ്ടമായ നിലയിൽ ദൈവഭാഷണം സിദ്ധിച്ച പ്രവാചകന്മാർ തന്നെയും ഒരേ സ്ഥാനത്തിലുള്ളവരല്ല. സർവോന്നതനായ ദൈവം വിശുദ്ധ ഖുർആനിൽ പറയുന്നു: 'നാം പ്രവാചകന്മാരിൽ ചിലരെ മറ്റു ചിലരേക്കാൾ ശ്രേഷ്ഠരാക്കിത്തീർത്തിട്ടുണ്ട്.' (2:254)ഈ വാക്യത്തിൽ ദൈവഭാഷണം കരുണാമയനായ ദൈവത്തിൽ നിന്നുള്ള ഒരനുഗ്രഹമാണെന്നും അതിന് തൽസ്വീകർത്താക്കളുടെ സ്ഥാന വ്യത്യാസവുമായിട്ടു ബന്ധമില്ലെന്നും മനസ്സിലാവുന്നു. എന്തെന്നാൽ സ്ഥാനവ്യത്യാസങ്ങൾ ആശ്രയിച്ചു നിൽക്കുന്നത് അവർക്ക് ദൈവത്തിലുള്ള നിഷ്ക്കളങ്ക ഭക്തി, ശ്രദ്ധ, വിശ്വസ്തത എന്നീ ഗുണ മഹിമകളുടെ അളവിനെയാകുന്നു. അതായത് ദൈവം മാത്രം അറിയുന്ന ഈ മനോഗുണങ്ങളുടെ ഏറ്റക്കുച്ചിലിനെയാകുന്നു. എന്നാൽ പൂർണ ചിഹ്നങ്ങളോട് കൂടിയ ദൈവ ഭാഷണം സിദ്ധിക്കുന്നതും പ്രസ്തുത ഗുണങ്ങളുടെ ഫലമായിട്ടു തന്നെയാണ്. ഭക്തൻ ദൈവത്തോട് ചെയ്യുന്ന അപേക്ഷക്കും പ്രാർഥനക്കും ഉത്തരം ലഭിക്കുകയും അങ്ങനെ ഈ ചോദ്യോത്തരം അനുക്രമം തുടർന്നു പോകുകയും ഈ ഭാഷണത്തിൽ ദിവ്യപ്രവാഹവും സ്വർഗീയ തേജസ്സും അന്തർഭവിച്ചിരിക്കുകയും ഭവിഷ്യകാര്യങ്ങളെ സംബന്ധിച്ച വാർത്തയും പരമാർഥ ജ്ഞാനവും ഉൾക്കൊള്ളുകയും ചെയ്യുന്നുവെങ്കിൽ അത് തീർച്ചയായും ദൈവഭാഷണമാകുന്നു. രണ്ട് മിത്രങ്ങൾ തമ്മിൽ സംസാരിക്കുന്ന നിലയിൽ സൃഷ്ടികർത്താവായ ദൈവവും സ്വദാസനും തമ്മിൽ സംസാരമുണ്ടാവുക എന്നത് ദൈവഭാഷണത്തിന്റെ അവശ്യലക്ഷണമാകുന്നു. സത്യഭക്തൻ ദൈവത്തോട് ഒരു കാര്യത്തെ കുറിച്ച് അപേക്ഷിക്കുമ്പോൾ അതിനുത്തരമായി ദൈവസന്നിധിയിൽ നിന്ന് പ്രസാദ മധുരവും ചമത്ക്കാരപൂർണവുമായ വചനം കേൾക്കുമാറാകുകയും അത് അയാളുടെ ആഗ്രഹത്തിന്റെ യോ ആലോചനയുടെയോ നിരൂപണത്തിന്റെയോ ഫലമായിരിക്കാതെ ദൈവത്തിൽ നിന്നുള്ള ദാനമായിരിക്കുകയും ചെയ്യുന്നു വെങ്കിൽ, അത് തീർച്ചയായും ദൈവത്തിന്റെ പക്കൽ നിന്നുള്ള വചനം തന്നെ. ഇത്തരം അനുഗ്രഹം സിദ്ധിച്ച ഭക്തൻ നിശ്ചയമായും ദൈവസന്നിധിയിൽ സ്വീകാര്യം ലഭിച്ചവനാണ്. എന്നാൽ സജീവവും സംശുദ്ധവുമായ ദൈവവചനം പാരിതോഷികമെന്ന നിലയിൽ സ്പഷ്ട രൂപത്തിൽ ലഭിക്കു മാറാകുന്നത്, സത്യവിശ്വാസത്തിലും ഭക്തിയിലും പരിത്യാഗത്തിലും അവർണ്യമായ ആ പരിശുദ്ധ ബന്ധ ത്തിലും അഭിവൃദ്ധി പ്രാപിച്ചു കൊണ്ടിരിക്കുന്നയാൾക്ക് മാത്രമായിരിക്കും. മറ്റാർക്കുമല്ല. യഥാർഥവും പരിശുദ്ധവുമായ ദൈവ ഭാഷണം പ്രപഞ്ച കർത്താവിന്റെ മഹത്തരമായ അദ്ഭുതങ്ങളെ വെളിപ്പെടുത്തുന്നവയാകുന്നു. പലപ്പോഴും പ്രോജ്ജ്വലമായ ഒരു തേജസ്സ് സംജാതമാവുകയും അതോടുകൂടി തന്നെ സ്വച്ഛവും പ്രഭാവപൂർണവുമായ ദൈവവചനം അവതരിക്കുകയും ചെയ്യുന്നു. ആകാശ ഭൂമികളുടെ കർത്താവായ ദൈവവുമായി സംഭാഷിക്കുകയും അവനാൽ സംബോധിതനാകുകയും ചെയ്യുന്നതിൽ പരമായ ഒരനുഗ്രഹം മറ്റെന്താണ് മനുഷ്യന് ലഭ്യമാകാനുള്ളത്? ഈ ലോകത്ത് വെച്ചു തന്നെയുള്ള ദൈവദർശനം, ആ സർവൈക കർത്താവുമായി സംസാരിക്കുക എന്നത് തന്നെയാണ്.

എന്നാൽ ദൈവത്തിൽ നിന്നുള്ളതാണെന്ന് ബോധിക്കുവാൻ പര്യാപ്തമായ ചിഹ്നങ്ങളൊന്നും കൂടാതെ നിരുദ്ദേശപരമായ ഏതാനും വാക്കുകളോ വചനങ്ങളോ ശ്ലോകമോ ഒരു വന്റെ അധരങ്ങൾ താനെ ഉച്ചരിക്കു മാറാകുന്നു വെങ്കിൽ അവന്റെ അവസ്ഥ ദൈവ ഭാഷണത്തെ സംബന്ധിച്ച പ്രസ്തുത വിവരണത്തിൽ ഉൾപ്പെടുന്നതല്ല. അത് ദൈവത്തിന്റെ സംബോധനം കൂടാത്ത ഒരു ശബ്ദ പ്രതീതി മാത്രമാകുന്നു. ഇത്തരം അനുഭവമുണ്ടാകുന്നവനാകട്ടെ ദൈവപരീക്ഷണത്തിന് വിധേയരാവുന്നവനത്രെ. എന്തെന്നാൽ ദൈവം ചിലപ്പോൾ കർത്തവ്യ ബോധഹീനനും ഉദാസീനരുമായ ആളുകളെ ഇത്തരത്തിൽ പരീക്ഷിക്കാറുണ്ട്. ദൈവത്തിൽ നിന്നോ സാത്താനിൽ നിന്നോ ആണെന്ന് തിരിച്ചറിയാൻ കഴിയാ തിരിക്കുമാറ് അവ്യക്തമായ വാക്കുകളോ വചനങ്ങളോ അവരുടെ ഹൃദയങ്ങളെ ആവേശിക്കുകയോ അധരങ്ങൾ ഉച്ചരിക്കുമാറാകുകയോ ചെയ്യുന്നു. ഇപ്രകാരം പരീക്ഷിക്കപ്പെടുന്ന ഏവനും മാനസാന്തരപ്പെട്ട് ദൈവത്തിലേക്ക് തിരിയുകയും സ്വയം പരിഷ്ക്കരണത്തിനു മുതിരുകയും വേണ്ടതാണ്.

(ഇസ്‌ലാംമത തത്ത്വജ്ഞാനം)



# മദ്യപാനം
## മോക്ഷപ്രാപ്തിക്കു പ്രതിബന്ധം

അസിം അഹ്മദ്, കളിയക്കാവിള

എല്ലാ ദൈവിക മതങ്ങളും മദ്യം വർജിക്കുവാൻ ജനതകളോട് അനുശാസിക്കുന്നുണ്ട്. മർത്ത്യരാശിയുടെ മാർഗദർശനവും ഖിയാമം നാൾ വരെ ദൈവിക സംരക്ഷണ-സഹായ വലയത്തിൽ ചരിക്കുന്നതുമായ ദീനുൽ ഇസ്‌ലാം, മാനവകുലത്തിന്റെ മോക്ഷപ്രാപ്തിക്ക് സമസ്ത അർഥതലത്തിലും പ്രതിബന്ധം സൃഷ്ടിക്കുന്ന മദ്യത്തെ പാടെ ഉപേക്ഷിക്കുവാൻ കർശനമായിത്തന്നെ നിർദേശിക്കുന്നുണ്ട്.

അല്ലാഹു പറയുന്നു: "വിശ്വസിച്ചവരേ, നിശ്ചയമായും മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും പ്രശ്നം വെക്കുന്ന അസ്ത്രങ്ങളും പിശാചിന്റെ ചെയ്തികളിൽപ്പെട്ട നീചകൃത്യങ്ങളാണ്. അതിനാൽ നിങ്ങൾ അവ വർജിക്കുക. നിങ്ങൾ വിജയികളാകുന്നതിന് വേണ്ടി"(ഖുർആൻ 5:91).

"അവർ നിന്നോട് മദ്യത്തെയും ചൂതാട്ടത്തെയും സംബന്ധിച്ച് ചോദിക്കുന്നു. പറയുക, അവ രണ്ടിലും വലിയ ദോഷവും ജനങ്ങൾക്ക്(ചില) ഗുണങ്ങളുമുണ്ട്. എങ്കിലും അവയുടെ ദോഷം അവയുടെ ഗുണത്തേക്കാൾ വലുതാണ്." (ഖുർ.ആൻ 2:220,221)

**സമൂഹത്തെ ശിഥിലമാക്കുന്ന വിപത്ത്**

ആധുനിക സമൂഹത്തെ ഇന്ന് അടിമുടി കാർന്നു തിന്നുകൊണ്ടിരിക്കുന്ന ബൃഹത്തായ ദുരന്തങ്ങളിലൊന്നാണല്ലോ മദ്യപാനം. മദ്യം കൊണ്ടുണ്ടായിട്ടുള്ള അക്രമങ്ങളുടെയും അന്യായങ്ങളുടെയും അത് നാടിനും തലമുറകൾക്കും വരുത്തിയിട്ടുള്ള ദോഷങ്ങളുടെയും നാശങ്ങളുടെയും ഗത-വർത്തമാനകാല ശോചനീയ സംഭവങ്ങൾ എണ്ണിയാലൊടുങ്ങാത്തതും വിവരണാതീതവുമാണ്. ശാരീരികവും മാനസികവുമായി മനുഷ്യനെ അനുദിനം കാർന്നു തിന്നുകയും കൊല, കൊള്ള, ബലാൽസംഗം രാജ്യദ്രോഹം, എന്നിങ്ങനെ തുടങ്ങുന്ന ക്രൂരകൃത്യങ്ങൾക്ക് ഊർജവും ഉത്തേജനവും നൽകുകയും ചെയ്യുന്ന മദ്യം എന്ന മാരകമായ വിഷം, കുടുംബത്തിലും സമൂഹത്തിലും വരുത്തിയിട്ടുള്ള തിന്മകൾ ചെറുതൊന്നുമല്ല. മർത്ത്യനെ വ്യക്തിപരവും കുടുംബപരവും സമൂഹപരവും ആത്മീയപരവും ആരോഗ്യപരവും സംസ്കാരികപരവും ധനപരവും ആത്മീയപരവുമായി തകർക്കുന്ന മദ്യമാകുന്ന ആ വിഷപാനീയത്തിന്റെ ഉത്പാദനത്തിന്റെയും വിപണനത്തിന്റെയും ഉപഭോഗത്തിന്റെയും കണക്കുകൾ നാൾക്കുനാൾ ആരോഹണദിശയി

ലാണെന്നത് അങ്ങേയറ്റം ഖേദകരവും ഭീതിജനകവുമാണ്. കഴിഞ്ഞ ക്രിസ്തുമസ്, പുതുവത്സരദിനങ്ങളിൽ ഇന്ത്യൻ ജനത പ്രത്യേകിച്ചും മലയാള ദേശക്കാർ മോന്തിയ മദ്യത്തിന്റെ വില്പനക്കണക്കു വിവരങ്ങൾ ദൃശ്യ-പത്രമാധ്യമങ്ങളുടെ റിപ്പോർട്ടനുസരിച്ച് തീർത്തും ഞെട്ടിപ്പിക്കുന്നതായിരുന്നുവല്ലോ.

നശിച്ചു നാമാവശേഷമാകണമെന്ന ഉദ്ദേശ്യലക്ഷ്യവുമായി ആരും തന്നെ പ്രഥമഘട്ടത്തിൽ മദ്യത്തെ സമീപിക്കുന്നില്ല. ചെറുപ്പത്തിൽ ഒരു രസത്തിന് വേണ്ടിയോ ചങ്ങാത്തത്തിനായോ അല്ലെങ്കിൽ സ്വാഭാവികമായ ചില മാനസിക സംഘർഷം കാരണമോ അവിചാരിതമായി കടന്നുവരുന്ന ചില സന്തോഷ-സന്താപം നിമിത്തമോ കൂട്ടുകാരോടൊപ്പം മദ്യശാലയിൽ കടന്നു നേരിയ അളവിൽ മദ്യപിക്കുന്നു. ഇതാണ് ആരംഭം. ക്രമേണ അതിന്റെയളവ് അധികരിക്കുകയും ഒടുവിൽ ക്രമാതീതമായിത്തീരുകയും ചെയ്യുക വഴി മദ്യമാകുന്ന ചെകുത്താന്റെ ചങ്ങലകളിൽ ബന്ധിതരായിത്തീരുകയുമാണവർ ചെയ്യുന്നത്. പിന്നീടിതിൽ നിന്നും രക്ഷപ്രാപിക്കുക എന്നത് വളരെയേറെ പ്രയാസകരവും ജീവന്മരണ പോരാട്ടവുമാണ്.

**തെറ്റിദ്ധാരണകളും നിവാരണവും**

മദ്യത്തെക്കുറിച്ച് ചില തെറ്റിദ്ധാരണകൾ ഇന്ന് പൊതുസമൂഹത്തിൽ പ്രത്യേകിച്ചും ഗ്രാമീണർക്കിടയിൽ വ്യാപകമാണ്. അതിലൊന്ന് മദ്യം നല്ല ഉറക്കവും ഉന്മേഷവും നൽകുന്നു, ശാരീരികമായ ക്ഷീണവും വല്ലായ്മയും അകറ്റുന്നു എന്നൊക്കെയാണ്. ഇത് തീർത്തും അബദ്ധജടിലമായ ഒരു വിശ്വാസമാണ്. അതായത്, ഉറക്കം എന്നത് ശരീരത്തിന്റെ നഷ്ടമായ ഊർജവും ഉന്മേഷവും വീണ്ടെടുക്കുവാനുള്ള പ്രക്രിയയാണ്. മദ്യം മുഖാന്തിരം ഉണ്ടാകുന്ന മയക്കവും സ്വാഭാവികമായ നിദ്രയും തമ്മിൽ വലിയ അന്തരമുണ്ട്. മദ്യം നൽകുന്ന ഉറക്കം മസ്തിഷ്കത്തിന് ക്ഷതം വരുത്തിക്കൊണ്ടുള്ളതാണ്. അതുവഴി ശക്തിക്ഷയവും പിരിമുറുക്കവും വല്ലായ്മയും വർധിക്കുകയാണ് ചെയ്യുക. എന്നാൽ സാധാരണ ഉറക്കമാകട്ടെ, അത് ശരീരത്തിന് ഉന്മേഷവും മനസ്സിന് സുഖവും പ്രദാനം ചെയ്യുന്നു.

അതേപോലെത്തന്നെ മദ്യം ഒരു തരത്തിൽ ഔഷധമാണെന്നും ഡോക്ടർമാർ പോലും മദ്യം ഔഷധമായി ചില രോഗികൾക്ക് നിർദേശിക്കാറുണ്ട് എന്നൊരു ധാരണ ന്യൂനപക്ഷ ജനങ്ങൾക്കിടയിൽ ഇന്നും പ്രബലമാണ്. ഇതും അജ്ഞതയിൽ നിന്നും നിഷ്പന്നമായ ഒരാശയമാണ്. വാസ്തവത്തിൽ മദ്യം ഒരു രോഗത്തിനും പ്രതിവിധിയല്ല. ഡോക്ടർമാർ ആരും തന്നെ ഔഷധമായി രോഗികൾക്ക് നിർദേശിക്കാറുമില്ല.

രാസപരമായി കാർബൺ, ഹൈഡ്രജൻ, ഓക്സിജൻ എന്നിയുടെ സംയുക്തമാണല്ലോ മദ്യം. അതിലെ രാസവസ്തു എതനോൾ അഥവാ ഈതൈൽ ആൾക്കഹോളാണ്. അത് വിഷാംശവുമാണ്. മരുന്നുകളിൽ ആൽക്കഹോളിന്റെ അംശം അടങ്ങിയിട്ടുണ്ട്. ഇത് നേരാണ്.എന്നാൽ ആൽക്കഹോളിൽ തനതായ നിലയിൽ ഔഷധ ഗുണം അടങ്ങിയിട്ടുമില്ല. ഇതിലിപ്പോൾ ചെറുതോ വലുതോ ആയ ഏതെങ്കിലും രോഗനിവാരണത്തിനായി മദ്യം ഉപയോഗിച്ചു തുടങ്ങിയാൽ അനന്തരഫലം രോഗശമനമല്ല, അകാലചരമമാണ്. അതിൽ സന്ദേഹമില്ല.

**ശാരീരിക മാനസസിക ദൂഷ്യങ്ങൾ**

മദ്യപാനം സ്ഥിരമാക്കിയിട്ടുള്ള പലരും എനിക്കത് എന്നു വേണമെങ്കിലും നിർത്താമെന്ന് പൊങ്ങച്ചം പറയാറുണ്ട്. എന്നാൽ ഇക്കൂട്ടർക്ക് മദ്യം ഒഴിവാക്കാൻ സാധിക്കുകയില്ല. എന്നു മാത്രമല്ല, ഒരു ദിവസം പോലും മദ്യസേവ നിർവഹിക്കാതിരുന്നാൽ ഇവരിൽ അങ്കുരിക്കുന്ന അസ്വസ്ഥതകൾ അക്ഷര ലക്ഷമാണ്. ഒരു തികഞ്ഞ മദ്യപാനിയെ സംബന്ധിച്ചിടത്തോളം ദൈനംദിന ജീവിതത്തിൽ അയാൾ അനുഭവിക്കുന്ന മാനസിക പ്രശ്നങ്ങൾ ഇപ്രകാരം സംഗ്രഹിക്കാം. അതായത് വിഷാദം, ആശങ്ക, ആത്മനിന്ദ, കുറ്റബോധം, പരാജയബോധം, അപകർഷകതാബോധം, നാണക്കേട്, മനസ്സാക്ഷിക്കുത്ത്, നിസ്സഹായാവസ്ഥ, വിരസത, ആലസ്യം, അകാരണ സംശയം, ഭയം, അസഭ്യം പുലമ്പൽ, പെരുമാറ്റ വൈകല്യം, ഒറ്റപ്പെടൽ, മിഥ്യാബോധം, നിസ്സംഗതാവസ്ഥ, ആത്മഹത്യാ പ്രവണത എന്നിങ്ങനെ പോകുന്ന ഒട്ടനവധി മാനസിക പ്രശ്നങ്ങളുടെയും രോഗങ്ങളുടെയും ഭാരമുള്ള ചുമടും പേറിയാണ് അയാൾക്ക് സമൂഹത്തിൽ ജീവിക്കേണ്ടി വരുന്നത് അഥവാ ജീവിതത്തെ തള്ളിനീക്കിക്കൊണ്ടിരിക്കുന്നത്.

അതേപോലെത്തന്നെ മദ്യപാനം ഹേതു ഉണ്ടാകുന്ന ശാരീരിക രോഗങ്ങളും അനവധിയാണ്. അതേക്കുറിച്ച് മെഡിക്കൽ സയൻസ് ഓഫ് എൻസൈക്ലോപീഡിയ ഇപ്രകാരം വ്യക്തമാക്കുന്നുണ്ട്.

1. അന്നനാളം - ക്യാൻസർ

2.ഹൃദയം - ഹൃദയാഘാതം, ഉയർന്ന രക്തസമ്മർദം, ഹൃദയപേശികൾക്ക് ക്ഷതം, ഹൃദയ മിടിപ്പ്

3. മസ്തിഷ്കം - ഓർമക്കുറവ്, ഏകാഗ്രതയില്ലായ്മ, തലച്ചോറിന് പുറത്തെ നാഡികൾക്ക് ക്ഷതം അനുഭവപ്പെടുക

4. ശ്വാസകോശം - ക്ഷയം, കാർഡിനോമ

5. ഉദരം - അൾസർ, ഛർദി, പോഷകക്കുറവ്

6. കരൾ - സിറോസിസ്, ബീജനാശം, രോമം കൊഴിയൽ, ലൈംഗിക കാര്യങ്ങളിൽ താല്പര്യമില്ലായ്മ, മരവിപ്പ്

സ്ത്രീകളിൽ - സ്തനം ചുരുങ്ങൽ, സ്തനാർബുദം, ഗർഭാശയാസുഖങ്ങൾ, ആർത്തവ പ്രശ്നങ്ങൾ

**ഇസ്ലാമും മദ്യനിരോധനവും**

മദ്യനിരോധനം ഇസ്ലാം ഘട്ടം ഘട്ടമായിട്ടാണ് പ്രായോഗിക തലങ്ങളിലേക്കെത്തിച്ചത്. ദൈവത്തിൽ നിന്നും വ്യക്തമായ ആജ്ഞ ലഭിക്കുന്നതുവരെ ആദ്യകാല മുസ്ലിംകളിൽ വളരെയേറെ പേരും മദ്യം ഉപയോഗിച്ചിരുന്നതായി ചരിത്രങ്ങളിൽ കാണാം. അന്നത്തെ അറേബ്യൻ ജനതകളെ സംബന്ധിച്ചിടത്തോളം കേവലം ജലപാനം

കണക്കെ നിത്യജീവിതത്തിൽ നിന്നും അകറ്റി നിർത്താനാവാത്ത ഒന്നായിരുന്നു മദ്യപാനം. മദ്യപിക്കാത്ത സ്ത്രീ-പുരുഷൻമാർ അവിടെ അപൂർവതയിൽ അപൂർവമായിരുന്നു. എല്ലാ ഭവനങ്ങളിലും സർവ സാധാരണമായിരുന്നു. മദ്യ ഉൽപാദന കർമങ്ങൾ അവരുടെ കാഴ്ചപ്പാടിൽഅഴകിന്റെയും അഭിമാനത്തിന്റെയും ആണത്തത്തിന്റെയും അടയാളമായിരുന്നു. മദ്യം ഉളവാക്കുന്ന ശാരീരികവും മാനസികവുമായ വ്യാധികളെക്കുറിച്ച് പരാനുഭവങ്ങൾ നിരവധിയുണ്ടായിരുന്നിട്ടും മദ്യം കയ്യൊഴിയുവാനവർ തെല്ലും ഒരുക്കമായിരുന്നില്ല. ചുരുക്കത്തിൽ, മാസങ്ങളോളവും വർഷങ്ങളോളവും നീണ്ട ശക്തമായ ചികിത്സാ മുറകളും പരിശ്രമങ്ങളും കൊണ്ട് വർജിക്കാമെന്നല്ലാതെ, ഒരു സുപ്രഭാതത്തിലോ അല്ലെങ്കിൽ ഏതാനും ദിവസങ്ങൾ കൊണ്ടോ ഉപേക്ഷിക്കാനാകാത്ത വിധം മദ്യാസക്തി അവരിൽ രൂഢമായിരുന്നു; ഗാഢമായിരുന്നു.

മദ്യപാനം വിലക്കിക്കൊണ്ടുള്ള വെളിപാടു വചനം മദീനയിൽ വെച്ചായിരുന്നു റസൂൽ(സ) തിരുമേനിക്ക് അവതരിക്കപ്പെട്ടത്(5:91). ഏതാനും നിമിഷങ്ങൾക്കുള്ളിൽ തന്നെ പ്രസ്തുത ദൈവിക കല്പന വിശ്വാസി വൃന്ദങ്ങൾക്കിടയിൽ വിളംബരം ചെയ്യപ്പെട്ടു. അദ്ഭുതമെന്നു പറയട്ടെ, രക്ഷിതാവായ അല്ലാഹുവിന്റെ ശാസന അവരുടെ കർണപുടങ്ങളിലെത്തിപ്പെടേണ്ട താമസം, ആ ദൈവിക ആജ്ഞ ശിരസ്സാവഹിച്ചുകൊണ്ടും സമഗ്രമായി അത് മാനിച്ചുകൊണ്ടും പാരമ്പര്യമായി തുടർന്നു വന്നിരുന്നതും അന്ത്യനിമിഷം വരെ ഒഴിവാക്കാൻ കഴിയാത്ത തരത്തിൽ അഷ്ടബന്ധമിട്ടുറപ്പിച്ചിരുന്നതുമായ മദ്യം എന്ന മാരക വിഷത്തെ തിരിച്ചറിയുവാനും അവർക്ക് നിഷ്പ്രയാസം സാധിച്ചു എന്നതാണ്. ആ ദൈവ വചസ്സ് അവരുടെ ഹൃദയത്തിന്റെ അന്തരാളങ്ങളിൽ ഒരു സ്ഫോടനം തന്നെ സൃഷ്ടിക്കുകയായിരുന്നു. ശിഷ്ടകാലം മുഴുവൻ അവരുടെ ദൃഷ്ടിയിൽ മദ്യം അങ്ങേയറ്റം നികൃഷ്ടവും നീചവുമായ ഒന്നായിരുന്നുവെന്നതും ചരിത്ര സത്യമാണ്.

**റസൂൽ തിരുമേനി(സ)യും വാഗ്ദത്ത മസീഹും(അ)**

മനുഷ്യജീവിതത്തിന്റെ പരമമായ ലക്ഷ്യത്തെ തകിടം മറിക്കുകയും അവനെ ഇഞ്ചിഞ്ചായി കൊല്ലുകയും കുടുംബജീവിതത്തെ താറുമാറാക്കുകയും ഭാവിതലമുറകളെ നശിപ്പിക്കുകയും ചെയ്യുന്ന മദ്യത്തിനെതിരിൽ നബി(സ) തിരുമേനിയും വാഗ്ദത്ത മഹ്ദീ മസീഹും (അ) ശക്തമായി പ്രതികരിച്ചതായികാണാം.

'അബുദാവൂദി'ൽ വന്ന ഒരു ഹദീസനുസരിച്ച്, മദ്യപിച്ചുകൊണ്ട് കോപ്രായവും വിക്രിയയും കാണിച്ചുകൊണ്ടിരുന്ന ഒരു വ്യക്തിക്കെതിരിൽ നബി(സ)യുടെ പ്രതികരണം ഇങ്ങനെയായിരുന്നു:

''ലഹരിയുടെ പൈശാചിക ശക്തി നിന്നിലാവേശിച്ചിരിക്കുന്നു. നശിക്കാനല്ല; നന്നാവാനാണ് ദൈവം നിന്നെയിങ്ങയച്ചത്"

മറ്റൊരിക്കൽ നബി തിരുമേനി (സ) പറഞ്ഞു: "മദ്യപിക്കുന്നവനും മദ്യം വാങ്ങുന്നവനും മദ്യം വിൽക്കുന്നവനും ശപിക്കപ്പെട്ടവനാണ്" (അബുദാവൂദ്). അതേപോലെത്തന്നെ ''മുസ്‌ലിമിൽ' വന്ന ചില ഹദീസുകൾ ഇപ്രകാരമാണ്: നബിതിരുമേനി(സ) പറഞ്ഞു: "എല്ലാ ലഹരിവസ്തുക്കളും ഹറാമാണ്. ഇവിടെ കുടിച്ചു മരിക്കുന്നവന് അവിടെ ജലപാനം ലഭിക്കുകയില്ല." "വിളവെടുപ്പുകാലം ഒരാൾ മുന്തിരി കരുതിവെച്ചു. വീര്യമുള്ള കാലത്ത് മദ്യമുണ്ടാക്കാൻ; ജൂതർക്കോ ക്രൈസ്തവർക്കോ വിൽക്കുന്നതിനുവേണ്ടി. അറിയാമോ? അയാൾ തുറന്ന കണ്ണുകളോടെ നരകത്തിൽ ആളിപ്പടരുന്ന അഗ്നിയിലേക്കാണ് നടന്നു നീങ്ങുന്നത്" (മുസ്‌ലിം)

## നോമ്പുകാരന് രണ്ട് ആനന്ദം

ഹ്ദറത്ത് അബൂഹുറൈറയിൽ നിന്നും നിവേദനം: നബി (സ) പറഞ്ഞു അല്ലാഹു പറയുന്നു: നോമ്പൊഴിച്ചുള്ള മനുഷ്യന്റെ മറ്റെല്ലാ കർമ്മങ്ങളും അവനു തന്നെയുള്ളതാണ്. നോമ്പ് എനിക്കും. ഞാൻ തന്നെ അതിന് പ്രതിഫലം. (അതായത് നോമ്പിനുള്ള പ്രതിഫലമായി അവർക്കെന്നെ കാണാൻ കഴിയും) നോമ്പ് ഒരു പരിചയാകുന്നു. ആയതിനാൽ നിങ്ങളിലാരെങ്കിലും നോമ്പിലാണെങ്കിൽ അയാൾ അനാവശ്യം പറയുകയോ ബഹളം ഉണ്ടാക്കുകയോ ചീത്ത പറയുകയോ ചെയ്യരുത്. അഥവാ ആരെങ്കിലും വഴക്കിന് വന്നാൽ ഞാൻ നോമ്പുകാരനാണെന്ന് അയാൾ പറയട്ടെ. ആരുടെ കയ്യിലാണോ മുഹമ്മദിന്റെ ജീവൻ ഇരിക്കുന്നത് അവനാണെ നോമ്പുകാരന്റെ വായിലെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയേക്കാൾ പരിശുദ്ധവും പ്രിയങ്കരവുമാകുന്നു. നോമ്പുകാരന് രണ്ട് ആനന്ദമാണുള്ളത്. ഒന്ന് നോമ്പ് മുറിക്കുമോമ്പാഴും മറ്റൊന്ന് നോമ്പ് കാരണം തന്റെ നാഥനെ കണ്ടു മുട്ടുമ്പോഴും, (ബുഖാരി)

# പാശ്ചാത്യ സമൂഹവുമായി മുസ്‌ലിംകൾക്ക് ഉദ്ഗ്രഥനം സാദ്ധ്യമാണോ?

ജർമനിയിലെ ഹംബർഗിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർമിച്ച ബൈത്തുർ റശീദ് മോസ്ക്കിൽ വെച്ച് ഹംബർഗ് ഡപ്യൂട്ടി മേയർ ശ്രീമതി ക്രിസ്റ്റ് ഗോയസ്റ്റ്, പോലീസ് മേധാവികൾ, ജർമനിയിലെ വിവിധ രാഷ്ടീയ പാർട്ടികളിലെ സമുന്നത നേതാക്കന്മാർ, നാഷണൽ അസംബ്ലി മെംബർമാർ, സർവകലാശാലാ മേധാവികൾ മുതലായ നിരവധി വിശിഷ്ട വ്യക്തികൾക്ക് നൽകിയ സൗഹൃദ വിരുന്നിൽ ഖലീഫത്തുൽ മസീഹ് (അയ്യദഹു) ചെയ്ത പ്രസംഗം.

**ബിസ്മില്ലാഹിർറഹ്മാനിർറഹീം.**

**പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ. ബഹുമാന്യരായ അതിഥികളെ, *അസ്സലാമു അലൈക്കും വ റഹ്മത്തുല്ലാഹി ബറക്കാത്തുഹു* (അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹവും നിങ്ങളിൽ ഉണ്ടാകട്ടെ.)**

ആദ്യമായി ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിച്ചേർന്ന എല്ലാ അതിഥികൾക്കും ഞാനെന്റെ നന്ദി രേഖപ്പെടുത്തുന്നു. ഈ സമൂഹവുമായി നിങ്ങളിൽ പലർക്കും നല്ല പരിചയമുണ്ടാവും. അല്ലെങ്കിൽ അഹ്മദിയ്യാ മുസ്‌ലിംകളുമായി പൂർവ സൗഹൃദമുണ്ടാവും. നിങ്ങളിൽ ഈയിടെ മാത്രമായി അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെട്ടവരുമുണ്ടാവും എന്നെനിക്കുറപ്പുണ്ട്. അവരുടെ ഹൃദയത്തിൽ ഈ ജമാഅത്തിനെക്കുറിച്ചറിയാൻ തീക്ഷ്ണമായ ആഗ്രഹവുമുണ്ടാകും. നിങ്ങളുടെ ഈ സാന്നിദ്ധ്യം തെളിയിക്കുന്നത് നിങ്ങൾക്ക് അഹ്മദികളുമായി കൂട്ടുചേരുന്നതിനോ അവരുമായി സമ്പർക്കം പുലർത്തുന്നതിനോ അവരുടെ പള്ളിയിൽ പോവുന്നതിനോയാതൊരു അപകടവും ഭീതിയുമില്ല എന്ന് നിങ്ങൾ വിശ്വസിക്കുന്നു എന്നാണ്.

സത്യമെന്തെന്നാൽ ഇന്നത്തെ സാഹചര്യത്തിൽ ഇസ്‌ലാമിനെപറ്റി വരുന്ന ബഹുഭൂരിപക്ഷം വിവരങ്ങളും വാർത്തകളും അങ്ങേയറ്റം നിഷേധാത്മകമാണ്. അത്കൊണ്ട് അഹ്മദികളുടെ പള്ളി സന്ദർശിച്ചാൽ അത് ബുദ്ധിമുട്ടാകുമെന്നും ഒരു പക്ഷേ കുഴപ്പങ്ങൾക്ക് വഴിവെക്കുമെന്നും അമുസ്‌ലിംകൾ എളുപ്പത്തിൽ ആശങ്കപ്പെടാനും മതി. എന്തു തന്നെയായാലും നിങ്ങൾ പരിപാടിയിൽ വന്നു കൊണ്ട് തെളിയിക്കുന്നത് നിങ്ങൾക്ക് അഹ്മദി മുസ്‌ലിംകളെപറ്റി യാതൊരു ഭയവുമില്ലെന്നും അവർ ഒരു ഭീഷണിയല്ലെന്നുമാണ്. നിങ്ങൾ അഹ്മദികളെ വിലമതിക്കുന്നുണ്ടെന്നും അവർ നിങ്ങളെയും നിങ്ങളുടെ രാജ്യത്തിലെ ഭൂരിപക്ഷം പേരെയും പോലെ മാന്യന്മാരും ആത്മാർഥതയുള്ളവരുമാണെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടെന്നുമാണ് അത് കാണിക്കുന്നത്. ഞാനിത് പറയുമ്പോൾ ഇവിടെ വന്ന ഒരു ചെറുവിഭാഗത്തിന് ഇവിടെ പങ്കെടുക്കുന്നത് ദോഷകരമായ അനന്തര ഫലം ഉണ്ടാകുമോയെന്ന് ആശങ്കപ്പെടുന്നവരാണ് എന്ന കാര്യം ഞാൻ അവഗണിക്കുന്നില്ല, തീവ്രവാദ പ്രവണതയോ മനോനിലയോ ഉള്ളവരുടെ അടുത്താണ് നിങ്ങൾ ഇരിക്കുന്നതെന്ന ആശങ്കയുണ്ടാവാനും സാദ്ധ്യതയുണ്ട്. നിങ്ങളിലാർക്കെങ്കിലും അത്തരത്തിലുള്ള ഭീതിയുണ്ടെങ്കിൽ അത് ഉടൻ തന്നെ മാറ്റുക. ഇത് സംബന്ധിച്ച് ഞങ്ങൾ അതീവ ജാഗ്രത പുലർത്തുന്നുണ്ട്. ഏതെങ്കിലും വിധത്തിൽ അത്തരത്തിലുള്ള ഏതെങ്കിലും തീവ്രവാദികൾ ഈ പള്ളിയിലോ ഇതിന്റെ പരിസരത്തിലോ പ്രവേശിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ അയാളെ ഈ കെട്ടിടത്തിൽ നിന്നും പുറത്താക്കാനുള്ള ശക്തമായ നടപടികൾ ഞങ്ങൾ എടുക്കുന്നതാണ്. ആയതിനാൽ നിങ്ങൾ തീർച്ചയായും സുരക്ഷിതമായ കരങ്ങളിലാണ്.

അഹ്മദിയ്യാ ജമാഅത്തിൽ പെട്ട ആരെങ്കിലും ഏതെങ്കിലും സ്ഥലത്ത് എന്തെങ്കിലും തരത്തിലുള്ള തീവ്ര വാദ പ്രവണത കാണിക്കുന്നതായോ നിയമ ലംഘനം നടത്തുന്നതായോ സമാധാനം നശിപ്പിക്കുന്നതായോ കണ്ടാൽ അയാളെ ജമാഅത്തിൽ നിന്ന് പുറത്താക്കുന്നതാണ്. ഞങ്ങൾ അത്തരത്തിലുള്ള ഉറച്ച നടപടികളെടുക്കാൻ ബദ്ധശ്രദ്ധരാണ്. കാരണം സമാധാനം, സുരക്ഷ എന്നീ അർഥമുള്ള 'ഇസ്‌ലാം' എന്ന പദത്തിനോടുള്ള ഞങ്ങളുടെ തികഞ്ഞ ആദരവാണ് അത്തരത്തിൽ സുദൃഢമായ നടപടിയെടുക്കാൻ ഞങ്ങളെ ബാദ്ധ്യതപ്പെടുത്തുന്നത്. ഇസ്‌ലാം എന്ന പദത്തിന്റെ യഥാർഥ പ്രാതിനിധ്യം ഞങ്ങളുടെ സമൂഹമാണ് പ്രകടിപ്പിക്കുന്നത്. ഇസ്‌ലാം മതത്തിന്റെ യഥാർഥ അദ്ധ്യാപനങ്ങളുടെ ഈ തുറന്ന് കാട്ടൽ ഉണ്ടാകുമെന്നുള്ള മഹത്തായ പ്രവചനം ഇസ്‌ലാം മതത്തിന്റെ സ്ഥാപകരായ മുഹമ്മദ് നബി(സ) 1400 വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ചതാണ്. ആ പ്രവചനത്തിൽ റസൂൽ തിരുമേനി(സ)

പറഞ്ഞത്, ഇസ്‌ലാമിന്റെ യഥാർഥത്തിലുള്ളതും സംശുദ്ധവുമായ അദ്ധ്യാപനത്തിൽ നിന്ന് ഭൂരിപക്ഷം മുസ്‌ലിംകളും വിസ് മൃതമാവുന്ന ഒരു കാലം വരുമെന്നാണ്. ആ പ്രവചന പ്രകാരം അക്കാലത്ത് യഥാർഥ ഇസ്‌ലാമിനെ പുനസ്ഥാപി ക്കാൻ മഹ്ദിയും മസീഹുമായി ഒരാളെ അല്ലാഹു ലോകത്ത് അയക്കുന്നതാണ്.

റസൂൽ തിരുമേനി(സ)യുടെ ആ മഹത്തായ പ്രവചനം സാക്ഷാത്കരിക്കാൻ ദൈവം അയച്ച വ്യക്തിയാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ). ദൈവാനുഗ്രഹത്താൽ ഈ സമൂഹം 212 രാജ്യങ്ങളിൽ വ്യാപിച്ചു കഴിഞ്ഞു. ഈ ഓരോ രാജ്യത്തെയും എല്ലാ വിഭാഗങ്ങളിലും പെട്ട പ്രാദേശിക ജനങ്ങൾ അഹ്മദിയ്യത്ത് സ്വീകരിച്ചു കഴിഞ്ഞു. അഹ്മദിയ്യാ മുസ്‌ലിം ആയിരിക്കുന്നതിന് പുറമേ അവർ അതാത് രാജ്യത്തെ കൂറുള്ള പൗരൻമാർ കൂടിയാണ്. അവർക്ക് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിനോടുള്ള സ്നേഹവും അവർ ജീവിക്കുന്ന രാജ്യത്തോടുള്ള കൂറും തമ്മിൽ യാതൊരു വൈരുദ്ധ്യമോ സംഘട്ടനമോ ഇല്ല. ഈ രണ്ട് സ്നേഹവും അവരിൽ ഊടും പാവും പോലെ സുദൃഢമാണ്. അഹ്മദികൾ, അവർ എവിടെ ജീവിക്കുന്നവരാകട്ടെ, ആ രാജ്യത്തെ നിയമം ഏറ്റവും കൂടുതൽ അനുസരിക്കുന്ന പൗരൻമാരുമായിരിക്കും. ഈ സ്വഭാവഗുണമാണ് അഹ്മദിയ്യാ ജമാഅത്തിലെ ഭൂരിപക്ഷം അംഗങ്ങളിലും നിലനില്ക്കുന്നതെന്ന് യാതൊരു സംശയവും കൂടാതെ എനിക്ക് പറയാൻ സാധിക്കും.

ഈദൃശ ഗുണങ്ങളാൽ ഏതെങ്കിലും ഒരു അഹ്മദി ഒരു രാജ്യത്ത് നിന്നും മറ്റൊരു രാജ്യത്തേക്ക് കുടിയേറിപ്പാർക്കുന്നുവെങ്കിൽ അല്ലെങ്കിൽ പ്രാദേശിക ജനവിഭാഗത്തിൽ നിന്നും ആരെങ്കിലും അഹ്മദിയ്യത്തിലേക്ക് പരിവർത്തനം ചെയ്തുവെങ്കിൽ ആ അഹ്മദികൾ തദ്ദേശീയ സമൂഹവുമായി ഉദ്ഗ്രഥിക്കപ്പെടുമെന്ന കാര്യത്തിൽ അഹ്മദികൾക്ക് യാതൊരു ആശങ്കയുമില്ല. തങ്ങൾ ജീവിക്കുന്ന രാജ്യത്തെ വിശാലമായ ദേശീയ താൽപര്യങ്ങളെ ശക്തിപ്പെടുത്താൻ ഒരു അഹ്മദി വഹിക്കുന്ന പങ്ക് എന്തായിരിക്കണം എന്നതിനെ സംബന്ധിച്ചും അവർക്ക് യാതൊരു ആശയക്കുഴപ്പവുമില്ല. അഹ്മദികൾ ഏത് രാജ്യത്ത് ജീവിക്കുന്നവരായാലും അവർ തങ്ങൾ ജീവിക്കുന്ന രാജ്യം മാതൃരാജ്യമായിക്കരുതി ആ രാജ്യത്തെ എല്ലാ സത്യസന്ധരായ പൗരൻമാരെ യും പോലെ അഗാധമായി ആ രാജ്യത്തെ സ്നേഹിക്കുകയും ആ രാജ്യത്തിന്റെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു. ഈ വിധത്തിൽ ജീവിക്കാനാണ് ഞങ്ങൾക്ക് ഇസ്‌ലാം പഠിപ്പിച്ചു തന്നത്. തീർച്ചയായും ഇസ്‌ലാം ഈ തത്ത്വത്തിന്റെ കേവലം ഒരു വക്താവ് മാത്രമല്ല. അത് തങ്ങൾ ജീവിക്കുന്ന രാജ്യത്തോട് അങ്ങേയറ്റത്തെ കൂറു പുലർത്താനും ആ രാജ്യത്തിന് വേണ്ടി ജീവിതം സമർപ്പിക്കാനും അതിന്റെ അനുയായികളോട് ആജ്ഞാപിക്കുന്നു.

റസൂൽ തിരുനബി(സ) പഠിപ്പിക്കുന്നത് സ്വരാജ്യസ്നേഹം ഒരു മുസൽമാന്റെ വിശ്വാസത്തിന്റെ ഭാഗമാണെന്നാണ്. ഒരാൾ താൻ ജീവിക്കുന്ന രാജ്യത്തെ സ്നേഹിക്കണമെന്നത് ഇസ്‌ലാമിലെ അടിസ്ഥാന കാര്യമായിരിക്കെ എങ്ങനെയാണ് ഒരു യഥാർഥ മുസ്‌ലിമിന് തന്റെ രാജ്യത്തോട് കൂറില്ലായ്മയും ദേശവഞ്ചനയും കാണിച്ചു തന്റെ വിശ്വാസത്തിൽ നിന്നും വ്യതിചലിക്കാൻ കഴിയുക? ഒരു അഹ്മദി മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ എല്ലാ മുഖ്യപരിപാടികളിലും എല്ലാ സ്ത്രീ പുരുഷൻമാരും കുട്ടികളും മുതിർന്നവരും എഴുന്നേറ്റ് നിന്ന് അവർ ദൈവത്തെ സാക്ഷി നിർത്തിക്കൊണ്ടു ഒരു പ്രതിജ്ഞ ചെയ്യുന്നു. ആ പ്രതിജ്ഞയിൽ തന്റെ ജീവനും സ്വത്തും സമയവും അഭിമാനവുമെല്ലാം തങ്ങളുടെ മതത്തിന് മാത്രമല്ല, അവരുടെ സമൂഹത്തിനുവേണ്ടിയും രാജ്യത്തിന് വേണ്ടിയും ത്യജിക്കാൻ സന്നദ്ധരാവണമെന്ന് അവർ വാഗ്ദാനം ചെയ്യുന്നു. അതുകൊണ്ട് തങ്ങളുടെ വിശ്വാസത്തിനു വേണ്ടിയും രാജ്യത്തിന് വേണ്ടിയും സമൂഹത്തിനു വേണ്ടിയും ത്യാഗം ചെയ്യാൻ എപ്പോഴും സന്നദ്ധരാണെന്ന് നിരന്തരം പ്രതിജ്ഞ ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഭാഗത്തേക്കാൾ കൂറുള്ള പൗരൻമാരാണെന്ന് തെളിയിക്കാൻ മറ്റാർക്കാണ് കഴിയുക?

ജർമനിയിലെ ചില ആളുകളുടെ മനസ്സിൽ ഉയർന്നു വരുന്ന ചോദ്യമിതാണ്. ജർമനിയിൽ വരുന്ന മുസ്‌ലിംകളിൽ ഭൂരിപക്ഷവും പാകിസ്താൻ, തുർക്കി, മറ്റ് ഏഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വരുന്നവരാണ്. രാജ്യത്തിന് ത്യാഗം ചെയ്യേണ്ട സന്ദർഭം ആഗതമായാൽ അവർ ജർമനിയേക്കാൾ തങ്ങൾ ഏതൊരു നാട്ടിലെ, വംശജനാണോ ആ നാടിന് വേണ്ടിയായിരിക്കും ത്യാഗം വരിക്കാൻ ഇഷ്ടപ്പെടുക യെന്ന് അവർ ആശങ്കിക്കുന്നു. അതുകൊണ്ട് ഞാനീക്കാര്യം വ്യക്തമാക്കുകയും വിശദീകരിക്കുകയും ചെയ്യുകയാണ്. ഒരാൾ ജർമൻ പൗരത്വമോ മറ്റേതെങ്കിലും രാജ്യത്തിന്റെ പൗരത്വമോ ആർജിക്കുകയാണെങ്കിൽ അയാൾ ആ രാജ്യത്തിന്റെ പൂർണ പൗരനായി മാറുന്നു. ഞാൻ മിലിട്ടറി ആസ്ഥാനമായ കൊബ്ളൻസിൽ വെച്ച് നടത്തിയ പ്രസംഗത്തിൽ ഇക്കാര്യം വ്യക്തമാക്കിയിരുന്നു. ഒരു കുടിയേറ്റക്കാരൻ ജർമൻ പൗരനായതിന് ശേഷം അയാൾ ജനിച്ച നാടും ജർമനിയും തമ്മിൽ ഒരു യുദ്ധം സംജാതമായെന്നിരിക്കട്ടെ, എങ്കിൽ ആ സന്ദർഭത്തിൽ കുടിയേറിയ ജർമൻ പൗരൻ താൻ ജനിച്ച രാജ്യത്തോട് എന്തെങ്കിലും തരത്തിലുള്ള സഹതാപം പ്രകടിപ്പിക്കുകയാണെങ്കിൽ അത്തരം കുടിയേറ്റക്കാർ ജർമനിക്ക് ആപത്താണ്. അവരുടെ പൗരത്വമോ കുടിയേറ്റ പദവിയോ ഉടൻ തന്നെ റദ്ദാക്കേണ്ടതും അയാളെ സ്വദേശത്തേക്ക് തിരിച്ചയക്കേണ്ടതുമാണ്. അയാൾ ആ

നാട്ടിൽ തന്നെ തുടരുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഇസ്‌ലാം ഒരിക്കലും തന്നെ ജീവിക്കുന്ന രാജ്യത്തോട് കൂറു കാട്ടാതിരിക്കാൻ ആരെയും അനുവദിക്കുന്നില്ല. ഇത് ഇസ്‌ലാമിന്റെ യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത കേവലമായ അദ്ധ്യാപനമാണ്. ഇസ്‌ലാം ഒരിക്കലും തന്നെ വിപ്ലവ സ്വഭാവം അനുവദിക്കുകയോ, സ്വന്തം രാജ്യത്തിനെതിരായി ഗൂഢാലോചന ചെയ്യാനോ അനുവദിക്കുന്നില്ല. അത് സ്വഭാവിക പൗരത്വമുള്ള രാജ്യമായാലും പൗരത്വം സ്വീകരിച്ച രാജ്യമായാലും ശരി, ഇസ്‌ലാം അത് അനുവദിക്കുന്നില്ല. ഒരാൾ താൻ പൗരത്വം സ്വീകരിച്ച രാജ്യത്തിനെതിരേ പ്രവർത്തിക്കുകയോ ദ്രോഹം വരുത്തുകയോ ചെയ്യുന്നതായാൽ അയാൾ രാജ്യത്തിന്റെ ശത്രുവായോ രാജ്യദ്രോഹിയായോ കണക്കാക്കപ്പെടുകയും അതാത് രാജ്യത്തെ നിയമമനുസരിച്ച് അയാൾ ശിക്ഷിക്കപ്പെടുകയും ചെയ്യും.

ഒരു മുസ്‌ലിം കുടിയേറ്റക്കാരന്റെ കാര്യത്തിലുള്ള നിലപാടാണ് ഞാൻ വിശദീകരിച്ചത്. ഇനി ജർമൻ വംശജനും ജർമൻകാരനുമായ ഒരാളോ അല്ലെങ്കിൽ ഏതെങ്കിലും രാജ്യത്തിലെ ഏതെങ്കിലും പൗരനോ ഇസ്‌ലാമിലേക്ക് മതം മാറി വന്നാൽ അയാൾ പൗരനായിരിക്കുന്ന മാതൃ രാജ്യത്തിനുനേരെ സമ്പൂർണമായ കൂറു കാട്ടുകയല്ലാതെ അയാൾക്ക് മറ്റൊരു മാർഗവുമില്ല. ചിലപ്പോൾ ഉയർന്നു വരുന്ന ചോദ്യമിതാണ്. പാശ്ചാത്യരാജ്യം മറ്റൊരു മുസ്‌ലിം രാജ്യവുമായി യുദ്ധത്തിലേർപ്പെട്ടാൽ ആ പാശ്ചാത്യരാജ്യത്തുള്ള മുസ്‌ലിം എന്തുനിലപാട് സ്വീകരിക്കണം? ഈ ചോദ്യത്തിന് ഉത്തരം പറയുന്നതിന് മുമ്പായി ഞങ്ങളുടെ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ വാഗ്ദത്ത മസീഹ് (അ) പറഞ്ഞ വാക്കുകൾ ഇവിടെ പ്രതിപാദിക്കുകയാണ്: 'നാം ഇപ്പോൾ മതയുദ്ധങ്ങൾ പൂർണമായും നിലച്ച ഒരു കാലഘട്ടത്തിലാണ് ജീവിക്കുന്നത്. ഒരു കാലത്ത് യുദ്ധങ്ങളും സമരങ്ങളും നടന്നത് മുസ്‌ലിംകളും മറ്റു മത സമൂഹങ്ങളും തമ്മിലായിരുന്നു. ആ യുദ്ധങ്ങളിൽ അമുസ്‌ലിംകളുടെ ലക്ഷ്യം മുസ്‌ലിംകളെ കൊല്ലുകയും ഇസ്‌ലാമിന് അന്ത്യം വരുത്തലുമായിരുന്നു.' ഇസ്‌ലാമിന്റെ ആദ്യകാല യുദ്ധങ്ങളിലെല്ലാം തന്നെ അമുസ്‌ലിംകൾ മുസ്‌ലിംകൾക്കെതിരെ ഏകപക്ഷീയമായി ആക്രമിക്കുകയായിരുന്നു. മുസ്‌ലിംകൾക്ക് അവരെ സ്വയം സംരക്ഷിക്കാനും അവരുടെ മതത്തെ സംരക്ഷിക്കാനും പ്രതിരോധ യുദ്ധം നടത്തുകയല്ലാതെ മറ്റു യാതൊരു മാർഗവുമില്ലായിരുന്നു. അത്തരം ഒരു സാഹചര്യം ഇന്നില്ല. ആധുനിക കാലഘട്ടത്തിൽ ഒരു ഭരണകൂടവും ഇസ്‌ലാം അവസാനിപ്പിക്കണം എന്ന ഉദ്ദേശ്യത്തോടെ ഒരു യുദ്ധം നടത്തുന്നില്ല. അതിന് വിപരീതമായി ബഹുഭൂരിപക്ഷം പാശ്ചാത്യ നാടുകളിലും മതസ്വാതന്ത്ര്യം അനുവദിക്കുന്നു. അത്തരം ഒരു സാഹചര്യം നിൽക്കുന്നത് കൊണ്ട് പാശ്ചാത്യ നാടുകളിൽ അഹ്മദി മുസ്‌ലിംകൾക്ക് ഇസ്‌ലാം മതത്തിന്റെ സന്ദേശം എത്തിക്കാനും സാധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഞങ്ങളുടെ ജമാഅത്തിന് അത്യധികം നന്ദിയും കടപ്പാടുമുണ്ട്. അതുകൊണ്ടാണ് ഞങ്ങൾക്ക് യഥാർഥത്തിലുള്ളതും മനോഹരവുമായ ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ പാശ്ചാത്യനാടുകളിൽ പ്രചരിപ്പിക്കാൻ സാധിക്കുന്നത്. അത് സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും സന്ദേശങ്ങളാണ്.

തീർച്ചയായും ആ മതസ്വാതന്ത്ര്യം നിങ്ങൾ അനുവദിച്ചതുകൊണ്ടാണ് എനിക്ക് നിങ്ങളുടെ മുമ്പിൽ ഇന്ന് നില്ക്കാനും യഥാർഥ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ നിങ്ങളോട് പറയാനും സാധിക്കുന്നത്. ഇന്ന് മതയുദ്ധങ്ങൾ ഇല്ല എന്ന കാര്യം വളരെ വ്യക്തമാണ്. മറിച്ച്, ബഹുഭൂരിപക്ഷം മുസ്‌ലിം രാജ്യങ്ങളാകട്ടെ, ക്രിസ്ത്യൻ രാജ്യങ്ങളാവട്ടെ, മറ്റേതൊരു രാജ്യമാകട്ടെ, മതേതര യുദ്ധമാണ് ചെയ്യുന്നത്. അപ്പോൾ ക്രിസ്ത്യൻ രാജ്യത്തോ അല്ലെങ്കിൽ മറ്റേതെങ്കിലും ഒരു രാജ്യത്തോ ജീവിക്കുന്ന ഒരു മുസ്‌ലിം പൗരൻ മുസ്‌ലിം രാജ്യങ്ങളുമായി യുദ്ധമുണ്ടാവുന്ന ഒരു സാഹചര്യത്തിൽ എങ്ങനെയാണ് പ്രതികരിക്കേണ്ടത്?

ഈ ചോദ്യത്തിന് ഉത്തരമായി ഇസ്‌ലാം ഒരു സുവർണ സന്ദേശമാണ് നല്കുന്നത്. ഒരാൾ ക്രൂരതക്കും പീഡനത്തിനും ഒരിക്കലും തന്നെ പിന്തുണ നൽകാൻ പാടുള്ളതല്ല. അതുകൊണ്ട് ക്രൂരതയും മർദനവും ഒരു മുസ്‌ലിം രാജ്യം അഴിച്ചുവിടുകയാണെങ്കിൽ അത് തടയേണ്ടതാണ്. അത് ഒരു ക്രിസ്ത്യൻ രാജ്യമാണ് നടത്തുന്നതെങ്കിൽ അതും തടയേണ്ടതാണ്.

ഒരു വ്യക്തിക്ക് എങ്ങനെയാണ് ഒരു രാജ്യം ചെയ്യുന്ന ക്രൂരതക്കും അനീതിക്കും തടയിടാൻ കഴിയുക? ഇതിനുള്ള ഉത്തരം വളരെ ലളിതമാണ്. ഇക്കാലത്ത് ജനാധിപത്യം പാശ്ചാത്യനാടുകളിൽ വ്യാപകമാണ്. ഒരു നീതിമാനായ മനുഷ്യൻ അദ്ദേഹത്തിന്റെ രാജ്യത്തെ ഭരണകൂടം മർദനപരമായി അക്രമം കാണിക്കുകയാണെങ്കിൽ അയാൾ അതിനെതിരെ ശബ്ദമുയർത്തുകയും തന്റെ രാജ്യത്തെ നേർപാതയിലേക്ക് കൊണ്ടുവരാൻ യത്നിക്കുകയും വേണം. ഇത് ഒരു വ്യക്തിക്ക് മാത്രമല്ല ഒരു സംഘം ആളുകൾക്കും ചെയ്യാവുന്നതാണ്. മറ്റൊരു രാജ്യത്തിന്റെ പരമാധികാരം തന്റെ രാജ്യം ലംഘിക്കുന്നതായിക്കണ്ടാൽ അതിനെതിരെ തന്റെ ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുകയും തന്റെ ആശങ്ക അറിയിക്കുകയും വേണം. എഴുന്നേറ്റ് നിന്ന് നിങ്ങളുടെ ആശങ്ക സമാധാനപൂർവം അറിയിക്കുന്നത് ഒരു റിബൽ നടപടിയോ വിപ്ലവപ്രവർത്തനമോ അല്ല. വാസ്തവത്തിൽ, അത് നിങ്ങളുടെ രാജ്യത്തോടുള്ള യഥാർഥ സ്നേഹപ്രകടനമാണ്. നീതിമാനായ ഒരു പൗരന് തന്റെ രാജ്യത്തിന്റെ ബഹുമതി കളങ്കപ്പെടുന്നത് സഹിക്കാനാവില്ല. അന്തർദേശീയ സമൂഹത്തിന് മുന്നിൽ അപമാനിതനാവുന്നതും പൊറുക്കാൻ സാദ്ധ്യമല്ല. ഇത്തര

ത്തിൽ തന്റെ രാജ്യത്തിന്റെ ചെയ്തിയെക്കുറിച്ച് ആശങ്ക അറിയിക്കുന്നത് തന്റെ രാജ്യത്തോടുള്ള കൂറും സ്നേഹവും പ്രകടിപ്പിക്കലാണ്.

അന്തർദേശീയ സമൂഹത്തെപ്പറ്റിയും അതിന്റെ സ്ഥാപനത്തെക്കുറിച്ചും പറയുമ്പോൾ ഇസ്ലാമിന്റെ അദ്ധ്യാപനം, ഒരു രാജ്യം മറ്റൊരു രാജ്യത്തെ അന്യായമായി അക്രമിക്കുകയാണെങ്കിൽ മറ്റെല്ലാ രാജ്യങ്ങളും സംഘടിച്ച് അക്രമി രാജ്യത്തെ തടയാൻ നോക്കണം. അക്രമി രാജ്യത്തിന് വിവേകമുദിച്ച് അക്രമത്തിൽ നിന്നും പിൻവാങ്ങിയാൽ ക്രൂരമായ ശിക്ഷകളോ അന്യായമായ തീരുമാനങ്ങളോ അവസരം മുതലെടുക്കാൻ വേണ്ടി പ്രതികാരമായി അക്രമി രാജ്യത്തിനെതിരെ അടിച്ചേൽപ്പിക്കരുത്. എല്ലാ സാധ്യതകൾക്കും ഇസ്ലാം ഉത്തരവും പരിഹാരവും നിർദേശിക്കുന്നു. ഇസ്ലാമിക അധ്യാപനങ്ങളുടെ സാരസർവസ്വവും നിങ്ങൾ സമാധാനം പ്രചരിപ്പിക്കണമെന്നാണ്. എത്രത്തോളമെന്നാൽ ഇസ്ലാം മതസ്ഥാപകനായ റസൂൽ തിരുമേനി(സ) പറഞ്ഞതുപോലെ സമാധാനകാംക്ഷികളായ ജനങ്ങൾ ആരുടെ കൈകൾ കൊണ്ടും നാവു കൊണ്ടും സുരക്ഷിതരായിരിക്കുന്നുവോ അയാളാണ് മുസ്ലിം. ഞാൻ പറഞ്ഞതു പോലെ ഇസ്ലാം ഒരിക്കലും ക്രൂരതയിലും അക്രമത്തിലും സഹകരിക്കാൻ പഠിപ്പിക്കുന്നില്ല. ഈ മനോജ്ഞവും വിവേകപൂർണവുമായ അധ്യാപനമാണ് ബഹുമതിയോടെയും അന്തസ്സോടെയും അതാത് രാജ്യങ്ങളിൽ ജീവിക്കാൻ ഒരു മുസ്ലിമിനെ പ്രാപ്തനാക്കുന്നത്. അന്തസ്സും സത്യസന്ധതയുമുള്ള ഏതൊരു മനുഷ്യനും തന്റെ സമൂഹത്തിൽ ഇത്തരത്തിൽ ജീവിക്കാനാണ് ആഗ്രഹിക്കുക എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

റസൂൽ തിരുമേനി(സ) തന്റെ രാജ്യത്ത് ജീവിക്കാൻ മറ്റൊരു മനോഹരമായ അധ്യാപനവും നൽകിയിട്ടുണ്ട്. ശുദ്ധവും നന്മ നിറഞ്ഞതുമായ വസ്തുക്കളാണ് ഒരു സത്യവിശ്വാസി എപ്പോഴും ആരായുക. ഒരു മുസ്ലിം വിവേകപൂർണമായ ഒരു വാക്കോ മഹിതപൂർണമായ മറ്റെന്തെങ്കിലും കേൾക്കുകയാണെങ്കിൽ അത് തന്റെ വ്യക്തിപരമായ സ്വത്താണെന്ന് കരുതണം. അതേ ആർജവത്തോടെ മുസ്ലിംകൾ തങ്ങളുടെ യഥാർഥത്തിലുള്ള പൈതൃകത്തിന്റെ അന്വേഷകരായിരിക്കണം. വിവേകപൂർണമായ ഉപദേശങ്ങളും നന്മയും എവിടെക്കണ്ടാലും അത് സ്വായത്തമാക്കാനും അതിൽ നിന്ന് ഫലമെടുക്കാനും പരിശ്രമിക്കണമെന്നാണ് മുസ്ലിംകൾ പഠിപ്പിക്കപ്പെട്ടിരിക്കുന്നത്.

കുടി യേറ്റക്കാരുടെ ഉദ്ഗ്രഥനത്തെ സംബന്ധിച്ച് നിരവധി ഉത്കണ്ഠകൾ ഉണ്ടായിരുന്ന സമയത്തുള്ള മാർഗ നിർദേശ തത്ത്വങ്ങൾ എത്ര സമഗ്രവും മനോഹരങ്ങളുമായിരുന്നു. മുസ്ലിംകൾ പഠിപ്പിക്കപ്പെട്ടത് അവരുടെ പ്രാദേശിക സമൂഹങ്ങളുമായി സമന്വയിപ്പിക്കാനും പരസ്പരം ബഹുമാനം ഉണ്ടാക്കാനും അവർ ഓരോ സമൂഹത്തിന്റെയും പ്രദേശത്തിന്റെയും പട്ടണത്തിന്റെയും ഓരോ രാജ്യത്തിന്റെയും നല്ല വശങ്ങൾ തേടണമെന്നാണ്. അങ്ങനെയുള്ള മൂല്യങ്ങൾ മുസ്ലിംകൾ പഠിച്ചാൽ മാത്രം പോരാ അവർ തങ്ങളുടെ വ്യക്തി ജീവിതത്തിൽ അവ കൈക്കൊള്ളുകയും വേണം. പരസ്പരം വിശ്വസ്തതയും സ്നേഹവും കൂട്ടായ്മയുമുണ്ടാക്കുന്ന മാർഗദർശനമിതാണ്. യഥാർഥത്തിൽ ഒരു സത്യവിശ്വാസിയേക്കാൾ കൂടുതൽ സമാധാനസ്നേഹിയാവാൻ മറ്റാർക്കാണ് സാധിക്കുക. ആ സത്യവിശ്വാസി തന്റെ മതത്തിന്റെ ആവശ്യങ്ങൾ മാത്രമല്ല പൂർത്തിയാക്കുന്നത്. തന്റെയും മറ്റേതൊരു സമൂഹത്തിന്റെയും നല്ലവശങ്ങൾ സ്വായത്തമാക്കുന്നു. അവനേക്കാൾ കൂടുതൽ സമാധാനവും സുരക്ഷയും പരത്താൻ ആർക്കു കഴിയും?

ഇന്ന് ലഭ്യമായ ആശയ വിനിമയ സൗകര്യങ്ങൾ കാരണം ലോകം ഇന്നൊരു ആഗോളഗ്രാമമായിരിക്കയാണ്. 1400 വർഷങ്ങൾക്കുമുമ്പ് നബിതിരുമേനി (സ) പ്രവചിച്ചതാണിത്. അതായത് ഒരു കാലം വരും അന്നു ലോകം ഒന്നായിത്തീരും, ദൂരം ചുരുക്കപ്പെടും. ആശയവിനിമയ മാർഗങ്ങളും ആധുനികതയും വേഗതയും കാരണമായി ജനങ്ങൾക്ക് ലോകം മുഴുവൻ കാണാൻ സാധിക്കുമെന്നും തിരുമേനി (സ)പറഞ്ഞു. യഥാർഥത്തിൽ ഇത് വിശുദ്ധ ഖുർആന്റെ ഒരു പ്രവചനത്തിനുള്ള തിരുമേനി(സ)യുടെ വിശദീകരണമാണ്. ഇതിനെ സംബന്ധിച്ച് തിരുനബി(സ) പഠിപ്പിച്ചത് അങ്ങനെയുള്ള കാലം വരുമ്പോൾ ജനങ്ങൾ പരസ്പരം നല്ല കാര്യങ്ങൾ പഠിച്ച് സ്വായത്തമാക്കുമെന്നാണ്. അതുപോലെ അവർ തങ്ങളുടെ നഷ്ടപ്പെട്ട സ്വത്ത് കണ്ടെത്തുകയും ചെയ്യും. മറ്റു വാക്കുകളിൽ പറഞ്ഞാൽ എല്ലാ ക്രിയാത്മകമായ കാര്യങ്ങളും സ്വായത്തമാക്കുകയും നിഷേധാത്മകമായ കാര്യങ്ങൾ വർജിക്കുകയും ചെയ്യും. ഈ അനുജ്ഞ വിശദീകരിക്കാൻ വിശുദ്ധ ഖുർആൻ പറഞ്ഞത് ഒരു യഥാർഥ മുസ്ലിം നന്മ ഉപദേശിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുമെന്നാണ്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ട് ഇപ്രകാരം സമാധാന സ്നേഹികളായ മുസ്ലിംകളെയോ ഇസ്ലാമിനെയോ വെച്ചു പൊറുപ്പിക്കാനോ സ്വീകരിക്കാനോ സാധ്യമല്ലെന്ന് ഏത് രാജ്യത്തിന് അല്ലെങ്കിൽ സമൂഹത്തിനാണ് പറയാൻ കഴിയുക?. കഴിഞ്ഞ വർഷം എനിക്ക് ബെർലിനിലെ മേയറുമായി കൂടിക്കാഴ്ച്ച നടത്താൻ അവസരം ലഭിച്ചു. ഏതൊരു രാഷ്ട്രത്തിന്റെയും നല്ല വശങ്ങൾ സ്വന്തം സ്വത്തായിക്കരുതണമെന്നാണ് ഇസ്ലാം പഠിപ്പിക്കുന്നതെന്ന് ഞാൻ പറഞ്ഞു. ഇതിന് പ്രതികരണമായി അദ്ദേഹം പറഞ്ഞത് ഈ അധ്യാപനം പ്രാവർത്തികമാക്കുകയാണെങ്കിൽ മുഴുവൻ ലോകവും നിങ്ങളുമായി കൈകോർക്കുകയും നിങ്ങളെ പിന്തുണക്കുകയും ചെയ്യുമെന്നാണ്.

മുസ്ലിംകൾക്കോ ഇസ്ലാമിനോ ജർമൻ സമൂഹവുമായി സമന്വയി

ക്കാനുള്ള കഴിവില്ലെന്ന് ജർമനിയിലെ ചില പ്രദേശങ്ങളിലെ ആളുകൾ പറഞ്ഞെന്നു കേട്ടപ്പോൾ ഞാൻ വളരെ അദ്ഭുതപ്പെടുകയും ദുഃഖിതനാവുകയും ചെയ്തു. തീവ്രവാദികളും ഭീകരൻമാരും അവതരിപ്പിക്കുന്ന ഇസ്‌ലാമിന് ജർമനിയെന്നല്ല, ഒരു രാജ്യവും സമൂഹവുമായി സമന്വയിക്കാൻ കഴിയില്ല എന്നത് സത്യമാണ്. അങ്ങനെയുള്ള തീവ്രവാദ പ്രത്യയശാസ്ത്രങ്ങൾക്കെതിരിൽ മുസ്‌ലിംരാജ്യങ്ങളിൽ വളരെ ഉച്ചത്തിൽ ശബ്ദമുയർത്തപ്പെടുന്ന കാലം വരുമെന്നത് തീർച്ചയാണ്. എന്നിരുന്നാലും നബി(സ) തിരുമേനി കൊണ്ടുവന്ന യഥാർഥ ഇസ്‌ലാമിലേക്ക് ആത്മാർഥതയും മാന്യതയുമുള്ള ജനത തീർച്ചയായും ആകർഷിക്കപ്പെടും. ഈ കാലഘട്ടത്തിൽ യഥാർത്ഥ ഇസ്‌ലാമികാദ്ധ്യാപനങ്ങളെ പുനർജനിപ്പിക്കാൻവേണ്ടിയാണ് അല്ലാഹു നബിതിരുമേനി(സ)യുടെ ദാസത്വത്തിൽ വാഗ്ദത്ത മസീഹി (അ) നെ അയച്ചത്. ആ ഇസ്‌ലാമിക സന്ദേശം അദ്ദേഹത്തിന്റെ സമൂഹവും പ്രയോഗവത്കരിക്കുകയും പ്രബോധിക്കുകയും ചെയ്യുന്നു.

യഥാർഥ ഇസ്‌ലാമിന് ഏതെങ്കിലും സമൂഹവുമായി സമന്വയിക്കാൻ സാധ്യമല്ലെന്ന് ന്യായമായും അവകാശപ്പെടാൻ ആർക്കും സാധ്യമല്ല. യഥാർഥ ഇസ്‌ലാം സാത്വികതയും നന്മയും പ്രചരിപ്പിക്കുകയും തിന്മയും ദുഷ്കർമവും വർജിക്കുകയും ചെയ്യുന്നു. തിന്മയും ക്രൂരതയും എവിടെയെല്ലാം നിലനില്ക്കുന്നുവോ മുസ്‌ലിംകൾ അതിൽ നിന്നെല്ലാം വിട്ടുനിൽക്കണം എന്നാണ് യഥാർഥ ഇസ്‌ലാം പഠിപ്പിക്കുന്നത്. സമന്വയിക്കുന്നതിൽ പരാജയപ്പെടുന്നതിലുപരി ഒരു കാന്തം പോലെ, സ്വാഭാവികമായും ഇസ്‌ലാം പൊതു സമൂഹത്തെ തങ്ങളിലേക്ക് ആകർച്ചെടുക്കുകയാണ് ചെയ്യുന്നത്. ഇസ്‌ലാം പഠിപ്പിക്കുന്നതെന്തെന്നാൽ തനിക്ക് മാത്രം സമാധാനം നേടാൻ പരിശ്രമിക്കുകയോ അതാഗ്രഹിക്കുകയോ ചെയ്യണമെന്നല്ല മറിച്ച് മറ്റു സമൂഹങ്ങളിലും സമാധാനവും സൗഹാർദവും പ്രചരിപ്പിക്കാൻ ശ്രമിക്കണമെന്നാണ്. ലോകത്ത് സമാധാനം സ്ഥാപിക്കാനുള്ള വഴി നിസ്വാർഥമായ ഈ മനോഭാവമാണ്. ഇത്തരം അധ്യാപനങ്ങളെ വിലമതിക്കാത്തഇത്തരം സമീപനത്തെ അംഗീകരിക്കാത്ത ഏതെങ്കിലും സമൂഹമുണ്ടോ?. തീർച്ചയായും ഒരു നല്ല സമൂഹം ഒരിക്കലും തന്നെ അധാർമികതയും തിന്മയും ആ സമൂഹത്തിൽ പ്രചരിക്കാൻ ആഗ്രഹിക്കുന്നില്ല. പ്രചരിപ്പിക്കുവാൻ ആഗ്രഹിക്കുകയില്ല. ഒരിക്കലും നന്മയും സമാധാനവും വളരുന്നതിനെ എതിർക്കുകയുമില്ല.

നന്മയെ നാം നിർവചിക്കുമ്പോൾ ഒരു മതവാദിയും നിർമതവാദിയും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാവാൻ സാധ്യതയുണ്ട്. ഇസ്‌ലാംപറയുന്ന നന്മയുടെയും സദാചാരത്തിന്റെയും വീക്ഷണങ്ങളിൽ മുഖ്യമായ രണ്ടു നന്മകളുണ്ട്. അവയിൽ നിന്ന് നമ്മുടെ എല്ലാ നന്മയുടെ രൂപങ്ങളും ഉത്ഭവിക്കുന്നത്, സർവശക്തനായ അല്ലാഹുവിനോടുമുള്ള കടകമകൾ മറ്റൊന്ന് മനുഷ്യകുലത്തോടുള്ള കടമകൾ. നിർവചനത്തിലുള്ള ഒരു വീക്ഷണത്തിൽ മതവിശ്വാസിയും നിർമതവാദിയും തമ്മിൽ വ്യത്യാസമുണ്ടായിരിക്കെ മറ്റേ വീക്ഷണത്തിൽ അതായത് മനുഷ്യകുലത്തോടുള്ള കടമയിൽ യാതൊരു വ്യത്യാസവുമില്ല. വ്യത്യാസമുള്ള കാര്യം അല്ലാഹുവിനോടുള്ള ആരാധനയുമായി ബന്ധപ്പെട്ടതാണ്. ഇക്കാര്യത്തിൽ എല്ലാ മതങ്ങളും തദനുയായികൾക്ക് മാർഗദർശനം നല്കുന്നു. മനുഷ്യനോടുള്ള കടപ്പാടുകളുടെ കാര്യത്തിൽ മതങ്ങളും സമൂഹങ്ങളും മനുഷ്യകുലത്തിന് അദ്ധ്യാപനങ്ങൾ നൽകിയിട്ടുണ്ട്. മനുഷ്യകുലത്തോടുള്ള കടമകളെ സംബന്ധിച്ച് ഇസ്‌ലാം അഗാധവും വിശദവുമായ അധ്യാപനങ്ങളാണ് നല്കുന്നത്. ഈയവസരത്തിൽ ആ എല്ലാ അധ്യാപനങ്ങളെ സംബന്ധിച്ചും സംസാരിക്കുക അസാധ്യമാണ്. സമൂഹത്തിൽ സമാധാന സംസ്ഥാപനത്തിനായി ഇസ്‌ലാം മുന്നോട്ടുവെക്കുന്ന പ്രധാന കടമകളെക്കുറിച്ച് ഞാൻ പരാമർശിക്കാം. മറ്റുള്ളവരുടെ വികാരങ്ങളെ ബഹുമാനിക്കുകയും ശ്രദ്ധിക്കുകയും ചെയ്യണമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. ഇതിൽ മതപരമായ വികാരങ്ങളും പൊതുവിൽ സാമൂഹ്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വികാരങ്ങളും ഉൾക്കൊള്ളുന്നു. ഒരവസരത്തിൽ ഒരു ജൂതന്റെ മതവികാരം സംരക്ഷിക്കാൻ ഒരു മുസ്‌ലിമുമായുള്ള തർക്കത്തിൽ നബിതിരുമേനി(സ) ഒരു ജൂതന്റെ പക്ഷത്ത് നില്ക്കുകയുണ്ടായി. ജൂതന്റെ വികാരങ്ങളെ മാനിക്കാൻ റസൂൽ തിരുമേനി(സ) തന്നെക്കുറിച്ച് മൂസാനബി (അ)യേക്കാൾ ശ്രേഷ്ഠനാണെന്ന് പറയരുതെന്ന് ആ മുസ്‌ലിമിനെ ശാസിക്കുകയുണ്ടായി. താനാണ് അന്തിമമായ നിയമ വാഹക ഗ്രന്ഥം കൊണ്ടു വന്നതെന്ന് അറിഞ്ഞു കൊണ്ടു തന്നെയാണ് ആ മഹാത്മാവ് അങ്ങനെ പറഞ്ഞത്. ഈ രീതിയിലായിരുന്നു നബിതിരുമേനി(സ) മറ്റുള്ളവരുടെ വികാരങ്ങൾ മാനിക്കുകയും സമൂഹത്തിൽ സമാധാനം സ്ഥാപിക്കുകയും ചെയ്തത്.

ഇസ്‌ലാമികമായ മറ്റൊരു മഹത്തായ അധ്യാപനം പാവങ്ങളും നിരാധാരരുമായ ജനങ്ങളുടെ അവകാശങ്ങൾ പൂർത്തികരിക്കുന്നതു സംബന്ധിച്ചായിരുന്നു. ഇതിന് വേണ്ടി ഇസ്‌ലാം നല്കുന്ന അദ്ധ്യാപനമെന്തെന്നാൽ സമൂഹത്തിലെ ദരിദ്ര വിഭാഗങ്ങളുടെ അവസ്ഥ നന്നാക്കിയെടുക്കാനുള്ള അവസരങ്ങളെക്കുറിച്ച് ആളുകൾ അന്വേഷിക്കണമെന്നതാണ്. പ്രതികൂല സാഹചര്യങ്ങളിലുള്ള ആളുകളെ സഹായിക്കാൻ നാം നിസ്വാർഥമായിപരിശ്രമിക്കണം. അവരെ ഒരു വിധത്തിലും ചൂഷണം ചെയ്യരുത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, പ്രത്യക്ഷത്തിൽ ദരിദ്രരെ സഹായിക്കാനെന്നോണം സമൂഹം സൃഷ്ടിക്കുന്ന പദ്ധതികളും കടം തിരിച്ചടക്കാൻ പലിശ ഈടാക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്. ഉദാഹരണത്തിന്, വിദ്യാർഥികൾക്ക് അവരുടെ വിദ്യാഭ്യാസം പൂർത്തിയാ

ക്കാനും ചിലർക്ക് ബിസിനസ് തുടങ്ങാനും വായ്പ നൽകുന്നു. എന്നാൽ അവയുടെ തിരിച്ചടവ് പൂർത്തിയാവാൻ അനേകം വർഷങ്ങളോ ദശാബ്ദങ്ങളോ വേണ്ടി വരുന്നു. വർഷങ്ങളുടെ പോരാട്ടത്തിന് ശേഷം അഥവാ ഒരു സാമ്പത്തിക പ്രതിസന്ധിയുണ്ടായാൽ ഈ ഋണ ബാധ്യത അതിന്റെ അസ്സൽ നിലവാരത്തിലോ അതിലും മോശമായ നിലയിലോ ആയിരിക്കും. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ, ലോകത്തിന്റെ നിരവധി ഭാഗങ്ങളിൽ സാമ്പത്തിക പ്രതിസന്ധിയുണ്ടായതിന് നാം സാക്ഷ്യം വഹിച്ചിട്ടുണ്ട്.

പൊതുവിൽ ഇസ്‌ലാമിനെതിരിൽ ഉന്നയിക്കപ്പെടുന്ന ഒരാരോപണം അത് സ്ത്രീകളോട് നല്ല നിലയിൽ അഥവാ സമത്വത്തിൽ പെരുമാറുന്നില്ല എന്നതാണ്. എന്നാൽ ഈ ആരോപണത്തിന് യാതൊരടിത്തറയോ അടിസ്ഥാനമോ ഇല്ല. ഇസ്‌ലാം സ്ത്രീകൾക്ക് അന്തസ്സും ബഹുമതിയുമാണ് നല്കുന്നത്. ഞാൻ ഒന്നു രണ്ടുദാഹരണങ്ങൾ പറയാം. മോശമായ പെരുമാറ്റം കാരണമായി ഭർത്താക്കൻമാരിൽ നിന്ന് വിവാഹമോചനം നേടാൻ ഇസ്‌ലാം സ്ത്രീക്ക് അവകാശം നല്കി. സ്ത്രീ വെറുമൊരു സ്വത്തോ വില്പന ചരക്കോ ആയി പരിഗണിക്കപ്പെട്ടിരുന്ന കാലത്തായിരുന്നു ഇത്. വികസിത ലോകത്ത് കഴിഞ്ഞ നൂറ്റാണ്ടിൽ മാത്രമാണ് സ്ത്രീകൾക്ക് ഈ അവകാശം വേണ്ട വിധത്തിൽ സ്ഥാപിക്കപ്പെട്ടത്. സ്ത്രീകൾക്ക് ഒരു പദവിയോ വിലയോ ഇല്ലാത്ത കാലത്താണ് ഇസ്‌ലാം സ്ത്രീക്ക് അനന്തരാവകാശം നല്കിയത്. താരതമ്യേന ഈ അടുത്ത കാലത്താണ് ഈ അവകാശവും യൂറോപ്പിൽ സ്ത്രീകൾക്ക് നല്കപ്പെട്ടത്. അയൽവാസികൾക്കുള്ള അവകാശത്തെക്കുറിച്ചും ഇസ്‌ലാം അനുശാസിക്കുന്നു.

ആരാണ് നിങ്ങളുടെ അയൽവാസിയെന്നും എന്താണവരുടെ അവകാശമെന്നുമുള്ളതിന് വിശുദ്ധഖുർആൻ വിശദമായ മാർഗദർശനം നല്കുന്നു. നിങ്ങൾക്ക് തൊട്ടടുത്തിരിക്കുന്ന ആളും വീടുകളും നിങ്ങൾക്ക് പരിചയമുള്ളവരും പരിചയമില്ലാത്തവരും അയൽവാസികളിൽ പെടുന്നു. നിങ്ങൾക്ക് ചുറ്റുമുള്ള നാല്പത് വീട്ടുകാർ നിങ്ങളുടെ അയൽവാസികളാണ്. നിങ്ങൾക്ക് തൊട്ടടുത്തിരിക്കുന്ന ആളും വീടുകളും നിങ്ങൾക്ക് പരിചയമുള്ളവരും പരിചയമില്ലാത്തവരും അയൽവാസികളിൽ പെടുന്നു. നിങ്ങൾക്ക് ചുറ്റുമുള്ള നാല്പത് വീട്ടുകാർ നിങ്ങളുടെ അയൽവാസികളാണ്. അതിനാൽ അവരെയും ശ്രദ്ധിക്കേണ്ടതാണ്. ഈ അവകാശം എത്രത്തോളം നബിതിരുമേനി(സ) ഊന്നിപ്പറഞ്ഞുവെന്നാൽ അദ്ദേഹം അയൽവാസികളെ നിർദിഷ്ട അനന്തരാവകാശികളിൽ പെടുത്തിയോ എന്ന് തോന്നിപ്പോകുന്നു. യഥാർഥത്തിൽ, നബി(സ) തിരുമേനി എത്രത്തോളം പറഞ്ഞുവെന്നാൽ ആരിൽ നിന്നും അയൽവാസി സുരക്ഷിതനല്ലയോ അയാൾ ഒരു വിശ്വാസി അഥവാ മുസ്‌ലിം അല്ല.


മറ്റുള്ള വരുടെ ക്ഷേമത്തെക്കുറിച്ചുള്ള ഇസ്‌ലാമിലെ ഒരു കല്പന നമ്മോടാവശ്യപ്പെടുന്നത്, ദുർബലരും അശരണരുമായവരുടെ അവസ്ഥ നന്നാക്കിയെടുക്കുന്നതിനും അവരെ ഉയർത്തിക്കൊണ്ടുവരുന്നതിനും എല്ലാ വിഭാഗങ്ങളും പരസ്പരം സഹായിക്കുകയും പിന്തുണക്കുകയും ചെയ്യുകയെന്ന കർത്തവ്യം നിറവേറ്റണമെന്നാണ്. അപ്രകാരം തങ്ങളുടെ പങ്ക് നിറവേറ്റുന്നതിനും ഈ അദ്ധ്യാപനങ്ങൾ പ്രാവർത്തികമാക്കുന്നതിനും അഹ്മദിയ്യാ ജമാഅത്ത് ലോകത്തിലെ പാവപ്പെട്ടവർക്കും അശരണർക്കും പ്രാഥമിക വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും നൽകുന്നു. ഞങ്ങൾ സ്കൂളുകൾ നിർമിക്കുകയും നടത്തുകയും ചെയ്യുന്നു. സ്റ്റൈപ്പന്റ് നൽകുകയും ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും ചെയ്യുന്നു. അതുവഴി അശരണരായ വിദ്യാർഥികൾ തങ്ങളുടെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാവുന്നു.

ഇസ്‌ലാമിലെ മറ്റൊരു ആജ്ഞ നിങ്ങൾ നിങ്ങളുടെ പ്രതിജ്ഞ നിറവേറ്റുകയും കരാറുകൾ പാലിക്കുകയും ചെയ്യണമെന്നതാണ്. നിങ്ങൾ പരസ്പരം നടത്തുന്ന വാഗ്ദാനങ്ങളും പാലിക്കണം. ഒരു പൗരനെന്ന നിലയിൽ തന്റെ രാജ്യത്തോട് കൂറു പുലർത്തുകയും വേണം. ഇത് ഞാൻ മുമ്പേ പറഞ്ഞിട്ടുള്ളതാണ്.

ഇസ്‌ലാം എത്രത്തോളം അനുകമ്പയും സ്നേഹവും കാണിക്കുന്ന മതമാണ് എന്നു കാണിക്കാൻ ഞാൻ ചില കാര്യങ്ങൾ പറഞ്ഞുവെന്നേയുള്ളൂ. വ്യസനകരമെന്ന് പറയട്ടെ, എത്രത്തോളം ശക്തമായാണ് ഇസ്‌ലാം ലോകത്ത് സമാധാനം സ്ഥാപിക്കാനും ഉപദേശിക്കാനും പഠിപ്പിക്കുന്നത്, അതേ ശക്തിയിൽ തന്നെയാണ് ഇസ്‌ലാമിക വൈരികളും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങളെക്കുറിച്ച് അജ്ഞരായവരും അതിനെതിരിൽ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ, ഇക്കാലത്ത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണ് ഇസ്‌ലാമിന്റെ യഥാർഥ അദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നത്. ചില ന്യൂനപക്ഷ മുസ്‌ലിംകളുടെ പ്രവർത്തനങ്ങളുടെ പേരിൽ ഇസ്‌ലാമിനെ ആക്ഷേപിക്കുന്നവരോട്എനിക്കുള്ള അപേക്ഷ, എന്റെ ഈ വിശദീകരണത്തിന്റെ വെളിച്ചത്തിൽ നിങ്ങൾ ആ വ്യക്തികളെ തീർച്ചയായും ചോദ്യം ചെയ്യുകയും കണക്ക് ചോദിക്കുകയും വേണം. എന്നാൽ അത്തരം നീതിപരമായ ഉദാഹരണങ്ങളുടെ അടിസ്ഥാനത്തിൽ യഥാർഥ ഇസ്‌ലാമികാദ്ധ്യാപനങ്ങളെ അപകീർത്തിപ്പെടുത്തുകയും അവമതിക്കുകയും ചെയ്യരുത്. ഇസ്‌ലാമികാദ്ധ്യാപനങ്ങൾ ജർമനിക്കോ മറ്റേതൊരു രാജ്യത്തിനോ ആപത്തും ഭീഷണിയുമാണെന്ന് നിങ്ങൾ ധരിക്കരുത്. സമന്വയത്തെ പറ്റി നിങ്ങൾ ആശങ്കപ്പെടേണ്ടതില്ല. ഞാൻ മുമ്പേ പറഞ്ഞ പ്രകാരം ഇസ്‌ലാമിന്റെ വ്യതിരിക്തതയെന്തെന്നാൽ അതിന്റെ അധ്യാപന പ്രകാരം

# ശൈത്വാൻ

പി.കെ. മുഹമ്മദ് ബശീർ, ഐരാപുരം



സൂക്ഷിക്കണം,
അവൻ പതിയിരിക്കും
നിന്റെ ഋജുമാർഗ മദ്ധ്യേ
മറഞ്ഞിരിക്കും

ചൂണ്ടുപലകകൾ
ദിശ മാറ്റി വെച്ചിരിക്കും
മോഹന വാഗ്ദാനപ്പശനൂലുകൊണ്ട്
പ്രലോഭന വലകൾ നെയ്തിരിക്കും

സൂക്ഷിക്കണം
അവൻ പതിയിരിക്കും
നിന്റെ തിന്മയ്ക്ക് താങ്ങായ്
ന്യായം വിളമ്പും

നന്മ ക്ലേശമെന്ന് ഭയപ്പാടുണർത്തും
സഖിയായ്, തോഴനായ്,
അഭ്യുതയ കാംക്ഷിയായ്
ഭിന്ന രൂപം പൂണ്ട് കുടെ നടക്കും

സൂക്ഷിക്കണം
അവൻ പതിയിരിക്കും
അഭയ മന്ത്രം ജപിച്ചവനെ അകറ്റിടാം
അഊദുബില്ലാഹി മിന ശൈത്വാനി റജീം...

മുസ്‌ലിംകൾ എല്ലാ നല്ല കാര്യങ്ങളും കൈക്കൊള്ളണമെന്നതാണ്. അതിനാൽ മുസ്‌ലിംകൾക്ക് ഏത് സമൂഹവുമായി സമന്വയിക്കാനും ഉദ്ഗ്രഥിക്കാനും ആ സ്മൂഹവുമായി ഇഴുകി ചേർന്ന് ജീവിക്കാനും സാധിക്കുമെന്നതിൽ സംശയമില്ല. ആരെങ്കിലും അതിനെതിരായി എന്തെങ്കിലും ചെയ്താൽ, അയാൾ മുസ്‌ലിം നാമധാരി മാത്രമായിരിക്കും, എന്നാൽ യഥാർഥ ഇസ്‌ലാമികാദ്ധ്യാപനങ്ങളുടെ അനുയായിരിക്കില്ല. തീർച്ചയായും മുസ്‌ലിംകളോട് ശരിയല്ലാത്തതെന്തെങ്കിലും ചെയ്യാനോ, വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ പ്രകാരമുള്ള മര്യാദയുടെ തത്ത്വങ്ങൾ അവഗണിക്കാനോ മതത്തിന്റെ പരിശുദ്ധിക്കും സാത്വികതക്കും ഭംഗം വരുത്തുന്ന കാര്യങ്ങൾ ചെയ്യാനോ പറഞ്ഞാൽ അവർക്കങ്ങനെ ചെയ്യാൻ പറ്റില്ല. എന്നിരിക്കിലും അത് സമന്വയത്തിന്റെ കാര്യങ്ങളല്ല, എന്നാൽ അവ യഥാർഥത്തിൽ വ്യക്തിപരമായ മതസ്വാതന്ത്ര്യത്തിന്റെ കാര്യമാണ്.

മതസ്വാതന്ത്ര്യ ലംഘനം എന്നത് മുസ്‌ലിംകൾ മാത്രം എതിർക്കേണ്ട കാര്യമല്ല, യഥാർഥത്തിൽ ആത്മാർഥതയും മാന്യതയുമുള്ള എല്ലാവരും അതിനെ എതിർക്കേണ്ടതും അതിനെതിരിൽ ശബ്ദമുയർത്തേണ്ടതുമാണ്. ഒരു സമൂഹമോ സർക്കാരോ വ്യക്തിപരമായ മതസ്വാതന്ത്ര്യത്തിൽ കൈകടത്തരുതെന്ന് അവർ പരസ്യമായി പ്രഖ്യാപിക്കുകയും വേണം. വിവിധ രാഷ്ട്രങ്ങളിൽ നിന്നുള്ള വ്യത്യസ്ത സംസ്കാരമുള്ളവരുടെ വാസസ്ഥലമായ ജർമനിയെന്നല്ല, ഓരോ രാജ്യവും സഹിഷ്ണുതയുടെ ഉന്നത നിലവാരം പുലർത്തണം. പരസ്പരം വികാരങ്ങളെ ആദരിക്കുകയും വേണം. ഈ മാർഗേണ അവർ പരസ്പര സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ധ്വജവാഹകരായിത്തീരണം. ലോകത്തിന്റെ ശാശ്വത സമാധാനവും സുരക്ഷയും ഉറപ്പുവരുത്തുന്ന മാർഗം ഇതായിരിക്കും. പരസ്പരമുള്ള സഹിഷ്ണുതയുടെ പൂർണ അഭാവത്തിൽ നാശത്തിലേക്ക് ഗമിക്കുന്ന ലോകത്തെ അതിൽ നിന്നും രക്ഷിക്കാൻ സാധിക്കും.

ഭയാനകമായ നാശത്തിന്റെ ഭീഷണി നമുക്ക് മേൽ തൂങ്ങി നിൽക്കുന്നു. അത്തരം ദുരിതത്തിൽ നിന്നും നമ്മെ രക്ഷിക്കാൻ ഓരോ രാജ്യവും ഓരോ വ്യക്തിയും അയാൾ മതവിശ്വാസിയാവട്ടെ അല്ലാതിരിക്കട്ടെ, വളരെ ശ്രദ്ധാപൂർവം ചുവട്‌വെക്കേണ്ടതാണ്.

ലോകത്തിലെ ഓരോ വ്യക്തിയും ഈ യാഥാർഥ്യം മനസ്സിലാക്കുമാറാകട്ടെ. ഇവിടെ വരികയും ഇതിൽ പങ്കെടുക്കുകയും ഞാൻ ഇന്നു പറഞ്ഞ കാര്യങ്ങൾ ശ്രവിക്കുകയും ചെയ്ത എല്ലാവർക്കും ഞാൻ ഒരിക്കൽ കൂടി കൃതജ്ഞത രേഖപ്പെടുത്തുന്നു. അല്ലാഹു നിങ്ങളെയെല്ലാവരെയും അനുഗ്രഹിക്കട്ടെ. നന്ദി.
(വിവ: (K.V.H.K & A.M M.S)

# ഇന്തോനേഷ്യയിലെ പാകിസ്താൻ വത്ക്കരണം


പൊതുവേ മത സഹിഷ്ണുതയിൽ കഴിഞ്ഞിരുന്ന ഇന്തോനേഷ്യയിൽ പാകിസ്താൻ മാതൃകയിലുള്ള തീവ്രവാദവും അസഹിഷ്ണുതയും വ്യാപകമായി ക്കൊണ്ടിരിക്കുകയാണ്. 2013 ജൂൺ 15 ന് 'ദ ഹിന്ദു' ദിനപത്രത്തിൽ വന്ന ലേഖനത്തിന്റെ വിവർത്തനം

പല്ലവി അയ്യർ

**കു**റച്ച് വർഷങ്ങളായി ജക്കാർത്ത മത ന്യൂനപക്ഷങ്ങൾക്കെതിരിൽ വിവേചനം കാണിക്കുന്ന തരത്തിൽ നിയമപരമായ ഘടനാ സംവിധാനത്തിന് അടിത്തറ പാകിക്കൊണ്ട് നിയമം കയ്യിലെടുക്കാൻ ഇസ്ലാമിസ്റ്റുകളെ അനുവദിച്ചിരിക്കുകയാണ്.

ജക്കാർത്തയിലെ ഏറ്റവും വലിയ പള്ളിയായ ഇസ്തിഖ് ലാലിന്റെ മാർബിൾ മിനാരവും കാത്തലിക്ക് കത്തീഡ്രലിന്റെ കാരിരുമ്പ് ശിഖരങ്ങളും നഗര കേന്ദ്രത്തിലെ ചക്രവാളത്തെ ഭേദിച്ചുനിൽക്കുന്ന ചിഹ്നങ്ങളാണ്. അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന ഈ ആരാധനാലയങ്ങൾ ഇന്തോനേഷ്യയുടെ ശക്തമായതും അനുഭൂതിയുള വാക്കുന്നതുമായ ബഹുമത സഹിഷ്ണുതയുടെ മൂല്യങ്ങൾ പ്രകടമാക്കുന്നു.

ഇന്തോനേഷ്യയാണ് ലോകത്തിലെ ഏറ്റവും വലിയ ജനസംഖ്യയുള്ള മുസ്ലിം രാജ്യം ജനസംഖ്യയുടെ 87% മുസ്ലിംകളാണ്. അതായത് 210 ദശ ലക്ഷം മുസ്ലിംകളാണെങ്കിലും ഹിന്ദുമതവും ക്രിസ്തു മതവും കൺഫ്യൂഷ്യൻ മതവും സർവജീവത്വവാദവും (അനിമിസം) അവിടുത്തെ നഗര ചക്രവാളത്തെ അലങ്കരിക്കുന്നു. ഏതു വാർത്താ പത്രങ്ങൾ എടുത്തു നോക്കിയാലും കാണുന്ന ടെഡി അൻവർ, സൂര്യ ധർമ്മ അലി, വെറോണിക്ക കൊളോഡാം എന്നീ പേരുകൾ ലോകത്തിലെ ഈ പ്രദേശത്തിന്റെ മതേകീകരണത്തെ ഉറപ്പിക്കുന്നു. മത വിശ്വാചാരണത്തിനുള്ള സ്വാതന്ത്ര്യം ഉറപ്പ് വരുത്തുന്ന മുസ്ലിം ഭൂരിപക്ഷ ജനാധിപത്യ റിപ്പബ്ലിക്കായ ഇന്തോനേഷ്യ ഒരു അപൂർവ സൃഷ്ടിയാണ്. ഇന്തോനേഷ്യൻ പ്രസിഡന്റായ സുശീലോ ബാംബാങ്ങ് ദോയോനോക്ക് സഹിഷ്ണുത വളർത്തിയതിനുള്ള ഒരു ഉന്നത അവാർഡ് അമേരിക്കൻ കേന്ദ്രമാക്കിയ അപ്പീൽ ഓഫ് കോൺഷ്യൻസ് ഫൗണ്ടേഷൻ സമ്മാനിച്ചത് കഴിഞ്ഞ മാസമാണ്. അതിലുപരി ലോകനേതാക്കന്മാർ മിതത്വ പൂർണമായ ഇസ്ലാമിന്റെ ദീപസ്തംഭമായും മുസ്ലിം ലോകത്തിന് മാതൃകയായും ഈ രാജ്യത്തെ അംഗീകരിച്ചിട്ടുണ്ട്. എന്നിട്ടും ജക്കാർത്തക്ക് ഏതാനും ഡസൻ കിലോമീറ്റർ കിഴക്കുള്ള ബെക്കാസിയിലെ പ്രാന്ത പ്രദേശത്തുള്ള 18 അംഗ അഹ്മദി സംഘം രണ്ട് മാസത്തോളം വേലിയാൽ ചുറ്റപ്പെട്ട ഒരു പള്ളിക്കകത്ത് തടവിലാക്കപ്പെട്ടിരിക്കയാണ്. ഏപ്രിൽ ആദ്യത്തിൽ അവർ സ്വയം അതിനകത്തിരുന്നു. അതിന് ശേഷം പോലീസ് അത് സീൽ ചെയ്തു പ്രവേശന കവാടത്തിന് പൂട്ടിട്ടു. ചുളുക്കിയ ഇരുമ്പ് ഷീറ്റ് കൊണ്ട് വേലി കെട്ടി.



പള്ളി തുറക്കുകയും പ്രാർഥനക്കായി സ്ഥലമനുവദിക്കുകയും ചെയ്യുന്നതുവരെ 400ഓളം വരുന്ന അഹ്മദികൾ പുറത്ത് വരാൻ വിസമ്മതിച്ചു. പള്ളിയുടെ പുറകുവശത്തുള്ള വാതിലിൽ സമചതുരത്തിലുള്ള ഒരു ദ്വാരം

ഉണ്ടാക്കി അതിലൂടെയാണ് അഹ്മദികൾ ബാഹ്യലോകവുമയി ബന്ധപ്പെടുന്നത്. അവർക്ക് ഭക്ഷണം നൽകുന്നതും ഈദ്വാര ത്തിലൂടെയാണ്. അഹ്മദിയ്യാ സംഘത്തിന്റെ നേതാവായ മുഹ മ്മദ് ഇഖ്ബാലുമായി ദിനേന ബന്ധപ്പെടുന്നതും ഈ വാതിലി ലൂടെയാണ്. ഈ ദുരിതത്തിൽ നിന്നും മോചനം നേടാനുള്ള ശ്രമത്തിലാണവർ. ഇത്വരെയുള്ള എല്ലാ ശ്രമങ്ങളും പരാജയമായി രുന്നുവെന്ന് അവർ പറയുന്നു.

പള്ളിയുടെ പുറത്ത് കേന്ദ്ര ഗവൺമെന്റ് അധികൃതർ പാസ്സാ ക്കിയ നിരവധി അഹ്മദിയ്യാ വിരുദ്ധ ഉത്തരവുകൾ രേഖപ്പെടുത്തിയത് പ്രാദേശിക സർക്കാർ സ്ഥാപി ച്ചിട്ടുണ്ട്.

**അസഹിഷ്ണുത 2005 മുതൽ**

2005 ൽ മുസ്ലിംകളുടെ ഒരു കൂട്ടായ്മയായ മജ്ലിസെ ഉലമ ഇന്തോനേഷ്യ (MU) അഹ്മദിയ്യാ ജമാഅത്ത് മതപരമായി വഴി പിഴച്ചവരാണെന്ന ഒരു ഫത്വ പുറപ്പെടുവിച്ചിരുന്നു. ജമാഅത്തിന് പ്രശ്നങ്ങൾ തുടങ്ങിയത് 2005 മുതലാണെന്ന് മുഹമ്മദ് ഇഖ്ബാൽ ചൂണ്ടിക്കാട്ടുന്നു. അന്ന് മുതലാണ് അഹ്മദികളിൽ ചിലർക്ക് തങ്ങളുടെ മൊബൈൽ ഫോണിൽ ഭീഷണി പ്പെടുത്തികൊണ്ടുള്ള സന്ദേശങ്ങൾ ലഭിച്ചു തുടങ്ങിയത്.

പക്ഷേ ശരിക്കുള്ള പീഡനം ആരംഭിച്ചത് പിന്നീട് 2008 ലാണ്. ആ വർഷം പ്രസിഡന്റ് യുദ്ഹോ യോനോ മത മന്ത്രാലയവും ആഭ്യ ന്തര മന്ത്രാലയവും അറ്റോർണി ജനറലും കൂടി പുറപ്പെടുവിച്ച ഉത്തരവിൽ ഒപ്പു വെച്ചു കൊണ്ട് അഹ്മദികൾ നടത്തുന്ന പ്രവർത്ത നങ്ങളെല്ലാം നിർത്തിവെക്കണമെന്ന് പ്രസ്തുത ഉത്തരവിൽ പറഞ്ഞി രുന്നു. ഉത്തരവിലെ വാചക ഘടന യിലെ അവ്യക്തത കാരണം ആ ഉത്തരവിനെ അഹ്മദിയ്യാ നിരോധ നമായി വ്യാഖ്യാനിക്കാനും ചില പ്രാദേശിക സർക്കാറുകളെ ധൃഷ്ട രാക്കി.

വളർന്നു വരുന്ന അസഹിഷ്ണുതക്ക് ഇരയാവുന്നവർ അഹ്മദി കൾ മാത്രമല്ല. ഈയ്യിടെ ജക്കാർത്ത യിൽ ഒരു വൈകുന്നേരം ഈ റിപ്പോർട്ടർ മതപരമായ അക്രമങ്ങൾ ക്കും വിവേചനത്തിനും വിധേയ രായ രാജ്യത്തുടനീളമുള്ളവരു മൊത്ത് മണിക്കൂറുകൾ ചിലവ ഴിച്ചു. അവരുടെ പരാതികളിൽ ഭരണ പരമായ അസൗകര്യങ്ങൾ മുതൽ ഭീഷണിപ്പെടുത്തലും തീവ്ര വാദികളായ സുന്നി മുസ്ലിം കളുടെ കരങ്ങളാലുള്ള വധം പോ ലും ഉണ്ടായിരുന്നു. ബഹുഭൂരി പക്ഷം ഇന്തോനേഷ്യൻ മുസ്ലിം കളും സുന്നി മുസ്ലിംകളാണ്.

ഇപ്പോൾ കിഴക്കൻ ജാവയിലെ മധുരയിൽ നിന്നുള്ള ഒരു ശിയാ മുസ്ലിമായ 22 വയസ്സു കാരനായ മുഹമ്മദ് സൈനി ആ പ്രദേശ ത്തുള്ള ഒരു ഗ്രാമത്തിലെ 600 ഓളം ശിയാ മുസ്ലിംകളെ നിർബന്ധിച്ച് വീട്ടിൽ നിന്നും പുറത്തിറക്കി യതായി പറഞ്ഞു. ഇരുനൂറോളം വരുന്ന ശക്തരായ സുന്നി ജന ക്കൂട്ടം 2012 ആഗസ്റ്റിൽ ശിയാ മുസ്ലിംകളുടെ വീടുകൾക്ക് നേരെ ആക്രമണം അഴിച്ചു വിടുകയാണു ണ്ടായത്. നിരവധി വീടുകൾ അഗ്നിക്കിരയാക്കപ്പെട്ടു, സൈനി യുടെ അമ്മാവൻ കൊല്ലപ്പെട്ടു. ഇപ്പോൾ ശിയാക്കൾ ഒരു സ്പോർട്സ് സ്റ്റേഡിയത്തിൽ ക്യാമ്പുചെയ്തിരിക്കയാണ്. അവർ മടങ്ങി വരുന്നതിനെതിരെ സുന്നി കൾ ഫത്വ നൽകിയിരിക്കയാണ്

**ചർച്ചുകൾക്കുള്ള അനുമതികൾ**

2005 ൽ അഹ്മദികൾ ആക്ര മിക്കപ്പെട്ട അതേ സ്ഥലമായ ബേക്കാസിയിൽ ഏഴ് ചർച്ചുകൾ ബലാൽക്കാരമായി അടച്ചു പൂട്ടു കയും തകർക്കപ്പെടുകയും ചെയ് തുവെന്ന് ഫിലാഡൽഫിയ പ്രൊട്ട സ്റ്റന്റ് ചർച്ചിന്റെ റവറന്റ് പാൾട്ടി പഞ്ചൈ ത്തൻ പറഞ്ഞു.

ഈയിടെയായി ചർച്ചുകൾ നിർമിക്കാൻ അനുമതികിട്ടാൻ വളരെ പ്രയാസമാണെന്നും ക്രിസ് തീയ സമൂഹം രാജ്യം മുഴുവൻ വിഷമകരമായ അവസ്ഥയിലാണെ ന്നും അദ്ദേഹം പറഞ്ഞു. ഇന്തോനേഷ്യയിൽ 2.2 കോടി ക്രിസ്ത്യാ നികൾ ഉണ്ടെന്നും കണക്കാക്ക പ്പെടുന്നു. ഇത് ആകെ ജനസം ഖ്യയുടെ 9% വരും. തദ്ദേശീയ മതമായ ജാവനീസ് മതത്തിലെ സപ്ത ധർമ വിശ്വാസിയായ ഡിയാന ജെന്നി സ്ഥിരമായി നേരിടുന്ന പീഡനത്തെ കുറിച്ച് വിശദീകരിച്ചു പറഞ്ഞു. ഇന്തോ നേഷ്യയിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട ആറു മതങ്ങ ളുടെ (ഇസ്ലാം, ഹിന്ദുമതം. ബുദ്ധമതം, കത്തോലിക്കാ, പ്രൊട്ട സ്റ്റന്റ്, കൺഫ്യൂഷനിസം) ഒരു ഭാഗമല്ല സപ്തധർമ വിശ്വാസം. നിയമ പരമായി സംസ്ഥാന സർ ക്കാർ നൽകിയ തിരിച്ചറിയൽ കാർഡിൽ പ്രായപൂർത്തിയായ വരുടെ മതം രേഖപ്പെടുത്തി യിരിക്കുന്നു. ഒരു ഔദ്യോഗിക മതത്തിൽ തങ്ങളുടെ പേര് ഉൾപ്പെടുത്താൻ ഇഷ്ടപ്പെടാ ത്തവരുടെ കാർഡിൽ ഒരു കോളം കാലിയാക്കിയിടുന്നു. തങ്ങളുടെ തിരിച്ചറിയൽ കാർഡിൽ മതം ഏതെന്ന് രേഖപ്പെടുത്താത്ത വർ നാസ്തികരാണെന്ന് കണക്കാക്കി മർദിക്കപ്പെടുന്നു. അവരുടെ മക്കൾക്ക് സ്കൂളുകളിൽ പ്രവേ ശനം നേടാൻ പ്രയാസമാണ്. അവരുടെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്ത് കിട്ടുക അസാദ്ധ്യമാണ്. ഇന്തോനേഷ്യയിൽ പാകിസ്താൻ വത്ക്കരണം ഇഴഞ്ഞുകയറുക യാണെന്നാണ് ഹ്യൂമൻറൈറ്റ് വാച്ച്സിന്റെ ഗവേഷകനും ആക്റ്റി വിസ്റ്റുമായ ഹാൻ ഡ്രിയാസ് ഹർസോണോ പറഞ്ഞത്. ഇന്തോ നേഷ്യയെ പോലെ പാകിസ് താനും ആപേക്ഷികമായി ഒരു സഹിഷ്ണു തയുള്ള രാജ്യമായിരുന്നുവെന്ന് ഹർസോണ അവകാശപ്പെടുന്നു. എന്നാൽ 1980 കളിൽ ഈ അവസ്ഥ നാടകീയമായിമാറി. ഈ മാറ്റത്തിന്റെ വ്യക്തമായ പ്രകടന മായിരുന്നു 1984 ലെ അഹ്മദിയ്യാ വിരുദ്ധ ഓർഡിനൻസ്.

ഇന്തോനേഷ്യയിൽ അധികാര ത്തിലിരുന്ന പട്ടാള മേധാവി സുഹാർത്തോ 1967 മുതൽ 1998

വരെ രാഷ്ട്രീയത്തിൽ മതത്തിന്റെ പങ്ക് നിയന്ത്രിച്ചിരുന്നു. ജനാധിപത്യത്തിലേക്ക് മാറിയതിന് ശേഷം ഇസ്ലാമിസ്റ്റ് രാഷ്ട്രീയ പാർട്ടികൾക്ക് രാഷ്ട്രീയത്തിൽ പ്രവർത്തിക്കാനുള്ള തുറന്ന നിയമപരമായ സമ്മതം അനുവദിക്കപ്പെട്ടു. ഔദ്യോഗികമായി രാഷ്ട്രീയ വ്യവസ്ഥക്ക് പുറത്ത് പ്രവർത്തിക്കുന്ന വിപ്ലവ സ്വഭാവമുള്ള സിവിൽ ഗ്രൂപ്പുകൾ വലുപ്പത്തിലും സ്വാധീനത്തിലും വളർന്നുവന്നു. രണ്ടാമത് പറഞ്ഞ കൂട്ടത്തിൽ കുപ്രസിദ്ധമായ പേമ്പോല ഇസ്ലാം എന്ന പാർട്ടിയുമുൾപ്പെടുന്നു. 1998 ൽ സർക്കാർ സുരക്ഷ ഏജൻസികളുടെ പിന്തുണയോടെ രൂപീകരിക്കപ്പെട്ട ഒരു സംഘടനയാണിത്. അവരുടെ വാടക ഗുണ്ടകൾ ഇസ്ലാമിക ഫത്വകളെ മദ്യശാലകൾക്കും നിശാക്ലബ്ബുകൾക്കും ക്രിസ്തീയ ചർച്ചുകൾക്കും മതപരിത്യാഗികളെന്ന് പറയപ്പെടുന്ന അഹ്മദിയ്യാ, ശിയാ കക്ഷികൾ ക്കുമെതിരെയുള്ള അക്രമപ്രവർത്തനങ്ങളെ ന്യായീകരിക്കാൻ ഉപയോഗപ്പെടുത്തി.

**കൂടുതൽ വിവേചനം**

കഴിഞ്ഞ എട്ടു വർഷങ്ങളായി സർക്കാർ ഉണ്ടാക്കിയ അടിസ്ഥാന പരവും നിയമ പരവുമായുമുള്ള നിയമ ഘടന മതന്യൂനപക്ഷങ്ങൾക്കെതിരിൽ വിവേചനം കാണിക്കുകയാണ്. എന്ന് ഹർസോനോ അവകാശ പ്പെടുന്നു. നിയമം കൈയിലെടു ക്കാൻ ഇത് ഇസ്ലാമിസ്റ്റുകൾക്ക് അവസരം നൽകുന്നു. പോലീസ് വേറെ വഴി നോക്കുന്നു. മത ന്യൂന പക്ഷങ്ങൾക്ക് ആരാധനാലയങ്ങൾ നിർമിക്കാൻ അനുമതി ലഭിക്കാൻ വളരെ പ്രയാസമാകുന്നു. 2006 ലെ ഒരു ഉത്തരവ് അദ്ദേഹം ഉദാഹരണമായി എടുത്ത് കാട്ടുന്നു. 1965 ലെ മത നിന്ദാനിയമം ധിക്കാരപരമായി ഉപയോഗിക്കുന്നത് വർദ്ധിച്ചു വരികയും ചെയ്യുന്നു.

മത കാര്യ മന്ത്രാലയത്തിലെ ഒരു വക്താവായ മിസ്റ്റർ സുബൈദി ഈ ആരോപണങ്ങളെ നിഷേധിക്കുന്നു. ഇന്തോനേഷ്യയിലെ ചെറിയ തോതിലുള്ള മതപരമായ സംഘർഷം പരിമിതമായ സ്ഥലങ്ങളിലുണ്ടെന്ന് അദ്ദേഹം സമ്മതിക്കുന്നു. പക്ഷേ ഞങ്ങളുടേത് ഒരു വലിയ രാഷ്ട്രമാണ്. ഇങ്ങിനെയൊക്കെയാണെങ്കിലും ഞങ്ങൾ ഐക്യം നിലനിർത്തി പോരുന്നു. മതന്യൂനപക്ഷങ്ങളുടെ കാര്യത്തിൽ വഷളായിക്കൊണ്ടിരിക്കുന്നതിലുപരി നയപരമായ നിലയിൽ കാര്യങ്ങൾ നന്നാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ സമ്മർദം ചെലുത്തിയിട്ടും അദ്ദേഹം വിശദീകരിക്കാൻ തയ്യാറായില്ല. സാമൂഹ്യപരമായി വർദ്ധിച്ചു വരുന്ന അസഹിഷ്ണുതക്ക് എന്തെങ്കിലും കാരണം കണ്ടേക്കാമെന്നും അദ്ദേഹം സമ്മതിക്കുന്നു.

ചുരുങ്ങിയ പക്ഷം ഇപ്പോഴെങ്കിലും ഇന്തോനേഷ്യ പാകിസ്താനിൽ നിന്നും വളരെ വിദൂരമാണ് എന്നത് ഒരു സത്യമാണ് ഇപ്പോഴും രാജ്യത്തെ ഏറ്റവും പ്രചാരമുള്ള ഇസ്ലാമിക മുഖം നഹ്ദലത്തുൽ ഉലമ (NU) ആണ്. രാജ്യത്തെ എന്നല്ല ലോകത്തെ തന്നെ ഏറ്റവും വലിയ മുസ്ലിം സാമൂഹ്യ സംഘടനയാണിത്. ഏഴു കോടിയോളം അംഗങ്ങളുള്ള ഈ സംഘടന രൂപീകരിക്കപ്പെട്ടത് 1926 ലാണ്. സംസ്ക്കാരത്തിലൂന്നിയ മിതമായ ഒരു സമീപനമാണ് അവരുടേത്. ഇസ്ലാമിന്റെ കാര്യത്തിൽ കൂടുതൽ മൗലിക വാദപരമായ വഹാബി വ്യാഖ്യാനങ്ങളെ അവർ പരസ്യമായി എതിർക്കുന്നു. ഇസ്ലാമിസ്റ്റ് രാഷ്ട്രീയ പാർട്ടികൾ ഇത്വരെ ഒരൊറ്റ തിരഞ്ഞെടുപ്പിലും ജയിച്ചിട്ടില്ല. 1998 നുശേഷമുള്ള തിരഞ്ഞെടുപ്പുകളിൽ അവർ വളരെ മോശമായ പ്രകടനമാണ് കാഴ്ച്ച വെച്ചത്. NU സെക്രട്ടറിയേറ്റിലെ അംഗമായ ഇമാം പിത്തൂല ഒരു പുരോഹിതനെക്കാളുപരി ഒരു റോക്ക് താരത്തെ പോലെയാണ് കാണപ്പെട്ടത്. ചുമർ വരെ നീണ്ടു കിടക്കുന്ന ഇരുണ്ട മുടി ഇടക്കിടെ വെള്ളിപോലെയുള്ള മുടി മുഖത്തേക്ക് തൂങ്ങികിടക്കുന്നു. NU വിശ്വസിക്കുന്നത് ഇന്തോനേഷ്യയിൽ ഇസ്ലാം നിലനിൽക്കണമെങ്കിൽ തദ്ദേശീയ പാരമ്പര്യങ്ങൾ സ്വീകരിച്ചുകൊണ്ടാണെന്നും അദ്ദേഹം പറയുന്നു ഉദാഹരണമായി ജ്യോതിഷത്തിലുള്ള പ്രാദേശിക വിശ്വാസങ്ങൾ നവജാത ശിശുക്കൾക്ക് പേര് നിശ്ചയിക്കാൻ സഹായിക്കും. തങ്ങളാണ് യഥാർഥ ഇസ്ലാമിനെ പ്രതിനിധീകരിക്കുന്നത് അല്ലാതെ വഹാബികൾ അവകാശപ്പെടുന്നത് പോലെയല്ല എന്നദ്ദേഹം പറയുന്നു. ഇന്തോനേഷ്യയിലെ ജനങ്ങൾ മതമൗലിക വാദത്തെ നിരാകരിക്കും എന്തെന്നാൽ അത് അവരുടെ പാരമ്പര്യത്തിന്റെ ഭാഗമല്ല.

ഒരു പക്ഷേ ഇന്തോനേഷ്യൻ സമൂഹത്തിൽ മതത്തിന്റെ പങ്ക് വർദ്ധിച്ചുകൊണ്ടിരിക്കയാണെന്നതും ഒരു വസ്തുതയാണ്. ഒരു പുതിയ വിദ്യാഭ്യാസ ബില്ല് എലിമെന്ററി സ്കൂളുകളിൽ കൊണ്ടുവരുന്നു. മത പഠനത്തിനുള്ള മണിക്കൂറുകൾ ഇരട്ടിയാക്കാൻ സാദ്ധ്യതയുണ്ട്. അതിന് പകരം ശാസ്ത്ര ക്ലാസുകളുടെ സമയം കുറച്ചേക്കും. വ്യഭിചാരത്തിനുള്ള തടവ് ശിക്ഷ ഇപ്പോഴത്തെ അഞ്ചു വർഷത്തിനു പകരം ഒമ്പത് വർഷമാക്കാനാണ് ഉദ്ദേശിക്കുന്നത്. സിതാര ഇൻസ്റ്റിറ്റ്യൂട്ടിന്റെ ( മത സ്വാതന്ത്ര്യത്തിന്ന് ഊന്നൽ നൽകുന്ന ഒരു സർക്കാരിതര സംഘടന) കണക്ക് പ്രകാരം മതന്യൂനപക്ഷങ്ങളുടെ നേരെ ആക്രമണം നടത്തിയ കേസുകൾ 2010 ൽ 216 ആയിരുന്നെങ്കിൽ 2012 ൽ അത് 264 ആയി.

ആൻഡ്രേയാൻ ഹർസോനാ അഗാധമായ ആശങ്ക പ്രകടിപ്പിക്കുന്നു. അദ്ദേഹം ഇങ്ങനെ ഉപസംഹരിക്കുന്നു.രാഷ്ട്രീയത്തിലും സമൂഹത്തിലും മതം ഒരിക്കൽ അതിവ്യാപനം ചെയ്തു കഴിഞ്ഞാൽ ഇസ്ലാമിക പശ്ചാത്തലത്തിൽ അതിൽ നിന്നും മോചനം നേടുക വളരെ പ്രയാസകരമാണ്.'

*(വിവ: കെ. വി. ഹസ്സൻ കോയ, കോഴിക്കോട്)*

കുറിപ്പുകൾ

# ഉത്തരഖണ്ഡിലെ പ്രളയ ദുരന്തം

മുസാഫിർ

ഹിമാലയൻ സുനാമി എന്ന് വിശേഷിപ്പിക്കപ്പെട്ട, ഉത്തരഖണ്ഡിലെ അകാലത്തുണ്ടായ ദുരന്തം രാജ്യത്തെ മുഴുവൻ ദുഃഖത്തിലാഴ്ത്തിയിരിക്കയാണ്. ജൂൺ 17 മുതൽ ആരംഭിച്ച പേമാരിയിലും ഉരുൾ പൊട്ടലിലും അഭൂതപൂർവമായ നാശനഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെട്ട ദുരന്തത്തിൽ എത്ര പേർ മരണമടഞ്ഞുവെന്ന് ഇനിയും തിട്ടപ്പെടുത്തിയിട്ടില്ല. പുരാണങ്ങളിലും വേദങ്ങളിലും പരാമർശിക്കപ്പെട്ട പല പുണ്യസ്ഥലങ്ങളുമായി ബന്ധമുണ്ടെന്ന് ശ്രുതിപ്പെട്ട വേദഭൂമിയാണ് ഉത്തരഖണ്ഡിലെ ഹിമാല പ്രദേശങ്ങൾ. വിഷ്ണുവിന്റെ ആസ്ഥാനം, പാണ്ഡവന്മാർ പ്രായശ്ചിത്തം ചെയ്ത കേദാർനാഥ്, വ്യാസൻ താമസിച്ച ഗുഹ, ഹൈന്ദവരുടെ പുണ്യനദിയായ ഗംഗയുടെ പോഷക നദികളുടെ ഉദ്ഭവ സ്ഥാനം, തന്റെ നാലു വിദ്യാപീഢങ്ങളിലൊന്നായ ബദരിയിൽ സ്ഥാപിച്ച അദ്വൈതാചാര്യൻ ശങ്കരാചാര്യരുടെ സമാധിസ്ഥലമായ കേദാർനാഥ് മുതലായ നിരവധി ഹൈന്ദവ പുണ്യസ്ഥലങ്ങൾ ഇവിടെയാണ്. അത്കൊണ്ട് ലക്ഷക്കണക്കായ തീർഥാടകരെ ആകർഷിക്കുന്ന വിശുദ്ധ സ്ഥാനമായി ഇവിടെ ഹിമവാൻ നില കൊള്ളുന്നു. ചാർദാം അഥവാ നാല് പരിശുദ്ധ സ്ഥാനങ്ങൾ എന്നറിയപ്പെടുന്ന ബദരീനാഥ്, കേദാർനാഥ്, ഗംഗോത്രി, യമുനോത്രി എന്നീ തീർഥാടന കേന്ദ്രങ്ങളിലേക്ക് ദർശനത്തിന് പോയ തീർഥാടകരും സിക്ക് തീർഥാടന കേന്ദ്രമായ



ഹേമ്കുണ്ഡ് തീർഥാടന കേന്ദ്രങ്ങളിലേക്ക് പോയ വിശ്വാസികളുമാണ് മിന്നൽ പ്രളയത്തിൽ പെട്ടത്. ഗൗരികുണ്ട് , കേദാർനാഥിലേക്കുള്ള ട്രാൻസിഷൻ കേന്ദ്രമായ റാം ബാദാ എന്നീ ജനവാസ കേന്ദ്രങ്ങളുള്ള ഗ്രാമങ്ങൾ പൂർണമായും തുടച്ചുനീക്കപ്പെട്ടു. എല്ലാ പ്രതികൂല കാലാവസ്ഥയെയും അതിജീവിച്ച് ഇന്ത്യൻ സേന നടത്തിയ രക്ഷാ പ്രവർത്തനങ്ങളിൽ ഒരു ലക്ഷത്തിലധികം പേരെ രക്ഷപ്പെടുത്തി. രക്ഷാപ്രവർത്തനത്തിനിടെ 20 സൈനികർ മരിക്കുകയുണ്ടായി. മനുഷ്യ സേവന രംഗത്ത് ഇന്ത്യൻ സൈന്യം നടത്തിയ ഈ ഭഗീരഥ സേവനം ഇന്ത്യക്കാരായ എല്ലാവർക്കും അഭിമാനമുണ്ടാക്കുന്നതാണ്. സൈന്യത്തിന് ഇത്തരത്തിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ബൃഹത്തായ ഒരു സേവന ദൗത്യം നിർവഹിക്കാൻ സാധിക്കുമെന്ന് ലോകത്തിന്ന് കാണിച്ചു കൊടുക്കാനും സാദ്ധ്യമായി.

മേഘസ്ഫോടനത്തി (Cloud burst)ന്റെ ഫലമായുണ്ടാകുന്ന മിന്നൽ പ്രളയവും വ്യാപകമായ മണ്ണിടിച്ചിലുമാണ് ഉത്തര ഖണ്ഡ് പ്രളയത്തെ സങ്കീർണമാക്കി തീർത്തത്. മണിക്കൂറിൽ 100 മില്ലീ മീറ്ററിൽ കൂടുതൽ മഴ പെയ്താലാണ് അതിന് മേഘസ്ഫോടനം എന്ന് പറയുക. രണ്ടോ മൂന്നോ ദിവസമെടുത്ത് പെയ്യേണ്ട മഴ മേഘസ്ഫോടനത്തിൽ ഏതാനും മിനുട്ടുകൾക്കുള്ളിൽ പെയ്ത്

തീരുന്നു. മിന്നൽ പ്രളയങ്ങൾക്ക് കാരണങ്ങളിലൊന്ന് മനുഷ്യൻ വരുത്തിവക്കുന്ന വിനയാണെന്ന് വളരെയധികം കാലവസ്ഥാ പഠനങ്ങൾ സൂചിപ്പിക്കുന്നു. മനുഷ്യന്റെ പ്രവർത്തനം മൂലം അന്തരീക്ഷത്തിലുണ്ടാകുന്ന താപ വ്യത്യാസങ്ങളും രാസമാറ്റങ്ങളും മഴയുടെ അളവിൽ ഏറ്റക്കുറച്ചിലുണ്ടാക്കുന്നു. ചൂട് കൂടുന്നതനുസരിച്ച് മഴയുടെ വിതരണത്തിൽ ക്രമമില്ലാത്ത അവസ്ഥ സംജാതമാകുകയും ചെയ്യുന്നു.അന്തരീക്ഷത്തിലെ ജലകണികകളും ഹിമപ്പരലുകളും വഹിച്ചു നിൽക്കുന്ന സിറോക്യുമുലസ് മേഘങ്ങൾ ഒരു പ്രദേശത്ത് കേന്ദ്രീകരിച്ച് ശക്തിയേറിയ മഴക്ക് കാരണമാവുകയും മഴ മണ്ണിലിറങ്ങാതെ ഉപരിതലത്തിൽ കുത്തിയൊലിച്ച് നാശനഷ്ടങ്ങൾ വിതക്കുകയും ചെയ്യുന്നു.

ഭൂമിയിലെ ഏറ്റവും പ്രായം കുറഞ്ഞ പർവത പംക്തികളിലൊന്നാണ് ആറു രാജ്യങ്ങളിൽ വ്യാപിച്ചു കിടക്കുന്ന ഹിമാലയം. ഭൂഫലക വിവർത്തനിക (Plate tectonics ) സിദ്ധാന്തമനുസരിച്ച് 70 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ഇന്തോ ആസ്ത്രേലിയൻ ഫലകം ടിബറ്റൻ ഫലകത്തിൽ ഇടിച്ചു മുകളിലോട്ട് തിരിഞ്ഞു കയറിയാണ് ഹിമാലയം രൂപപ്പെട്ടത്. ഇന്ന് ഹിമാലയം സ്ഥിതി ചെയ്തിരുന്ന സ്ഥലം ടെത്തീസ് സമുദ്രം (Tethys Ocean) എന്ന് ഭൗമശാസ്ത്രജ്ഞന്മാർ പേരിട്ട ഒരു സമുദ്രമായിരുന്നു. അക്കാലത്ത് സമുദ്രത്തിലുണ്ടായിരുന്ന കടൽ തറയാണ് ഹിമാലയമായി മുകളിലെത്തിയതെന്ന് അവർ പറയുന്നു. ഹിമാലയത്തിൽ കണ്ടെത്തിയ സമുദ്രാന്തർ ഭാഗത്തെ ഊറൽ പാറകളുടെ അവശിഷ്ടങ്ങളും കടൽ ജീവികളുടെ ഫോസിലും ഇതാണ് സൂചിപ്പിക്കുന്നത്. വർഷം തോറും ഏകദേശം 60 മില്ലി മീറ്റർ ഹിമവാൻ ഇപ്പോഴും വളരുകയാണ്. ഡക്കാൻ പീഢഭൂമിയേയോ വിന്ധ്യാ ശതപുര പർവത നിരകളെയോ അപേക്ഷിച്ച് പർവതങ്ങളുടെ കൂട്ടത്തിൽ നവജാതനായ ഹിമവാൻ പൊതുവേ ദുർബലനാണ്. ഇത് പോലെയുള്ള മേഘ സ്ഫോടനത്തിന്റെ ഫലമായുണ്ടാകുന്ന മിന്നൽ പ്രളയങ്ങളെ ശക്തമായി ചെറുക്കാനുള്ള കായപുഷ്ടി ഹിമവാന്ന് ഇല്ല. അത് കൊണ്ടാണ് മറ്റ് പർവതളെ അപേക്ഷിച്ച് ഹിമാലയത്തിൽ മണ്ണിടിച്ചിലും ഉരുൾപൊട്ടലും അധികമായി കാണപ്പെടുന്നത്. മാത്രമല്ല വെള്ളത്തിന്റെ ഗതിയെ തടഞ്ഞു കൊണ്ടുള്ള കൂറ്റൻ ഡാമുകൾ ഹിമാലയത്തിൽ ഉയരുന്നതും ലക്കും ലഗാനുമില്ലാത്ത വികസന പ്രവർത്തനങ്ങളും ഹിമാലയത്തിലെ ജനസ്പർശമുള്ള ഭാഗങ്ങളെ കൂടുതൽ ദുർബലമാക്കുന്നു. കൂറ്റൻ ഡാമുകൾ മലകളിൽ ഉണ്ടാക്കുന്ന ജലസമ്മർദങ്ങൾ പല വിധ ദുരന്തങ്ങളിലേക്കും നയിക്കും എന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. പരിസ്ഥിതി ആഘാതപഠനം നടത്താതെയുള്ള റോഡ് നിർമാണവും വെടിമരുന്ന് ഉപയോഗിച്ചുള്ള പാറപൊട്ടിക്കലും തുരങ്ക നിർമാണങ്ങളും പ്രദേശത്തെ വീണ്ടും ദുർബലമാക്കുന്നു. ഉത്തരഖണ്ഡിന്റെ 75 % മുമ്പ് കാടായിരുന്നു. ഹിമാലയൻ ഹിമാനികളിൽ നിന്ന് ഉദ്ഭവിക്കുന്ന ഗംഗയുടെ പോഷക നദികളായ മന്ദാകിനി, അളകനന്ദ, ഭാഗീരഥി എന്നീ നദികൾ ആയിരക്കണക്കിന് വർഷങ്ങളെടുത്ത് വളർത്തി കൊണ്ടുവന്നതാണ് ഈ വന മേഖലകൾ. കുറഞ്ഞകാലം കൊണ്ട് ഇപ്പോൾ അത് 35 ശതമാനമായി ചുരുങ്ങിയിരിക്കുന്നു. മണ്ണൊലിപ്പ് തടയാനും ഉരുൾ പൊട്ടലിനെ ചെറുക്കാനും മറ്റു പാരിസ്ഥിതിക സന്തുലനത്തിനും കാടിനുള്ള പങ്ക് സുവിദമാണല്ലോ. ആ കാടുകളാണ് ഇത്ര വൻ തോതിൽ അവിടെ നശിപ്പിക്കപ്പെട്ടത്.

നാം അനുഭവിച്ച് അടുത്ത തലമുറക്ക് കൈമാറേണ്ട ഈ ഒരേയൊരു ഭൂമി ആർത്തി പൂണ്ട മനുഷ്യൻ സ്വാർഥതക്ക് വേണ്ടി ഞെക്കിപ്പിഴിഞ്ഞ് അനുഭവിച്ച് ചണ്ടിയാക്കി മാറ്റുകയാണ്. നമ്മുടെ ആവാസ വ്യവസ്ഥ വളരെ വളരെ ലോലമാണ്. അതിന്റെ സന്തുലനത്തിലുണ്ടാകുന്ന നേരിയ വ്യതി





യാനം പോലും സംഹാരാത്മകമായ വമ്പിച്ച പാരിസ്ഥിതിക ദുരന്തങ്ങളാണ് ഉണ്ടാക്കുക. മറ്റൊരുകാര്യം ഭൂകമ്പങ്ങൾ, പേമാരി, കൊടുങ്കാറ്റ് മുതലായ പ്രകൃതിയുടെ ക്ഷോഭങ്ങൾ മനുഷ്യന്റെ കൈകടത്തലുകൾ കൊണ്ടും ഇടപെടലുകൾക്കൊണ്ടും മാത്രമുണ്ടാകുന്ന പ്രതിഭാസമല്ല. നമുക്ക് ജ്ഞാതമായതും അജ്ഞാതമായതുമായ പല ഘടകങ്ങൾ ചേർന്ന് പല വിധത്തിൽ പ്രവർത്തിക്കുന്ന പ്രകൃതി നിയമത്തിന്റെ ഒരു വശം മാത്രമാണത്. ഭൂമിയിൽ തന്നെ മനുഷ്യൻ ആവിർഭവിക്കാത്ത കാലത്തും ഇപ്പോഴും മനുഷ്യനില്ലാത്ത ഗ്രഹങ്ങളിലും മനുഷ്യേതരമായ കാരണങ്ങൾ കൊണ്ടും ഇത്തരത്തിൽ സംഹാരാത്മകവും അരേഖീയവും ക്രമമില്ലാതെന്ന് നമുക്ക് തോന്നുന്നതുമായ പ്രതിഭാസങ്ങൾ അരങ്ങേറുന്നു. അത് കൊണ്ട് തന്നെ നമുക്ക് അതിന്റെ പൂർണമായ പ്രവചനം സാധ്യമാവുന്നില്ല. ഇത്തരം പല പ്രതിഭാസങ്ങളുടെയും യഥാർഥ കാരണം ഇന്നും ദുർജ്ഞേയമായി തുടരുന്നു. ഇതിൽ നിന്ന് ഒരു കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ ഈ പ്രപഞ്ച വ്യവസ്ഥ അത്യുന്നതവും അതീവ ധിഷണാ വൈഭവത്തോടുംകൂടിയ ഒരു സ്രഷ്ടാവ് സൃഷ്ടിച്ചതാണ്. അത് ഒരു നിയമം പാലിക്കുന്നുണ്ട്. ആ നിയമം പൂർണമായും നാം അറിയുന്നില്ല. നാം മനസ്സിലാക്കിയ ഭൗതിക പ്രതിഭാസങ്ങളും അതിന്റെ കാര്യകാരണനിയമങ്ങളും മാത്രം ആസ്പദിച്ചല്ല നമ്മുടെ പ്രപഞ്ചം ചലിക്കുന്നത്. ധർമാനുസാരം പ്രവർത്തിക്കുന്ന ഒരു നിയതിയും പ്രപഞ്ച പ്രതിഭാസങ്ങൾക്ക് പിന്നിൽ പ്രവർത്തിക്കുന്നുണ്ട് എന്ന് നാം തിരിച്ചറിയണം. ധർമം ക്ഷയിക്കുമ്പോൾ പ്രകൃതി ക്ഷോഭിതയാവും എന്നത് ചരിത്രത്തിൽ നിന്ന് നാം തിരിച്ചറിഞ്ഞ അലംഘനീയമായ ഒരു അനുഭവ യാഥാർഥ്യമാണ്. തിന്മകൾ അധികരിക്കുമ്പോൾ പ്രകൃതി ക്ഷോഭിക്കുന്നതായി കഴിഞ്ഞ കാലങ്ങൾ സാക്ഷ്യം വഹിക്കുന്നു. തീർച്ചയായും ഇത് ഒരു പ്രത്യേക മതവുമായോ വിശ്വാസവുമായോ ബന്ധപ്പെട്ടതല്ല. ഒരു പ്രത്യേക മതം വിശ്വസിക്കാത്തതു കൊണ്ടുണ്ടാകുന്നതുമല്ല എന്ന വാഗ്ദത്ത മസീഹ് പറഞ്ഞിട്ടുണ്ട്. പൊതുവായി മനുഷ്യ സമൂഹത്തിൽ ഉണ്ടാകുന്ന വ്യാപകമായ ധാർമിക ക്ഷയവുമായി ബന്ധപ്പെട്ടതാണ് ഇത്തരം പ്രകൃതി ക്ഷോഭങ്ങളിൽ ചിലത്. പാപം പെരുകുമ്പോൾ പ്രകൃതി പ്രകമ്പിതമാവുന്നു. എല്ലാമത ഗ്രന്ഥങ്ങളി ലും ധർമോപദേശങ്ങൾക്കൊപ്പം ഇത്തരം നാശത്തിന്റെയും പ്രകൃതി പ്രതിഭാസങ്ങളുടെയും കഥകൾ കാണാം. ഇന്ന് പാകിസ്താനിലും അഫ്ഘാനിസ്താനിലും അമേരിക്കയിലും യുറോപ്പിലും ഇന്ത്യയിലും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾ അത്തരത്തിലുള്ളതാണോ എന്ന് നാം ആത്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു.

മനുഷ്യ കരങ്ങളുടെ പ്രവർത്തനംമൂലം പരിസ്ഥിതിയുടെ സന്തുലനത്തിൽ വ്യതിയാനമുണ്ടായി പാരിസ്ഥിതിക ദുരന്തങ്ങളുണ്ടാകുന്നു. പലപ്പോഴും ഒന്ന് മറ്റൊന്നിന് അനുപൂരകം തന്നെയാണ്. ധാർമികമായ അപചയമാണ് അത്യാർത്തിയിലേക്ക് നയിക്കുന്നതും പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യാൻ പ്രേരിപ്പിക്കുന്നതും. പാരിസ്ഥിതിക നിയമങ്ങളുടെ ലംഘനങ്ങൾ ഉണ്ടാകുമ്പോൾ സംഭവിക്കുന്നത് പോലെ ധാർമിക നിയമങ്ങളുടെ ലംഘനങ്ങളിലും പ്രകൃതി പ്രക്ഷുബ്ധമാവും. ഈ രണ്ടർഥത്തിലും നാം പ്രകൃതി പ്രതിഭാസങ്ങളെ നോക്കിക്കാണണം. പ്രകൃതിയിൽ എല്ലായിടത്തും കാണുന്ന നീതിയുടെ അതിലോലമായ ഈ തുലാസിന്റെ ക്രമവ്യ

വസ്ഥക്ക് ഭംഗമുണ്ടാക്കരുത് എന്ന് ഖുർആൻ പറയുന്നു:‘*ലതകളും വൃക്ഷങ്ങളും അനുസരിക്കുന്നു. ആകാശത്തെ അവൻ ഉയർത്തുകയും സംന്തുലനം സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ സംന്തുലനത്തിൽ ക്രമം തെറ്റിക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതി പൂർവ്വം സംന്തുലനം നിലനിർത്തുക. നിങ്ങൾ അളവിൽ കുറവ് വരുത്തുകയുമരുത്. ഭുമിയെ അവൻ എല്ലാ സൃഷ്ടി ജാലങ്ങൾക്കും വേണ്ടി സ്ഥാപിച്ചു'(അർറഹ്മാൻ 55:7-11)*

എല്ലാ മത ഗ്രന്ഥങ്ങളും ധർമ്മതത്ത്വ വേദികളും പറഞ്ഞിട്ടുള്ളത് അതാണ്. അത് കൊണ്ട് ഓരോ പ്രകൃതി ദുരന്തങ്ങൾ വരുമ്പോഴും മത ഭേദമില്ലാതെ നാം സമൂഹത്തിന്റെ മൊത്തത്തിലുള്ള ധാർമിക വിശുദ്ധിയെ സംബന്ധിച്ച് ആത്മ പരിശോധന നടത്തേണ്ടിയിരിക്കുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു. *‘മനുഷ്യരുടെ കരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കടലിലും കരയിലും നാശം വെളിപ്പെട്ടിരിക്കുന്നു. തൽഫലമായി അവൻ പ്രവർത്തിച്ചതിന്റെ ഫലം അല്ലാഹു അവരെ അനുഭവി പ്പിക്കുന്നു.’ (വിശുദ്ധ ഖുർആൻ, അർറൂം 30:42)* ഈ പ്രളയകെടുതിയുടെ നാശത്തിൽ നിന്ന് ദൈവം ഈ നാടിന് വേഗം സുരക്ഷയും ശാന്തിയും ക്ഷേമവും വിശുദ്ധിയും നൽകി അനുഗ്രഹിക്കട്ടെ.

## പരിസ്ഥിതി ദിനാചരണം നടത്തി

മൂവാറ്റുപുഴ: മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരളയുടെ ആഭിമുഖ്യത്തിൽ ലോക പരിസ്ഥിതി ദിനാചരണം വൃക്ഷത്തൈകൾ നട്ട് കൊണ്ട് സമുചിതം ആചരിച്ചു. ജൂൺ 5-ാം തീയതി മൂവാറ്റുപുഴ ഗവൺമെന്റ് ഹോമിയോ ആശുപത്രി അങ്കണത്തിൽ വെച്ച് സംഘടിപ്പിച്ച ചടങ്ങിൽ മുനിസിപ്പൽ ചെയർമാൻ ശ്രീ. യു. ആർ. ബാബു പരിസ്ഥിതി ദിനാചരണം ഉദ്ഘാടനം ചെയ്തു. എല്ലാ മതസംഘടനകളും ഇത്തരത്തിലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണെന്നും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമാണെന്നും അദ്ദേഹം പറഞ്ഞു. വൃക്ഷങ്ങൾ നട്ട്പിടിപ്പിക്കുന്നത് വലിയയൊരു സൽകർമ്മമാണെന്നും സസ്യലതാദികൾ മനുഷ്യന്റെ ശ്വാസകോശങ്ങളെപ്പോലെയാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതെന്നും പരിപാടിയിൽ അദ്ധ്യക്ഷത വഹിച്ച സൗത്ത് കേരള ഖാഇദ് ഇ. എച്ച്. നജീബ് സാഹിബ് പറഞ്ഞു. മെഡിക്കൽ ഓഫീസർ പി. ആർ. ശിവദാസ്, കൗൺസിലർ ശ്രീ. അനിൽ കുമാർ, മൂവാറ്റുപുഴ ജമാഅത്ത് പ്രസിഡന്റ് വി. എൻ ശംസുദ്ദീൻ സാഹിബ്, മൗലവി അമീറുദ്ദീൻ സാഹിബ് എന്നിവർ പ്രസംഗിച്ചു. ഇരുനൂറ്റി അമ്പതോളം വൃക്ഷത്തൈകൾ എറണാകുളം മേഖലയിൽ വിതരണം ചെയ്തു.

ബി.എ.മുഹമ്മദ് നജീബ്,
എറണാകുളം

## ദഅ്‌വത്തെ ഇലല്ലാ ഏകദിന ക്യാമ്പ്

കരുളായി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ദഅ്‌വത്തെ ഇലല്ലാ ഏകദിന ക്യാമ്പ് മലപ്പുറം മേഖല അമീർ പി. മുഹമ്മദലി മാസ്റ്റർ സാഹിബ് ഉദ്ഘാടനം ചെയ്തു. കരുളായി അമീർ സി. എച്ച് സിദ്ദീഖ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മൗലവി മുഹമ്മദ് സലിം സാഹിബ് കൊടുങ്ങല്ലൂർ, മദാർ അബ്ശുഖൂർ പഴയങ്ങാടി, മൗലവി സി. പി. മൊയ്തീൻ കുട്ടിസാഹിബ്, മൗലവി മുഹമ്മദ് ഇസ്മായിൽ സാഹിബ് എന്നിവർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസെടുത്തു. കേരളത്തിന്റെ വിവധ ഭാഗങ്ങളിൽ നിന്ന് അഹ്മദിയ്യത്ത് സ്വീകരിച്ച വ്യക്തികൾ അവരുടെ അനുഭവങ്ങൾ പങ്കുവെച്ചു. തുടർന്ന് നടന്ന ഇസ്‌ലാം അഹ്മദിയ്യത്ത് എന്ന ഡോക്യുമെന്ററി പ്രദർശനം സദസ്യരെ ആകർശിച്ചു.

## തഹ്‌രീക്ക് ജദീദ്: ഒരു ഓർമപ്പെടുത്തൽ

പരിശുദ്ധ റമദാൻ സമാഗതമാ യിരിക്കുന്നു. ലോകം മുഴുവൻ ഇസ്‌ലാം പ്രചരിപ്പിക്കാൻ വേണ്ടിയുള്ള ചരിത്രപ്രാധാന്യമുള്ളതും പരിപാവനവുമായ ഒരു ദൗത്യത്തിനാണ് തഹ്‌രീക്ക് ജദീദ് സമർപ്പിതമായിട്ടുള്ളത്. റമദാനിലെ വ്രതം അനുഗ്രഹീത പൂർണമാവാൻ തഹ്‌രീഖ് ജദീദ് പദ്ധതിയിൽ ഭാഗഭാക്കാകേണ്ടതിന്റെ ആവശ്യകതയെ പറ്റി മുസ്‌ലിഹ് മൗഊദ് പ്രത്യേകം ഓർമിപ്പിച്ചത് അനുസ്മരിക്കുക. നോമ്പുകാരൻ കൃതജ്ഞതാ ഭരിതനാകുന്ന റമദാന്റെ അവസാവത്തെ പത്തിൽ തഹ്‌രീക്ക് ജദീദിലേക്ക് പൂർവാധികം ഉദാരമായി ധനത്യാഗം ചെയ്യാൻ അവിടുന്ന് അഭ്യർഥിച്ച കാര്യവും ഇവിടെ അനുസ്മരിക്കുന്നു. ഈ പദ്ധതിയിലേക്ക് വാഗ്ദാനം ചെയ്‌വർ കുടിശ്ശിക അടച്ചു തീർത്ത് പുതിയ വാഗ്ദാനങ്ങൾ നൽകി ദൈവികവും ഏറെ പുണ്യകരവുമായ ഈ പദ്ധതിയുടെ വിജയത്തിന്നായി സഹകരിക്കുക.

## നായിബ് വക്കീലുൽ മാൽ



മൗലവി എസ്. എം. ബഷീറുദ്ദീൻ സാഹിബിനെ (പാലക്കാട്) ഭാരത തഹ്‌രീഖ് ജദീദിന്റെ നാഇബ് വകീലുൽമാൽ ആയി ഖലീഫത്തുൽ മസീഹ്(അയ്യദഹു...)നിയമിച്ചിരിക്കുന്നു. 2001 ൽ ഖാദിയാൻ ജാമിഅത്തുൽ മുബശ്ശിരീനിൽ നിന്നും ബിരുദം നേടിയ അദ്ദേഹം 2005 വരെ ഖാദിയാനിൽ ജാമിഅയിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിക്കുകയുണ്ടായി. 2005 ൽ മുതൽ കേരളം, തമിഴ്നാട്, ആന്ധ്ര, കർണ്ണാടക, ഒറീസ്സ എന്നീവിടങ്ങളിൽ തഹ്‌രീഖ് ജദീദ് ഇൻസ്‌പെക്ടർ ആയി സേവനമനുഷ്ഠിച്ചുവരികയായിരുന്നു. ആദ്യ ഘട്ടത്തിൽ അദ്ദേഹം ഒറീസ, മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, ആന്ധ്രപ്രദേശ്, കർണാടക, കേരളം, ലക്ഷദ്വീപ്, തമിഴ്നാട്, പോണ്ടിച്ചേരി, അന്തമാൻ നിക്കോബാർ എന്നീ സ്ഥലങ്ങളിലെ ശിക്ഷണം, സാമ്പത്തികം തുടങ്ങിയ കാര്യങ്ങളുടെ ചുമതല വഹിക്കുന്നതായിരിക്കും. പാലക്കാട് ജമാഅത്തംഗം കെ. മുഹമ്മദ് സാഹിബിന്റെയും മഹ്മൂദാ സാഹിബയുടെയും മകനാണ്.

INTERNATIONAL
Muslim Television Ahmadiyya International




കരുളായിൽ നടന്ന ദഅ്‌വത്തെ ഇലല്ലാ ഏകദിന ക്യാമ്പിൽ സി. എച്ച് സിദ്ധീഖ് സാഹിബ് സംസാരിക്കുന്നു




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ സൗത്ത് കേരള സംഘടിപ്പിച്ച ലോക പരിസ്ഥിതി ദിനാചരണ പരിപാടി മൂവാറ്റുപുഴ മുനിസിപ്പൽ ചെയർമാൻ ശ്രീ. ആർ. ബാബു ഉദ്ഘാടനം ചെയ്യുന്നു

## ഡോക്ടറേറ്റ് നേടി



ന്യൂഡൽഹിയിലെ കേന്ദ്ര സർവകലാശാലയായ ജാമിഅ മില്ലിയ ഇസ്‌ലാമിയ സർവകലാശാലയിൽ നിന്നും അറബി ബാഷയിൽ ഡോക്ടറേറ്റ് നേടി ' കേരളത്തിലെ അറബി എഴുത്തുകാരുടെ സാമ്രാജ്യത്വ വിശുദ്ധ ചേർത്ത് നില്പ്പ്' എന്ന വിഷയത്തിൽ പ്രൊഫ. ഷഫീഖ് അഹ്മദ് ഖാൻ ഡോ. അബ്ദുൽ മാജിദ് ഖാസി എന്നിവരുടെ കീഴിലായിരുന്നു ഗവേഷണം നടത്തിയത്. കോഴിക്കോട് സർവകലാശാല എം. എ. അറബിക് ബി. എ. അഫ്സലുൽ ഉലമാ അറബിക് എന്നിവയിൽ ഒന്നാം റാങ്കും നേടിയിട്ടുണ്ട്. പത്തപ്പിരിയം ജമാഅത്ത് അംഗമാണ്. പരേതനായ വീരാൻകുട്ടി മുസ്‌ലിയാരുടേയും ആയിഷയുടേയും മകനാണ് ഭാര്യ ഹാനിയ Bds വിദ്യാർത്ഥിനായാണ്

2013 July

Vol: 85 Issue.7
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**

